# വെളിച്ചത്തിലേക്ക നടത്തുന്നവർ

## ദീപ്തസംഭാഷണങ്ങൾ



മനോജ് കെ. പുതിയവിള

# വെളിച്ചത്തിലേക്കു നടത്തുന്നവർ

## ദീപ്തസംഭാഷണങ്ങൾ

മനോജ് കെ. പുതിയവിള

2021
സായാഹ്ന ഫൗണ്ടേഷൻ
തിരുവനന്തപുരം

**Veḷiccathilēkku naṭathunnavar — dīptasambhāṣaṇangaḷ**

(Malayalam: Interviews)

Manoj K. Puthiyavila

First published: in various print media as provided at the end of each chapter

Sayahna digital edition has been published in 2021.

Copyright © 2021, Manoj K. Puthiyavila. All the graphic material used in this book, except for chapter 4, had been provided by the author. The graphic materials used in chapter 4 were provided by C. V. Radhakrishnan.

These electronic versions are released under the provisions of Creative Commons Attribution By Non-commercial Share Alike license for free download and usage.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2021. The HTML version was generated by LuaTeX from the same LaTeX sources. The base font used was traditional script of RIT Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The cover was designed by the famed calligrapher, Narayana Bhattathiri.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# ആമുഖം

## കൗതുകക്കലവറയുടെ താക്കോൽ

പലതരത്തിൽ സവിശേഷതകളുള്ള ആറ് അഭിമുഖങ്ങളാണ് ഈ പുസ്തകം. ചില തു ജീവിതംകൊണ്ട്, ചിലതു ജീവിതദർശനംകൊണ്ട്, ചിലതു കർമ്മമണ്ഡലത്തിന്റെ വ്യത്യസ്തതകൊണ്ട്. ദൃശ്യ-അച്ചടിമാദ്ധ്യമങ്ങൾക്കായി ചെയ്തിട്ടുള്ള ധാരാളം അഭിമുഖ ങ്ങളിൽ ഏറ്റവും കൗതുകവും പ്രചോദനവും പകരുന്നവയും കൂടുതൽപേർ വായിക്ക ണം എന്നു തോന്നുന്നവയും തെരഞ്ഞെടുക്കുകയാണു ചെയ്തത്. ഓരോ ചോദ്യോ ത്തരത്തിലും വായനക്കാർക്കു കൗതുകം തോന്നുന്ന എന്തെങ്കിലും ഉണ്ട് എന്നു തോ ന്നിയ അഭിമുഖങ്ങൾ മാത്രമാണ് എടുത്തത്. ആറുപേരും ആറു വ്യത്യസ്തമേഖലക ളിൽ ഉള്ളവർ. ആദ്യം അവരെ ഒന്നു പരിചയപ്പെടുത്താം.

ഡച്ച് റാണി നൈറ്റ്ഹുഡ് പദവി നല്കി ആദരിച്ച, 30 വർഷത്തിനിടെ ഏറ്റവും സ്വാധീനിച്ച 15 പേരിൽ ഒരാളായി ചൈനാഭരണകൂടം പ്രഖ്യാപിച്ച, നൊബെയ്ൽ സമ്മാനത്തിനു നാമനിർദ്ദേശം ചെയ്യപ്പെട്ട, അന്ധയായ ജർമ്മൻ വനിത തിരുവന ന്തപുരത്തെ വെള്ളായണിയിൽ വലിയൊരു സ്ഥാപനം പണിതു ലോകമാകെയു ള്ള ദുരിതബാധിതസമൂഹങ്ങൾക്കായി സാമൂഹികസംരംഭങ്ങൾ പടുത്തുയർത്താൻ കഠിനാദ്ധ്വാനം ചെയ്യുന്നത് എത്രപേർക്കറിയാം! കണ്ണിൽ പതിയുന്ന തരത്തിൽ മാത്രം ലോകം കാണാൻ വിധിക്കപ്പെട്ട നിങ്ങളെക്കാൾ എത്രയോ ഉയരെയാണു മനക്കണ്ണിൽ അനന്തവൈവിദ്ധ്യങ്ങളോടെ ലോകം കാണാൻ കഴിയുന്ന ഞാൻ എന്നു ചോദിച്ചു നമ്മെ സ്തബ്ധയാക്കുന്ന അവർ അന്ധതയെ വെന്നു നീന്തലും കുതി രസവാരിയും വരെ അഭ്യസിച്ചതടക്കമുള്ള ആ ത്രസിപ്പിക്കുന്ന കഥ ആരെയാണു വിസ്മയിപ്പിക്കാത്തത്! സെബ്രിയെ ടെൻബേർക്കെൻ എന്ന ഈ മഹതി നടത്തുന്ന സ്ഥാപനത്തിനും അവിടെ ആണ്ടോടാണ്ടു പരിശീലനത്തിനെത്തുന്ന പരദേശികൾ ക്കും അവരെ തെരഞ്ഞെടുക്കുകയും പരിശീലിപ്പിക്കുകയും ചെയ്യുന്ന രീതികൾക്കും പോലുമുണ്ട് കൗതുകപ്പൊലിമ.

സ്റ്റീഫൻ ഹോക്കിങ്ങിനു വന്ന മോട്ടോർ ന്യൂറോൺ രോഗം ബാധിച്ചു പാതിശ രീരം തളർന്ന, 70-കളിലെന്നോ മരിച്ചുപോകുമെന്ന് ദില്ലി ഓൾ ഇൻഡ്യാ ഇൻസ്റ്റി റ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് വിധിയെഴുതിയ, സി.വി.ആർ. എന്ന സി.വി. രാ ധാകൃഷ്ണനാണ് ലോകത്തെ നൂറിൽപ്പരം സമുന്നതമായ ശാസ്ത്ര, ഗണിത ജേർണലു കൾ തിരുവനന്തപുരത്തെ മലയിൻകീഴിലിരുന്നു രൂപകല്പന ചെയ്യുന്നത് എന്നതും

ആ ഗ്രാമത്തിൽപ്പോലും പലർക്കും അറിയാത്ത കാര്യമാണ്. നൂറിലേറെ ഡിസൈനർമാരെ ടെക് എന്ന സവിശേഷ ഡിസൈൻ സോഫ്റ്റ്‌വെയർ പഠിപ്പിച്ചു തൊഴിൽ നല്കി സി.വി.ആർ. നടത്തുന്ന 'റിവർ വാലി' എന്ന വലിയ സ്ഥാപനംപോലും കൗതുകങ്ങളുടെ കലവറയാണ്—അതിന്റെ നിർമ്മാണം മുതൽ പ്രവർത്തനശൈലിവരെ. ലോകത്തിനുതന്നെ പകർത്താവുന്ന പലതുമുണ്ടവിടെ.

ഇൻഡ്യയിൽ സ്വതന്ത്രസോഫ്റ്റ്‌വെയർ പ്രസ്ഥാനത്തിനു തുടക്കമിട്ട, അതിന്റെ പ്രചാരണത്തിനും ടെക്കിന്റെ വികാസത്തിനും അമൂല്യസംഭാവനകൾ നല്കിയ, ഓൺലൈൻ മലയാളപ്രസാധനത്തിൽ പുതിയ വഴി തുറന്ന 'സായാഹ്ന ഫൗണ്ടേഷ'ന്റെ പ്രണേതാവായ ഈ നിശബ്ദവിപ്ലവകാരിയുടെ ജീവിതവും പ്രവർത്തനങ്ങളും സ്വാതന്ത്ര്യദർശനങ്ങളും വിശാലമായൊരു പാഠപുസ്തകംതന്നെയാണ്. ശാസ്ത്രീയമായ വിവരസഞ്ചയനത്തിനും മലയാളം ഭാഷാക്കമ്പ്യൂട്ടിങ്ങിനും പ്രസാധനത്തിനും മാർഗ്ഗദർശകമാകുന്ന ധാരാളം അറിവുകൾ സുദീർഘമായ അഭിമുഖത്തിലൂടെ അദ്ദേഹം പങ്കുവച്ചത് എനിക്കുതന്നെ വലിയ വെളിച്ചമാണു പകർന്നത്.

സമരം ചെയ്യാനും പഠിക്കേണ്ടതുണ്ടെന്നും കഴിഞ്ഞ മുക്കാൽ നൂറ്റാണ്ടിനിടെ ലോകത്തെ മാറ്റിമറിച്ച സമരങ്ങൾ മിക്കതും ഇങ്ങനെ ശാസ്ത്രീയപരിശീലനം നേടി സംഘടിപ്പിച്ചതാണെന്നുമുള്ള അറിവ് അക്ഷരാർത്ഥത്തിൽ എന്നെ വിസ്മയിപ്പിച്ചു. മാർട്ടിൻ ലൂഥർ കിങ് ജൂനിയറിന്റെ നേതൃത്വത്തിൽ അമേരിക്കയിൽ നടന്ന പൗരാവകാശപ്രക്ഷോഭം (Civil Rights Movement) അവർ സംഘടിപ്പിച്ചത് പലസംഘങ്ങളായി ഇൻഡ്യയിൽ വന്നു ഗാന്ധിജിയുടെ അഹിംസാത്മകസമരരീതികൾ പഠിച്ചുകൊണ്ടുപോയി പകർത്തിയാണെന്ന് അതിൽ പങ്കാളിയായ പ്രൊഫ: മേരി എലിസബെത്ത് കിങ് അഭിമുഖത്തിൽ വിവരിക്കുന്നു. ആ അറിവാണു ലാറ്റിനമേരിക്കയിലെ പോരാട്ടങ്ങൾക്കു പാഠമായത്. ജർമ്മനിയുടെ ഏകീകരണവും സോവ്യറ്റ് യൂണിയനിൽനിന്നുള്ള അംഗരാജ്യങ്ങളുടെ വിമോചനവും ഫലസ്തീനിലെ അനന്തമായിനീളുന്ന വിമോചനപ്പോരാട്ടവും മുതൽ അമേരിക്കയിലെ ഒക്കുപ്പൈ സമരവും മുല്ലപ്പൂവിപ്ലവവും ദശാബ്ദങ്ങളായി വേരുറച്ചിരുന്ന ഏകാധിപത്യങ്ങളെ തകർത്തെറിഞ്ഞ മറ്റു സമീപകാലപ്രക്ഷോഭങ്ങളുംവരെ സംഘടിപ്പിക്കപ്പെട്ടത് ഗാന്ധിയൻ സമരരീതികൾ പുസ്തകം വച്ചു പഠിച്ചും ക്ലാസ്സും ശില്പശാലയും നടത്തിയും സമാനസമരങ്ങളിൽ പങ്കെടുത്തും പരിശീലിച്ചാണെന്നതും നമ്മിൽ ഒട്ടുമിക്കവർക്കും പുതിയ അറിവാകാനാണു സാദ്ധ്യത.

ഗാന്ധിയൻ സമാധാനസമരങ്ങൾക്ക് ആറുതരം പരിസമാപ്തികൾ ഉണ്ടാകാമെന്നാണ് സമരം ചെയ്യാൻ പഠിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നവർ വിലയിരുത്തിയിട്ടുള്ളത്. അതിൽ മനഃപരിവർത്തനം (conversion) എന്ന അന്ത്യം ഗാന്ധിജിക്കുശേഷം നടന്ന സമരങ്ങളിൽ സംഭവിച്ചിട്ടില്ല. ഗാന്ധിജി പങ്കു വഹിച്ച സമരങ്ങളിൽത്തന്നെ അതു സംഭവിച്ചതായി രേഖകൾ പറയുന്നതു വൈക്കം സത്യഗ്രഹത്തിൽ മാത്രം. അവിടെ യഥാർത്ഥത്തിൽ ഇതു സംഭവിച്ചോ എന്നു പരിശോധിക്കാനായിമാത്രം 15 കൊല്ലം കേരളത്തിൽ ഗവേഷണം നടത്തി ഈ അമേരിക്കൻ പ്രൊഫസർ! അതിന്റെ കണ്ടെത്തലുകൾ ഗവേഷണഗ്രന്ഥമായി പ്രസിദ്ധീകരിച്ചു. അത്രമാത്രം പ്രാധാന്യമുണ്ട് നാമൊക്കെ പരണത്തുവച്ച ആ സമരത്തിന്! അത്രമാ

ത്രും അക്കാദമികമായി പഠനഗവേഷണങ്ങൾ നടക്കുകയാണ് ഗാന്ധിയൻ സമരത്തിന്റെ മേഖലയിൽ.

വൈക്കം സത്യഗ്രഹത്തിന്റെ ആ പുനർസന്ദർശനത്തിനൊപ്പം ഗാന്ധിവഴിയിൽ അമേരിക്കയിൽ നടത്തിയ 'നിസ്സഹകരണപ്രസ്ഥാന'ത്തിന്റെയും 'നിവർത്തനപ്രക്ഷോഭ'ത്തിന്റെയും 'കുത്തിയിരിപ്പുസത്യഗ്രഹ'ത്തിന്റെയുമൊക്കെ കഥകൾ മേരി കിങ് പങ്കുവയ്ക്കുന്നതും കൗതുകകരമാണ്—വിശേഷിച്ചും അവയിൽ പങ്കെടുക്കുകയും നേതൃദൗത്യം നിർവ്വഹിക്കുകയും ചെയ്ത അനുഭവതീക്ഷ്ണതയോടെ. 1966-ൽ ഫെമിനിസത്തിന്റെ രണ്ടാം തരംഗത്തിനു തന്റെ ചിന്തകൾ തിരികൊളുത്തിയ കഥയും മാർട്ടിൻ ലൂഥർ കിങ്ങ് ജൂനിയറിന്റെ ശിഷ്യയും സഹപ്രവർത്തകയും അമേരിക്കൻ പ്രസിഡന്റായിരുന്ന ജിമ്മി കാർട്ടറുടെ സുഹൃത്തും സഹപ്രവർത്തകയും ഉപദേഷ്ടാവും ഒക്കെയായ ഈ പ്രമുഖരാഷ്ട്രീയശാസ്ത്രജ്ഞ പങ്കുവയ്ക്കുന്നുണ്ട്. ഐക്യരാഷ്ട്രസഭയ്ക്കു കീഴിൽ കോസ്റ്റാ റിക്കയിലുള്ള യൂനിവേഴ്സിറ്റി ഫോർ പീസിലെ പീസ് ആൻഡ് കോൺഫ്ലിക്റ്റ്സ് വിഭാഗം പ്രൊഫെസ്സറായ ലോകപ്രശസ്തസമാധാനപ്രവർത്തക സ്വയംതന്നെ ഒരു വിസ്മയമാണ്.

നാമെല്ലാം നന്നായി അറിയുന്ന, രണ്ടുവട്ടം കേരളത്തിന്റെ ധനമന്ത്രിയായ, തോമസ് ഐസക്കിന്റെ ജീവിതകഥ പക്ഷെ, നമ്മിൽ എത്രപേർക്കറിയാം? അതു കേൾക്കാൻ താത്പര്യമില്ലാത്ത ഏതെങ്കിലും കേരളീയർ ഉണ്ടാകുമോ? പുരോഹിതനും ട്രേഡ് യൂണിയൻ നേതാവുമൊക്കെ ആകാൻപോയയാൾ അക്കാദമീഷ്യനും വികസനവിദഗ്ധനും മന്ത്രിയുമൊക്കെയായ സംഭവബഹുലമായ ആ കഥ ആദ്യമായി വിശദമാക്കപ്പെട്ടത് എന്റെ അഭിമുഖത്തിലാണ്. സ്വന്തം അപ്പച്ചന്റെ തൊണ്ടുതല്ലുമില്ലിലെ സമരം ഉദ്ഘാടനം ചെയ്തത്, തന്നെ കൊല്ലാൻ വന്ന ഗുണ്ടകളാണെന്നറിയാതെ അവർ വന്ന കാറിൽ തലയിട്ടു നോക്കിയത്, ആളെ തിരിച്ചറിഞ്ഞേക്കും എന്നു തോന്നിയപ്പോൾ നടത്തിയ ഓട്ടമത്സരം, തന്നെ കിട്ടാതെ ആ സംഘം മറ്റൊരാളെ വധിച്ചത്, മെഡിക്കൽ ട്രസ്റ്റ് ആശുപത്രിയുടെ മതിൽ ചാടിക്കടന്നത്, സി.എൻ. ശ്രീകണ്ഠൻ നായർ കിടന്ന ഐ.സി.യു.വിലെ കക്കൂസിൽ ഒളിച്ചത്, അടിയന്തരാവസ്ഥക്കാലത്ത് അല്പം വേഷമൊക്കെ മാറി നാട്ടിൽ നടക്കുന്നതിനിടെ അബദ്ധത്തിൽ അറസ്റ്റിലായത്, കയ്യാമം വച്ചു പരസ്യമായി നടത്തിയത്, പൊലീസ്മർദ്ദനം, ജയിൽവാസം, ജീവിതം വഴിമാറ്റിയ ബസ്സപകടവും ഉറ്റമിത്രത്തിന്റെ മരണവും...

ഈ കൗതുകങ്ങൾക്കപ്പുറം ജനകീയാസൂത്രണകാലത്തും പിന്നെ മന്ത്രിയായപ്പോൾ ലോട്ടറിയുമായി ബന്ധപ്പെട്ടും ഒക്കെയുണ്ടായ വിവാദങ്ങൾ, സി.പി.ഐ.-(എം.)-ൽ ഉണ്ടായ വിഭാഗീയതയും തെറ്റായ പ്രവണതകളും തെറ്റുതിരുത്തലും, ഇ.എം.എസ്. അടക്കം പാർട്ടിയിലെയും മറ്റുരംഗങ്ങളിലെയും പ്രമുഖരുമായുള്ള ബന്ധം, സംസ്ഥാനത്തെ ധനകാര്യം എന്നിങ്ങനെ പൊതുതാത്പര്യമുള്ള ഒട്ടനവധി കാര്യങ്ങളും അഭിമുഖത്തിൽ സവിസ്തരം ചർച്ച ചെയ്യുന്നുണ്ട്. ആരോഗ്യംപോലും നോക്കാതെ ഊണും ഉറക്കവും ഉപേക്ഷിച്ചു നാടിനുവേണ്ടി കഷ്ടപ്പെട്ട നാളുകളിൽ അമേരിക്കൻ ചാരനെന്നുവരെ വിളിക്കപ്പെട്ടപ്പോഴുണ്ടായ വേദനയും ശിഥിലമായ കുടുംബബന്ധവും പണമില്ലാത്തതിനാൽ മക്കളുടെ പഠനത്തിൽ സഹായിക്കാനാകാതെപോയ നിസ്സഹായതയുമൊക്കെ സംഭാഷണത്തിൽ കടന്നുവരുന്നുണ്ട്.

മറ്റൊരു അഭിമുഖം കേരളസമൂഹത്തെപ്പറ്റിയുള്ള വ്യത്യസ്തമായ നിരീക്ഷണങ്ങളും നിലപാടുകളും അടങ്ങുന്നതാണ്. സാമൂഹികശാസ്ത്രജ്ഞനും വിദ്യാഭ്യാസചിന്തകനും ശസ്ത്രസാഹിത്യകാരനും എൻജിനീയറിങ് അദ്ധ്യാപകനും കേരള ശാസ്ത്രസാഹിത്യപരിഷത്തിന്റെ മുൻപ്രസിഡന്റും ഒക്കെയായ ഡോ: ആർ.വി.ജി. മേനോനാണ കേരളം എന്തുകൊണ്ട് ഇങ്ങനെയൊക്കെ ആയിപ്പോകുന്നു എന്നു പരിശോധിക്കുന്നത്. വിശ്വാസം, ദൈവം, ജാതീയത, മതാത്മകത, യുക്തിചിന്ത, ശാസ്ത്രബോധം, പരിസ്ഥിതിബോധം, ശാസ്ത്രവിദ്യാഭ്യാസം, ഗവേഷണമടക്കമുള്ള ഉന്നതവിദ്യാഭ്യാസം, സ്വാശ്രയക്കച്ചവടം, ഒക്കെ പരിശോധനാവിഷയമാകുന്നു.

കേരളത്തിലെ സാംസ്കാരിക-നവോത്ഥാനപ്രസ്ഥാനങ്ങൾക്കു സംഭവിച്ച വിപര്യയം, രാഷ്ട്രീയപ്രസ്ഥാനങ്ങൾ തെരഞ്ഞെടുപ്പുരാഷ്ട്രീയത്തിന്റെ സമ്മർദ്ദങ്ങൾക്കു വശംവദരാകുന്നതിന്റെ അപകടങ്ങൾ, കേരളീയരുടെ സോഷ്യലിസ്റ്റ് സങ്കല്പത്തിലെ ഗുണദോഷങ്ങൾ, സമഗ്രസമീപനമില്ലാത്ത ഏകവിഷയപ്രസ്ഥാനങ്ങൾ, കേരളീയർ നിലപാടുകളും സമീപനങ്ങളും രൂപപ്പെടുത്തുന്നതിലെ ശാസ്ത്രേതരരീതി, ശാസ്ത്രസാഹിത്യപരിഷത്തും യുക്തിവാദവും, സയൻസും ദൈവവും, ആർ.വി.ജി.യുടെ വിശ്വാസം, പുതുക്കാലപ്രസ്ഥാനങ്ങൾ എന്നിങ്ങനെയുള്ള കാര്യങ്ങളിൽ രസകരവും ഗൗരവതരവുമായ നിരീക്ഷണങ്ങളാണ് ആർ.വി.ജി.യുടേത്.

പ്രമുഖ നാടകപ്രവർത്തകനായ പ്രശാന്ത് നാരായണന്റെ ജീവിതനാടകവും നാടകജീവിതവും ഒരുപോലെ കൗതുകകരമാണ്. പത്തൊമ്പതാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ ഭ്രഷ്ടു കല്പിക്കപ്പെട്ടു നിലമ്പൂരിൽനിന്നു വർക്കലയിലെത്തിയ കഥകളിവേഷക്കാരൻ രാഘവപ്പിഷാരടിയുടെ മൂന്നാം തലമുറക്കാരനായ, തിരുവിതാംകൂർ സർവ്വകലാശാലയിൽ സാംസ്കാരികവിഭാഗം ഡീനും *കഥകളി* എന്ന ബൃഹദ്ഗ്രന്ഥത്തിന്റെയും *സ്യമന്തകം* ആട്ടക്കഥയുടെയും 32 നോവലുകളുടെയും കർത്താവുമായ ജി. രാമകൃഷ്ണപിള്ളയുടെ ചെറുമകനും 14 ആട്ടക്കഥ എഴുതിയ, കഥകളിസാഹിത്യകാരനും നിരൂപകനും ആയിരുന്ന വെള്ളായണി നാരായണൻ നായരുടെ മകനുമായ പ്രശാന്തിന്റെ രൂപപ്പെടൽതന്നെ സവിശേഷതകളുള്ളതാണ്. തെക്കൻ, വടക്കൻ ചിട്ടകളിൽ രണ്ടിലും കളിക്കുന്ന 'ഭാരതാന്തം' എന്ന ആട്ടക്കഥ പതിനേഴാം വയസിൽ എഴുതിയ ഇദ്ദേഹത്തിന്റെ 29 നാടകങ്ങളിൽ ഒന്നായ *ഛായാമുഖി*യിലാണ് മോഹൻലാലും മുകേഷും അഭിനയിച്ചത്. മോഹൻലാലിന്റെ സ്നേഹാദരങ്ങൾ കാവലായിട്ടും ചില സിനിമക്കാരിൽനിന്നുണ്ടായ തിക്തമായ അനുഭവങ്ങൾ പ്രശാന്ത് ഇതിൽ തുറന്നുപറയുന്നു.

അമിതമദ്യപാനവും അരാജകത്വവും തകർത്ത ജീവിതവും ആസന്നമരണനായി മോഹൻലാലിന്റെ കാറിൽ ആശുപത്രിയിൽ എത്തിയതും ഓർമ്മയില്ലാതെ ദിവസങ്ങൾ അവിടെ കിടന്നതും അതിൽനിന്നുണ്ടായ രണ്ടാം ജന്മവും കർമ്മകാണ്ഡത്തിന്റെ വീണ്ടെടുപ്പുമൊക്കെ ഇഴചേരുന്ന ആ സംഘർഷാത്മകനാടകം ആദ്യമായി തുറന്നെഴുതപ്പെട്ടത് ഈ അഭിമുഖത്തിലാണ്. ഗുരുകുലരീതിയിലുള്ള കഥകളിപഠനത്തിന്റെ തീവ്രാനുഭവങ്ങളും സഹപാഠികളുടെയും ചില ഗുരുനാഥരുടെയും ഈഗോയ്ക്കിരയായി പൂർത്തിയാക്കാൻ കഴിയാതെപോയ സ്കൂൾ ഓഫ് ഡ്രാമാ അനുഭവവും ചിതറിത്തെറിച്ച് ഒരുതുണ്ട് സ്കൂൾ ഓഫ് ഡ്രാമയിലും വീഴട്ടെ എന്നു കല്പിച്ചു റെയിൽപ്പാളത്തിലൂടെ നടന്നതും നാടകരംഗത്തു പിന്നിൽനിന്നേറ്റ

കുത്തുകളുമൊക്കെ വെളിവാക്കുന്നത് കലാരംഗത്തെയും നാടകപഠനമേഖലയിലെയും ദുഷ്പ്രവണതകൾകൂടിയാണ്. സ്കൂൾ ഓഫ് ഡ്രാമ, സംഗീത നാടക അക്കാദമി തുടങ്ങിയവയൊക്കെ അവശ്യം ഉടച്ചുവാർക്കേണ്ടതിന്റെ ആവശ്യകതയും വിസ്തരിച്ചുതന്നെ ചർച്ചയാകുന്നുണ്ട് അഭിമുഖത്തിൽ. മലയാളനാടകം ഊർജ്ജം കണ്ടെത്തേണ്ടതു നാട്യശാസ്ത്രത്തിലും കഥകളിയിലുമാണെന്ന് ആധികാരികതയൊടെ വ്യക്തമാക്കുന്ന അഭിമുഖം *ഛായാമുഖി, മകരദ്ധ്വജൻ, കറ, മഹാസാഗരം* തുടങ്ങിയ പ്രശാന്തിന്റെ പ്രധാനനാടകങ്ങളെയും നിരൂപണം ചെയ്യുന്നു.

ആമുഖമെന്നനിലയിൽ ഒരുകാര്യം പ്രത്യേകം പറയേണ്ടതുണ്ട്. സ്വന്തമായി നിലപാടുകൾ ഉള്ള ആളെന്ന നിലയിൽ അത് അനിവാര്യവുമാണ്. അഭിമുഖങ്ങളിൽ ഉള്ള നിലപാടുകൾ സ്വാഭാവികമായും അഭിമുഖം ചെയ്യപ്പെട്ടവരുടേതാണ്, ചെയ്തയാളിന്റേതല്ല. ഉത്തരപക്ഷത്തിന്റെ നിലപാടുകളോടു യോജിപ്പുണ്ടോ ഇല്ലയോ എന്നതു പരിഗണിക്കാതെ അങ്ങനെതന്നെ പകർത്തുന്ന പ്രൊഫഷണൽസത്യസന്ധത പാലിക്കാൻ നിഷ്ഠ പുലർത്തിയിട്ടുണ്ട്. മേരി ഇ. കിങ്ങിന്റെ അഭിമുഖത്തിലൊക്കെയുള്ള പലഭാഗങ്ങളും ഇപ്രകാരമുള്ളവയാണ്. ഒരു പ്രൊഫഷണൽ പത്രപ്രവർത്തകൻ എന്നനിലയിൽ പാലിക്കേണ്ട നിർമ്മമത്വത്തോടും സത്യസന്ധതയോടും വസ്തുനിഷ്ഠതയോടും ആ ചുമതല നിർവ്വഹിക്കുകമാത്രമാണു ചെയ്തിട്ടുള്ളത്.

ചില അഭിമുഖങ്ങൾ നേരത്തേ ചെയ്തവയാണെങ്കിലും അഭിമുഖം നല്കിയവരുമായി ഇപ്പോൾ വീണ്ടും സംസാരിച്ച് കാലികമാക്കേണ്ടവ കാലികമാക്കിയും സംഗതമായ പുതിയകാര്യങ്ങൾ കൂട്ടിച്ചേർത്തും 2021-ലെ അഭിമുഖങ്ങൾ എന്ന നിലയിൽ ആക്കിയാണ് ഇപ്പോൾ പ്രസിദ്ധീകരിക്കുന്നത്. അതിനാൽ പുതിയവയായിത്തന്നെ വായിക്കാം.

ഇവരെക്കുറിച്ച് എഴുതണം എന്ന കടുത്തപ്രേരണയാൽ എഴുതിയവയാണ് ഈ പുസ്തകത്തിലെ ആറ് അഭിമുഖങ്ങളിൽ നാലും. കാരണം, അത്രമാത്രം ആളുകൾ അറിയേണ്ടവരാണവർ. അത്രമാത്രം വായനപ്പൊലിമ ഉള്ളവയാണ് ആ ജീവിതങ്ങൾ. ചിലതിനാകട്ടെ അതിലേറെ രാഷ്ട്രീയ, സാമൂഹിക, വൈജ്ഞാനിക മാനങ്ങളും. സാമൂഹികസംരംഭകത്വം എന്ന ആശയം ശക്തമായി സമൂഹത്തിൽ ഉയർത്തേണ്ടതാണ്. സ്വതന്ത്രസോഫ്റ്റ്‌വെയറിന്റെ പ്രയോഗവ്യാപനവും ശാസ്ത്രീയമായ വിജ്ഞാനസഞ്ചയനപരിപാലനങ്ങളും മലയാളത്തിൽ പ്രതിസന്ധി നേരിടുന്ന ഭാഷാസാങ്കേതികവിദ്യയും വിപുലമായ ചർച്ചയ്ക്കു പാത്രീഭൂതമാകേണ്ടതുണ്ട്. വിപ്ലവസ്വപ്നങ്ങൾ ട്രോളുകൾ ആക്കപ്പെടുന്ന ഇൻഡ്യൻ സാഹചര്യത്തിൽപ്പോലും വിപ്ലവപ്രതീക്ഷയുണർത്തുന്ന ഗാന്ധിയൻ സമരരീതികളുടെ ആഗോളപരീക്ഷണവിജയങ്ങൾ രാജ്യത്തിന്റെ ഭാവിയെപ്പറ്റി സ്വപ്നങ്ങൾ ഉള്ളവരിലേക്കെല്ലാം എത്തിക്കേണ്ടതുണ്ടെന്ന തീവ്രപ്രചോദനവും അഭിമുഖത്തിന് ഉണ്ടായിട്ടുണ്ട്.

കേരളീയർക്കു സുപരിചിതരായ തോമസ് ഐസക്കിന്റെയും ആർ.വി.ജി. മേനോന്റെയും അഭിമുഖങ്ങൾ ധാരാളമായി വരാറുള്ളതിനാൽ അത്തരത്തിലൊരു ചിന്ത അവരുടെ കാര്യത്തിൽ ഉണ്ടായില്ല. എന്നാൽ *മാതൃഭൂമി ആഴ്ചപ്പതിപ്പി*ന്റെ പത്രാധിപരായിരുന്ന മുൻസഹപ്രവർത്തകൻ കമൽ റാം സജീവ് ആവശ്യപ്പെടുകയും രണ്ടിനും കൗതുകകരമായ ആംഗിളുകൾ നിർദ്ദേശിക്കുകയും ചെയ്തപ്പോൾ അവയിലും സമാനമായ ആഭിമുഖ്യം ഉണ്ടാകുകയായിരുന്നു. 80-കളുടെ പകുതിമു

തൽ ഐസക്കിനെയും ആർ.വി.ജി.യെയും നേരിട്ടറിയുകയും പിന്നീട് ഏറെ അടുക്കുകയും ചെയ്ത ആളെന്നനിലയിൽ എന്നെ ഈ ദൗത്യങ്ങൾക്കു തെരഞ്ഞെടുത്ത സജീവിന്റെ ഉചിതജ്ഞതയും ആ അഭിമുഖങ്ങൾക്ക് ആഴം പകരാൻ പ്രേരണയായി. എഴുതിവന്നപ്പോൾ രണ്ടും എഴുതേണ്ടവതന്നെ ആയിരുന്നു എന്ന തോന്നൽ ഉണ്ടാകുകയും ചെയ്തു. ഇതിനു നിമിത്തമായ കമൽ റാം സജീവിനും *മാതൃഭൂമി ആഴ്ചപ്പതിപ്പി*ൽ പത്രാധിപസമിതിയംഗമായിരുന്ന മുൻസഹപ്രവർത്തക മനില സി. മോഹനും പ്രത്യേകനന്ദി രേഖപ്പെടുത്തുന്നു.

അഭിമുഖങ്ങൾക്കു സഹകരിച്ച ആറു മഹാവ്യക്തികൾക്കും അഭിമുഖങ്ങൾ പ്രസിദ്ധീകരിച്ച മറ്റ് ആനുകാലികങ്ങളുടെ പത്രാധിപർമാരായ എന്റെ മുൻപത്രാധിപർക്കുടിയായ എസ്. ജയച്ചന്ദ്രൻ നായർ, ഷാജി രാമചന്ദ്രൻ, ആർ.എസ്. ബാബു, കെ.കെ. ശൈലജടീച്ചർ എന്നിവർക്കും സ്നേഹാദരങ്ങളോടെ നന്ദി കുറിക്കട്ടെ.

ഈ പുസ്തകത്തിനു തിളക്കവും സുഗന്ധവും ചാർത്തി തിലകക്കുറിപോലെ പ്രശോഭിക്കുന്ന ചില നിരീക്ഷണങ്ങൾ നടത്തിയ അക്ഷരലോകത്തെ പ്രാമാണികരോടാണ് വലിയ കടപ്പാടുള്ളത്. പ്രസിദ്ധപ്പെടുത്തുമ്മുമ്പ് ഈ പുസ്തകം വായിച്ചുനോക്കി അഭിപ്രായങ്ങൾ രേഖപ്പെടുത്തിയ പ്രൊഫ: കെ. സച്ചിദാനന്ദൻ, ശ്രീ. സക്കറിയ, പ്രൊഫ: എസ്. ശാരദക്കുട്ടി, ഡോ: സുനിൽ പി. ഇളയിടം, ശ്രീമതി ഇന്ദു മേനോൻ എന്നീ സ്നേഹധനരായ പണ്ഡിതമിത്രങ്ങൾക്കും ഹൃദയപൂർവ്വം സ്നേഹവും കടപ്പാടും കുറിക്കുന്നു.

പ്രത്യേകനന്ദി പറയേണ്ട മറ്റൊരാൾ സി.വി.ആറാണ്. അദ്ദേഹത്തിന്റെ *സായാഹ്ന*യാണ് ഇതിന്റെ ഇ-പതിപ്പു പ്രസിദ്ധീകരിക്കുന്നത്. *സായാഹ്ന*യുടെ ഓൺലൈൻ പ്ലാറ്റ്ഫോമിൽ (http://www.sayahna.org/) സ്വതന്ത്രപകർപ്പവകാശനിയമമായ ക്രിയേറ്റീവ് കോമൺസ് ലൈസൻസിലാണിതു പ്രസിദ്ധീകരിക്കുന്നത്. അതിനുപുറമെ, ഈ പുസ്തകത്തിന്റെ ഉൾത്താളുകൾ രൂപകല്പന ചെയ്തതും സി.വി.ആർ. ആണ്. ലോകോത്തരജേർണലുകൾ അണിയിച്ചൊരുക്കുന്ന അദ്ദേഹം അതേ പ്രൗഢഭംഗിയോടെ ഇതും വാർത്തെടുത്തിരിക്കുന്നു. രൂപകല്പനയുടെ അച്ചടക്കവും ഭംഗിയും പരമാവധി ആവഹിക്കാൻ കഴിയുന്ന ടെക് സോഫ്റ്റ്‌വെയറിലാണു സി.വി.ആർ. ഇതു ചെയ്തത്. മുമ്പു ഞാൻ സംസ്ഥാനസർക്കാരിനായി ചെയ്ത രണ്ടുപുസ്തകങ്ങൾക്കു സൗജന്യമായി ടെക് ലേഔട്ട് ചെയ്തതന്നതുകൂടി അനുസ്മരിച്ചുകൊണ്ട് സി.വി.ആറിനോടുള്ള പ്രത്യേക നന്ദിയും സ്നേഹവും രേഖപ്പെടുത്തുന്നു. സി.വി.ആറിന്റെ നിർദ്ദേശാനുസരണം ഉള്ളടക്കത്തിന്റെ കമ്പയിലേഷനും പ്രാഥമിക ലേ-ഔട്ടും നിർവ്വഹിച്ച അനൂപ ആൻ ജോസഫിനും ജെ. എൻ. യമുനയ്ക്കും സ്നേഹപൂർണ്ണമായ നന്ദി.

ഈ പുസ്തകത്തിന് ഉള്ളടക്കത്തിന്റെ അന്തഃസത്ത പ്രതിഫലിപ്പിക്കുന്ന മനോഹരവും പ്രൗഢവുമായ മുഖപ്രസാദം ഒരുക്കിയത് മലയാളം കലിഗ്രാഫിയെ ലോകത്തോളം ഉയർത്തിയ ഭട്ടതിരിയാണ്. എനിക്കു കുടുംബസുഹൃത്തും മുൻസഹപ്രവർത്തകനും ഒട്ടേറെ സംരംഭങ്ങളിലെ രൂപകല്പനാപങ്കാളിയുമാണ് ഭട്ടതിരി. സഹോദരതുല്യനായ ഭട്ടതിരിയോടും ഹൃദയത്തിന്റെ ഭാഷയിൽ കടപ്പാടറിയിക്കുന്നു.

കഴിഞ്ഞ കുറേക്കാലമായി ഞാൻ എന്ത് എഴുതുമ്പോഴും അതു കാണിച്ച് അഭിപ്രായം തേടാറുള്ള, എന്റെ എഴുത്തിന്റെ ഒന്നാന്തരം നിരൂപകയായ, ജീവിതപങ്കാ

ളി ഡോ: പി.ആർ. സബിത, എഴുത്തിനുവേണ്ട പിന്തുണയും അന്തരീക്ഷവും ഒത്താശ കളും ചെയ്തുതരുന്ന മകൻ അമൻ എം.എസ്. എന്നിവർക്കും എഴുത്തിന്റെ രംഗത്തേ ക്ക് എനിക്കു വഴിയൊരുക്കിയ അച്ഛനമ്മമാർ, സഹോദരങ്ങൾ, എഴുത്തിൽ വഴികാ ട്ടിയ ഗുരുനാഥർ തുടങ്ങിവർക്കും എന്റെ സ്നേഹാർച്ചനകൾ.

വായിപ്പിക്കുക—അതാണ് എഴുതുന്നയാളുടെ അടിസ്ഥാനലക്ഷ്യം. വായി ക്കാൻ താത്പര്യപ്പെടുന്ന വിഷയങ്ങൾ കണ്ടെത്തുക, വായിക്കാൻ പ്രേരിപ്പിക്കു മാറു ലഭ്യമാക്കുക, വായിച്ചുതുടങ്ങാനും തുടർന്നു വായിക്കാനും തോന്നുന്നപോലെ എഴുതുക, വായിച്ചുകഴിഞ്ഞാൽ ഒരു കോപ്പി വാങ്ങണം എന്ന തോന്നൽ ജനിപ്പി ക്കുക—ഇതാണു വായനാസാമഗ്രികളുടെ മഹാപ്രളയകാലത്ത് ഒരു പ്രൊഫഷണ ലിനു ചെയ്യാനാവുക. അതു മനസിൽ വച്ചുകൊണ്ട് അക്കാര്യത്തിൽ എത്രമാത്രം വിജയമോ പരാജയമോ ആണെന്ന സ്വയംപരിശോധനകൂടിയാണിത്. വിധികർ ത്താക്കൾ നിങ്ങളാണ്. വായിച്ച് ഇഷ്ടപ്പെടുന്നവർക്കും ഓൺലൈൻ, ഡിജിറ്റൽ വായനകളിൽ താത്പര്യം ഇല്ലാത്തവർക്കും ആവശ്യപ്പെട്ടാൽ അച്ചടിച്ച പുസ്തകം വീട്ടിലെത്തിക്കാം. അതാണു വായനക്കാരിൽനിന്നു പ്രതീക്ഷിക്കുന്ന പ്രോത്സാഹ നം. നിങ്ങളിൽനിന്നു പ്രതീക്ഷിക്കുന്ന സഹായസഹകരണങ്ങൾക്കും പിന്തുണയ്ക്കുമു ള്ള കൃതജ്ഞത മുൻകൂട്ടിത്തന്നെ കുറിക്കട്ടെ!

സ്നേഹാഭിവാദനത്തോടെ,

(ഒപ്പ്)

തിരുവനന്തപുരം
2021 ജൂലൈ 4

മനോജ് കെ. പുതിയവിള

# അവതാരികാബിന്ദുക്കൾ

*നിരൂപണാത്മകമായ ദീർഘാവതാരിക ആവശ്യമുള്ള സർഗ്ഗരചന അല്ലാത്തതിനാൽ ആ പതിവ് ഒഴിവാക്കുകയാണ്. പകരം, എഴുത്തിന്റെ ആത്മാവ് കണ്ടെത്തിയ ചില പ്രാമാണികർ പ്രസാധനത്തിനുമുമ്പ് പുസ്തകം വായിച്ചു നടത്തിയ ലഘുനിരീക്ഷണങ്ങൾ ചേർക്കുന്നു:*


## ഉൾക്കാഴ്ചകളുടെ പുസ്തകം



നല്ല അഭിമുഖങ്ങൾ ജീവിതങ്ങളുടെ ആഴങ്ങളിലേയ്ക്കു തുറന്നിട്ട വാതായനങ്ങളാണ്. വിഭിന്നമണ്ഡലങ്ങളിൽ പ്രവർത്തിക്കുന്ന സമർപ്പിതചേതസ്സുകളായ ആറു മനീഷികളുടെ ബാഹ്യലോകത്തേയ്ക്കും അന്തർലോകത്തേയ്ക്കുമുള്ള വാതിലുകളാണ് മനോജ് കെ. പുതിയവിള ഇവിടെ തുറക്കുന്നത്. ക്ലേശരഹിതമായ വായനയിലൂടെ വലിയ ഉൾക്കാഴ്ചകൾ സാദ്ധ്യമാക്കുന്ന പുസ്തകം.

—സച്ചിദാനന്ദൻ

## അറിവുകളും തിരിച്ചറിവുകളും



ജീവിതം തന്നെയാണ് ഏറ്റവും പിടിച്ചിരുത്തുന്ന കഥ എന്നു മനോജ് പുതിയവിള നടത്തിയ ഈ അഭിമുഖസംഭാഷണങ്ങൾ തെളിയിക്കുന്നു. മലയാളികളും അല്ലാത്തവരുമായ ആറു പ്രശസ്തവ്യക്തികളാണ് അവരുടെ ജീവിതപ്പാതകളുടെ കഥ ഈ സംഭാഷണങ്ങളിൽ വിവരിക്കുന്നത്. അവർ അനുഗമിച്ച ആദർശങ്ങളുടെയും നേരിട്ട വെല്ലുവിളികളുടെയും അതിജീവിച്ച പ്രതിസന്ധികളുടെയും അനുഭവോഷ്മളമായ ചരിത്രം വായനക്കാർക്കു സമ്മാനിക്കുന്നത് വിലയേറിയ അറിവുകളും തിരിച്ചറിവുകളുമാണ്. മലയാളത്തിലെ ജീവിതാനുഭവസാഹിത്യത്തിന്റെ ഒന്നാം നിരയിലാണ് ഈ ഗ്രന്ഥത്തിന്റെ സ്ഥാനം.

—സക്കറിയ

## ഏറ്റവും നല്ല സുഹൃത്ത്



ഈ പുസ്തകത്തിൽ സമാഹരിച്ചിട്ടുള്ള, മനോജ് കെ. പുതിയവിള നടത്തിയ, അഭിമുഖങ്ങളിൽ വിഭിന്നമായതും വിശാലവീക്ഷണമുള്ളതുമായ ഒരുസംഘം വിശിഷ്ടവ്യക്തിത്വങ്ങളാണ്. എന്നാൽ എല്ലാവരും തമ്മിലുള്ള വൈജാത്യങ്ങളും പ്രകടമാണ്. അവരുടെ പ്രവർത്തനങ്ങളാണ്, എന്തുതന്നെ സംഭവിച്ചാലും കർമ്മനിരതരായിരിക്കുന്നവർ എന്നതാണ്, അവരെ ഒന്നിച്ചു നിർത്തുന്ന ഘടകം. 'അവരെങ്ങനെ പ്രവർത്തിക്കുന്നു എന്നതു നിരീക്ഷിക്കേണ്ട ഒന്നല്ല' എന്ന് അവരെല്ലാംതന്നെ പറയുമായിരിക്കും. പക്ഷെ വരാനിരിക്കുന്ന തലമുറയ്ക്കും ഇപ്പോൾ കർമ്മപഥങ്ങളിൽ സജീവമായിക്കൊണ്ടിരിക്കുന്നവർക്കും തങ്ങളുടെ ജീവിതത്തിന്റെ ദൃഢമായ

ഏകാന്തതയിൽ ഈ അഭിമുഖങ്ങൾ ഒരു വെളിച്ചമായിരിക്കും. ഇതിലുംനല്ലൊരു സുഹൃത്തില്ല എന്ന് ഈ പുസ്തകം തോന്നിപ്പിക്കും. ബുദ്ധിയുടെയും പ്രതിഭയുടെയും പ്രവർത്തനങ്ങളുടെയും വൈഭവവും വിലാസവും ഇവരിലുണ്ട്. അത് പുറത്തുകൊണ്ടു വരാൻ അഭിമുഖകാരനു കഴിഞ്ഞിരിക്കുന്നു.

—എസ്. ശാരദക്കുട്ടി

## ഈ യാത്ര വൈജ്ഞാനികം, വൈകാരികം



ജീവിതം തന്നെയാണ് ഏറ്റവും പിടിച്ചിരുത്തുന്ന ജീവിതത്തിന്റെ അനന്തമായ വൈവിദ്ധ്യങ്ങളിലേക്കും വൈരുദ്ധ്യങ്ങളിലേക്കുമുള്ള നടപ്പാതകൾ കൂടിയാണ് ഈ അഭിമുഖങ്ങൾ. ധനതത്ത്വവിചാരവും ശാസ്ത്രഗവേഷണവും മുതൽ രംഗവേദിയുടെ സൗന്ദര്യശാസ്ത്രം വരെയുള്ള വിഭിന്നലോകങ്ങളുടെ സൂക്ഷ്മസ്വരൂപം ഈ അഭിമുഖങ്ങളിൽ വായനക്കാർക്കുമുന്നിൽ അനാവൃതമാകുന്നു. ഒരേസമയം വൈജ്ഞാനികവും വൈകാരികവുമായ ഒരു യാത്രയിലേക്കാണ് ഈ അഭിമുഖങ്ങൾ നമ്മെ കൈപിടിച്ചു നയിക്കുന്നത്.

—സുനിൽ പി. ഇളയിടം

## ജീവത്പ്രകാശങ്ങൾ



കറുത്തകാലത്തു ജീവിക്കുന്ന നമുക്കു പ്രത്യാശയ്ക്കും പ്രതീക്ഷയ്ക്കും വെളിച്ചമല്ലാതെ ഒരു വഴിയുമില്ല. വെളിച്ചമെന്നാൽ സൂര്യവെളിച്ചമോ ചാന്ദ്രവെളിച്ചമോ അല്ല, മനുഷ്യരുടെ ആത്മാവു സ്വയം കൊണ്ടു തിളങ്ങുന്ന ആ പൊൻവെളിച്ചമാണ്. ആയിരം മനുഷ്യർ സൂക്ഷിച്ചുവെച്ച വെറുപ്പിന്റെയും വിദ്വേഷത്തിന്റെയും പകയുടെയും ഇരുട്ടിനെ ഒരു നിമിഷംകൊണ്ട് ഇല്ലാതാക്കുന്ന മഹാവെളിച്ചം.

അത്തരം വെളിച്ചം പ്രവൃത്തിയിലൂടെ സാദ്ധ്യമാക്കിയവർ—അവർ ആറുപേർ, ജീവിതംകൊണ്ടു തെളിയിച്ചുകാട്ടിയവർ, ജീവിച്ചുകാട്ടി പ്രതിസന്ധികളെ മറികടന്നവർ-അങ്ങനത്തെ ആറുപേരിലേക്കുള്ള യാത്രയാണു 'വെളിച്ചത്തിലേക്കു നടത്തുന്നവർ'. അതെ, ആറു വ്യത്യസ്തമനുഷ്യർ... വ്യത്യസ്തദിശകൾ... വ്യത്യസ്തമേഖലകൾ... വ്യത്യസ്തഭൂമികകൾ...

മനോജ് കെ. പുതിയവിള ആറുതരം ജീവത്പ്രകാശങ്ങളെ മനുഷ്യസ്നേഹം എന്ന ഒറ്റ നൂലിൽ കോർത്ത് ഒറ്റപ്പുസ്തകത്തിൽ ആവഹിക്കുന്നു. ദീർഘാഭിമുഖങ്ങളെന്നു പേരിട്ടുപറയുന്നുവെങ്കിലും ഇവ ജീവചരിത്രത്തിന്റെയും ആത്മഭാഷണത്തിന്റെയും സ്വഭാവം പ്രകടിപ്പിക്കുന്നു. ജീവിതത്തിലേക്കൊരു വെളിച്ചമാകുന്ന ഗ്രന്ഥം.

—ഇന്ദു മേനോൻ

# ഉള്ളടക്കം


ആമുഖം . . . . . . . . . . v

അവതാരികാബിന്ദുക്കൾ . . . . . . . . . . xii

1 ഇരുട്ടിനെന്തൊരു വെളിച്ചം! . . . . . . . . . . 2

2 ജനകീയത ആസൂത്രണം ചെയ്ത ജീവിതം . . . . . . . . . . 19

3 ഗാന്ധിസമരത്തിന്റെ ലോകായനം . . . . . . . . . . 66

4 ലോകോത്തരജേർണലുകളുടെ രൂപശില്പി . . . . . . . . . . 107

5 പതിനെട്ടാമത്തെ ആനയുടെ യുക്തി . . . . . . . . . . 161

6 നേരിൻചില്ലിലെ ഛായാമുഖം . . . . . . . . . . 205


ഗാന്ധിസമരത്തിന്റെ
ലോകായനം

# — 3 —

# ഗാന്ധിസമരത്തിന്റെ ലോകായനം

പ്രവേശിക

## വിപ്ലവവഴിയിലെ ഗാന്ധിത്വപ്രയോഗപാഠങ്ങൾ

ഗാന്ധിജിയുടെ പല നിലപാടുകളോടും വിമർശം ഉള്ളയാളാണ് ഞാൻ. എന്നാൽ അദ്ദേഹത്തിന്റെ സമരമാർഗ്ഗങ്ങൾ ഇന്നോളം ലോകചരിത്രത്തിൽ ചെലുത്തിയ സ്വാധീനം കേട്ട ഞാൻ അവസരം കിട്ടുന്നിടത്തെല്ലാം അതേപ്പറ്റി പറയുന്ന ആളായി മാറി! ഇക്കഴിഞ്ഞ ദശകങ്ങളിൽ ലോകത്തു നടന്നതും തുടരുന്നതുമായ ഒട്ടെല്ലാ സ്വാതന്ത്ര്യ, മനുഷ്യാവകാശ, സ്വയംനിർണ്ണയാവകാശ, വിമോചന പോരാട്ടങ്ങളും ഗാന്ധിയൻ പോരാട്ടവഴികൾ പഠിച്ചും പകർത്തിയുമാണ് നടക്കുന്നത് എന്നത് എന്നെ അത്ഭുതപ്പെടുത്തി. നമ്മുടെ സ്വാതന്ത്ര്യസമരകാലത്ത് അമേരിക്കൻ പോരാളികൾ സംഘങ്ങളായി ഇവിടെ പലവുരു വന്ന് പഠിച്ചുകൊണ്ടുപോയ സമരരീതികൾ—സാക്ഷാൽ ഗാന്ധിയൻ സമരമാർഗ്ഗം! അവിടെനിന്ന് ലോകമാകെ പടർന്ന ആ സമരയാത്രയുടെ കഥ നിങ്ങളെയും അത്ഭുതപ്പെടുത്താതിരിക്കില്ല. ഈ സമരങ്ങൾക്കെല്ലാം നേതൃത്വം നല്കുന്നവർ സമരംചെയ്യാൻ പഠിക്കുന്നതിന്റെ രീതികൾ കേട്ടപ്പോൾ ഗാന്ധിജിയുടെ സ്വന്തം നാട്ടിലെ 'വല്യ' സമരക്കാരായ നാം കൈവിട്ടുകളഞ്ഞ മഹാനിധിയോർത്ത് ഉണ്ടായ അസ്വസ്ഥത ഇപ്പോഴും നീറിനില്ക്കുന്നു. ഒപ്പം ഈ വഴി തുറക്കുന്ന വിപ്ലവപ്രതീക്ഷയും.

മാർട്ടിൻ ലൂഥർ കിങ് ജൂനിയറിനൊപ്പം അമേരിക്കൻ പൗരാവകാശപ്പോരാട്ടത്തിൽ പങ്കെടുത്ത കൗമാരത്തിൽ തുടങ്ങി, വർണ്ണവിവേചനത്തിനെതിരായ പോരാട്ടത്തിലൂടെ, ഫെമിനിസത്തിന്റെ രണ്ടാം തരംഗത്തിന്റെ പ്രാരംഭകരിലൊരാളായി വളർന്ന മേരി കിങ് മാർട്ടിൻ ലൂഥറിലൂടെയാണ് മഹാത്മാഗാന്ധിയെ കണ്ടെത്തുന്നത്.

ഇവർ കേരളത്തിൽ വന്നത് വൈക്കം സത്യാഗ്രഹത്തിന്റെ പരിസമാപ്തി ചരിത്രരേഖകളിൽ കണ്ടതുപോലെ ഇണ്ടംതുരുത്തിമനയിലെ നമ്പൂതിരിമാർക്കു മനഃപരിവർത്തനം (conversion) വന്നു വഴിനടക്കാൻ അനുവദിച്ചതിലൂടെത്തന്നെയാണോ എന്നു പരിശോധിക്കാനാണ്. ലോകത്ത് മറ്റൊരു സമരത്തിനും 'കൺവേർ

ഷൻ' എന്ന പരിസമാപ്തി കൈവരിക്കാനാകുന്നില്ല എന്നതാണ് ഇതിനു നിർബ്ബന്ധി ച്ചത്. പൊടിപിടിച്ച കടലാസുശേഖരങ്ങളിൽ പതിനഞ്ചുകൊല്ലം അവർ ഇതിനായി കെട്ടിമറിഞ്ഞു! ഒടുവിൽ വൈക്കം സത്യാഗ്രഹത്തിന്റെ സത്യം കണ്ടെത്തി. ബൃഹ ത്തായൊരു പുസ്തകവുമാക്കി—ലോകപോരാളികൾക്കു പഠിക്കാൻ! ഗാന്ധിജിയെ മഹാത്മാവാക്കി മൂലയ്ക്കുവച്ച നമുക്കു മനസിലാക്കാൻ പ്രയാസമുള്ള പലതുമാണ് മേരി ഇ. കിങ് പറയുന്നത്; ഗാന്ധിസത്തെപറ്റി, വൈക്കം സത്യഗ്രഹത്തെപ്പറ്റി, അമേരിക്കൻ പൗരാവകാശപോരാട്ടത്തെപ്പറ്റി, ഫെമിനിസത്തെപ്പറ്റി, ഒക്കുപ്പൈ സമരവും മുല്ലപ്പൂവിപ്ലവവും വരെയുള്ള ലോകപോരാട്ടങ്ങളെപ്പറ്റി...

## ഗാന്ധിവഴിയിലെ രണ്ടാം 'കിങ്'

### (മേരി ഇ. കിങ്ങിന്റെ ജീവിതം)

മാർട്ടിൻ ലൂഥർ കിങ് ജൂനിയറിന്റെ നേതൃത്വത്തിൽ അമേരിക്കയിൽ നടന്ന പൗരാവകാശപ്രക്ഷോഭത്തിൽ വിദ്യാർത്ഥിവിഭാഗത്തിന്റെയും പിന്നീട് മാദ്ധ്യമവിഭാഗത്തിന്റെയും ചുമതലക്കാരിയായി പ്രവർത്തിച്ച മേരി കിങ് പേരിൽ കിങ് ഉണ്ടെങ്കിലും മാർട്ടിൻ ലൂഥർ കിങ്ങിന്റെ ബന്ധുവൊന്നുമല്ല. കറുത്തവരുടെ അവകാശസമരത്തിൽ അണിചേർന്ന നിരവധി വെളുത്തവരിൽ ഒരാളാണ്. മാർട്ടിൻ ലൂഥറിനെ ഗാന്ധിയൻ സമരം പരിശീലിപ്പിച്ച അതേ വിദഗ്ദ്ധരിൽനിന്നു പരിശീലനം നേടാൻ അവസരം ലഭിച്ച ഗാന്ധിശിഷ്യ. സമാധാനപ്രവർത്തനങ്ങളിലെ ഇവരുടെ മികവും ആഴത്തിലുള്ള പാണ്ഡിത്യവും മനസിലാക്കിയ അടുത്ത സുഹൃത്തായ ജിമ്മി കാർട്ടർ അമേരിക്കൻ പ്രസിഡന്റായപ്പോൾ സമാധാനകാര്യത്തിലെ ഉപദേശകയായി നിയമിച്ചത് മേരിയെയാണ്. അക്കാലത്തെ 120-ൽപ്പരം ലോകരാഷ്ട്രത്തലവരുമായി അടുത്ത സമ്പർക്കം പുലർത്താനും വിവിധ സമാധാനമുൻകൈകളിൽ കാര്യമായ സംഭാവന നൽകാനും ഇവർക്ക് അവസരമുണ്ടായി. അന്ന് അമേരിക്കയുടെ പീസ് കോർ, നാഷണൽ വളന്റിയർ സർവ്വീസ് കോർ തുടങ്ങിയവയുടെ ആഗോളച്ചുമതലയും മേരിക്കായിരുന്നു. ഇന്നും കാർട്ടറുടെ ഉപദേശകയാണ്. അവരുടെ സൂക്ഷ്മഗ്രഹണശേഷിയും ധൈര്യവും അഗ്രഗണ്യമാണെന്നാണ് കാർട്ടർ വിലയിരുത്തിയിട്ടുള്ളത്.

ഐക്യരാഷ്ട്രസഭയ്ക്കു കീഴിൽ സമാധാനപഠനങ്ങൾക്കായി കോസ്റ്റാ റിക്കയിൽ സ്ഥാപിച്ചിട്ടുള്ള സർവ്വകലാശാലയായ യൂണിവേഴ്സിറ്റി ഫോർ പീസിലെ പീസ് ആൻഡ് കോൺഫ്ലിക്റ്റ്സ് സ്റ്റഡീസിലെ പ്രൊഫസറും ഇംഗ്ലണ്ടിലെ ഓക്സ്ഫഡിലുള്ള റോഥർമിയർ അമേരിക്കൻ ഇൻസ്റ്റിറ്റ്യൂട്ടിലെ ഫെലോയും വാഷിങ്ടൺ ഡിസിയിലുള്ള അമേരിക്കൻ യൂണിവേഴ്സിറ്റി സെന്റർ ഫോർ ഗ്ലോബൽ പീസിൽ സ്കോളറും രാജ്യാന്തര രാഷ്ട്രീയശാസ്ത്രജ്ഞയും ഒക്കെയായ അവർ നിരവധി സുപ്രധാനഗ്രന്ഥങ്ങളുടെ രചയിതാവും ഗാന്ധിയൻസമാധാനസിദ്ധാന്തങ്ങളുടെ ആഗോള അംബാസഡറുമാണ്.

ഗാന്ധിയൻമൂല്യങ്ങളുടെ പ്രചാരണത്തിനു നല്കുന്ന ജംനലാൽ ബജാജ് രാജ്യാന്തരപുരസ്കാരം, പശ്ചിമേഷ്യയിൽ സാമൂഹികനീതിക്കും സമാധാനവിദ്യാഭ്യാസത്തിനും നല്കിയ സംഭാവനകൾക്ക് എൽ-ഹിബ്രി പീസ് എജ്യൂക്കേഷൻ പ്രൈസ്, ജെയിംസ് എം. ലോസൺ നോൺവയലന്റ് അച്ചീവ്മെന്റ് അവാർഡ്, ഒഹായോ വെസ്ലിയൻ സർവ്വകലാശാലയുടെ ഡോക്ടർ ഓഫ് ലോ എന്നിങ്ങനെ പല പുരസ്കാരങ്ങളും ബഹുമതികളും മേരി കിങ്ങിനെ തേടിയെത്തിയിട്ടുണ്ട്. ആബറിസ്റ്റ്വിത്ത് സർവ്വകലാശാലയിൽനിന്ന് രാജ്യാന്തരരാഷ്ട്രീയത്തിൽ ഡോക്ടറേറ്റ് കരസ്ഥമാക്കിയിട്ടുമുണ്ട്.

ഫെമിനിസത്തിന്റെ രണ്ടാം തരംഗത്തിനു തുടക്കം കുറിച്ചത് 1966-ൽ മേരി എഴുതിയ 'സെക്സ് ആൻഡ് കാസ്റ്റ്' എന്ന ലേഖനമാണ്.

ഫിദൽ കാസ്ട്രോയുടെയും ജിമ്മി കാർട്ടറുടെയും ജീവചരിത്രങ്ങൾ രചിച്ച ലോകത്തെ ശ്രദ്ധേയരായ അക്കാദമീഷ്യരിൽ ഒരാളും നരവംശശാസ്ത്രജ്ഞനും ഭിഷഗ്വരനും എഴുത്തുകാരനുമൊക്കെയായ ഡോ: പീറ്റർ ജി. ബോൺ ആണു ഭർത്താവ്.

ചെ ഗുവേരയുമായുംമറ്റും അടുപ്പം പുലർത്തിയിരുന്ന അദ്ദേഹവും ഇൻഡ്യൻപര്യടന ത്തിൽ മേരിയ്ക്ക സഹായിയായി ഒപ്പമുണ്ടായിരുന്നു.

## മേരി ഇ. കിങ്ങിന്റെ പ്രധാനകൃതികൾ

ലോകസമാധാനവും അഹിംസാസമരവും സംബന്ധിച്ച് ഒട്ടേറെ പഠനങ്ങൾ നട ത്തിയിട്ടുള്ള മേരി ഇ. കിങ് ഈ വിഷയങ്ങളിൽ രചിച്ചിട്ടുള്ള ഗ്രന്ഥങ്ങൾ അഹിംസാ സമരഭൂമിയിലുള്ളവരുടെ വിലപ്പെട്ട പാഠപുസ്തകങ്ങളാണ്. അഴിയാക്കുരുക്കായി ചരിത്രത്തെ പല്ലിളിച്ചുകാട്ടി നില്ക്കുന്ന ഫലസ്തീൻപ്രശ്നത്തെപ്പറ്റി രചിച്ച 'ഫസ്റ്റ് ഫല സ്റ്റീനിയൻ ഇന്റിഫാഡ ആൻഡ് നോൺവയലന്റ് റെസിസ്റ്റൻസ്' എന്ന പുസ്തകം ഏറെ ചർച്ച ചെയ്യതാണ്. സംഘർഷഭരിതമായ ഫലസ്തീൻ-ഇസ്രായീൽ പ്രശ്ന ത്തിൽപ്പോലും 1987 – 90 കാലത്ത് അക്രമരാഹിത്യത്തിന്റെ പാത സ്വീകരിച്ച നട ത്തിയ 'ഇന്റിഫാഡ' എന്ന സമരങ്ങളാണ് ഇസ്ഹാക് റബീനെ സമാധാനചർച്ചയ്ക്കും ഉടമ്പടിക്കും നിർബ്ബന്ധിച്ചതെന്ന് ഈ ഗ്രന്ഥം ഓർമ്മിപ്പിക്കുന്നു. കിഴക്കേയൂറോപ്പി ലടക്കം പല രാജ്യത്തും സംഭവിച്ച സമാധാനപരമായ പരിവർത്തനത്തെപ്പറ്റിയും മേരി കിങ് ഗ്രന്ഥം രചിച്ചിട്ടുണ്ട്—'ദ് ന്യൂയോർക് ടൈംസ് ഓൺ എമേർജിങ് ഡെ മോക്രസീസ് ഇൻ ഈസ്റ്റേൺ യൂറോപ്', 'മഹാത്മാഗാന്ധി ആൻഡ് മാർട്ടിൻ ലൂഥർ കിങ് ജൂനിയർ', 'ദ് പവർ ഓഫ് നോൺ വയലന്റ് ആക്ഷൻ', അമേരിക്കൻ പൗരാവകാശപ്രക്ഷോഭത്തിലെ അനുഭവങ്ങൾ വിശദീകരിക്കുന്ന 'എ പേഴ്സണൽ സ്റ്റോറി ഓഫ് ദ് 1960സ് സിവിൽ റൈറ്റ്സ് മൂവ്മെന്റ്', 'ഫ്രീഡം സോങ്', സബ്-സഹാറൻ ആഫ്രിക്കയിലെ സമാധാനപൂർണ്ണമായ സ്വാതന്ത്ര്യപ്രസ്ഥാനങ്ങളെപ്പറ്റി യുള്ള 'ബൈറ്റ് നോട്ട് വൺ അനദർ', അക്രമരഹിതസമരങ്ങളുടെ സംഘാടനം സം ബന്ധിച്ച പരിശീലനപുസ്തകങ്ങൾ തുടങ്ങി ശ്രദ്ധേയമായ പല ഗ്രന്ഥങ്ങളും ഇവർ ലോകസമാധാനത്തിനു സംഭാവന ചെയ്തിട്ടുണ്ട്. ഫെമിനിസത്തിന്റെ രണ്ടാംതരം ഗത്തിനു തുടക്കം കുറിച്ചത് മേരിയാണ് എന്നതും ചരിത്രം രേഖപ്പെടുത്തുന്നു. കേസീ ഹെയ്ഡനുമായി (Casey Hayden) ചേർന്ന് 1966-ൽ എഴുതിയ 'സെക്സ് ആൻഡ് കാസ്റ്റ്' എന്ന ലേഖനമാണ് അതിന്റെ വഴിമരുന്ന്. മേരിയുടെ പുതിയ രചനയാണ് 'ഗാന്ധിയൻ നോൺവയലന്റ് സ്ട്രഗ്ൾ ആൻഡ് അൺടച്ചബിലിറ്റി ഇൻ സൗത്ത് ഇൻഡ്യ'.

# ഗാന്ധിസമരത്തിന്റെ ലോകായനം
## — പ്രൊഫ: മേരി എലിസബെത് കിങ്

സായുധകലാപത്തിലൂടെ വിപ്ലവം സംഘടിപ്പിക്കാമെന്നു വ്യാമോഹിച്ച മാവോയിസ്റ്റുകൾ ഇങ്ങ് ഇടത്തേയറ്റത്ത്. ഭീകരപ്രവർത്തനത്തിലൂടെ മതത്തെയും ദൈവത്തെയും സംരക്ഷിക്കാമെന്നു വ്യാമോഹിച്ച മതതീവ്രവാദികൾ അങ്ങു വലത്തേയറ്റത്ത്. ഇരുകൂട്ടരും ഈയാമ്പാറ്റകളെപ്പോലെ സ്വയം ഹോമിക്കുകയും മറ്റുള്ളവരുടെ ജീവിതങ്ങൾ തല്ലിക്കെടുത്തുകയും ചെയ്തു ചരിത്രത്തിലെ കറുത്തഫലിതങ്ങളാകുന്നു. പുരോഗമനചിന്തകളുടെ നെഞ്ചിൽ നിറയൊഴിച്ചു ചരിത്രത്തെ ഇരുളിലേക്കു തിരിച്ചാനയിക്കാമെന്ന വ്യാമോഹം വർണ്ണവെറിപൂണ്ട സവർണ്ണഫാസിസത്തിന്റെ നിർത്ഥകഹുങ്കായി ഭീതി പരത്തുന്നു. ഈ ഇരുളുകൾക്കെല്ലാം നടുവിൽ ലോകത്തെ വിജയിച്ച പോരാട്ടങ്ങളുടെ പട്ടികനിരത്തി മേരി പറയുന്നു, അഹിംസയാണു നാളെയുടെ വഴിയെന്ന്. സൈനികബജറ്റിന്റെ പെരുക്കങ്ങൾക്കിടയിലെങ്ങോ നാം മറന്നുവച്ച, മഹാത്മാവെന്നു വിളിച്ചാദരിച്ചു സൗകര്യപൂർവ്വം മൂലയ്ക്കിരുത്തിയ അർദ്ധനഗ്നനായ ഫക്കീറിന്റെ ആശയങ്ങളിൽ ഒന്നിന്റെ പരമാർത്ഥം തേടിയാണവർ വന്നത്. നമുക്കു വേണ്ടാത്ത വൈക്കം സത്യഗ്രഹത്തിന്റെ നാൾവഴി തേടി. പതിനഞ്ചുകൊല്ലം നമ്മുടെ പുരാരേഖകൾ തെരഞ്ഞ് അതിന്റെ പരമാർത്ഥം കണ്ടെത്തി, ലോകമെങ്ങും അഹിംസാത്മകസമരങ്ങളിൽ പങ്കെടുത്തുകൊണ്ടിരിക്കുന്ന ജനലക്ഷങ്ങൾക്കുള്ള പാഠപുസ്തകമായി ആ നാൾവഴി സമർപ്പിച്ച അമേരിക്കൻ രാഷ്ട്രമീമാംസാശാസ്ത്രജ്ഞ പ്രൊഫ: മേരി എലിസബെത്ത് കിങ്.

വർണ്ണവിവേചനം ചവിട്ടിത്തെറിപ്പിച്ച രണ്ടു മുൻവരിപ്പല്ലുകൾ ഈടുവയ്പാക്കിയാണ് അമേരിക്കയിലും ദക്ഷിണാഫ്രിക്കയിലും അതേ ദുഷ്ടസത്വത്തെ ചരിത്രത്തിന്റെ ഓടച്ചാലിലേക്കു തുത്തെറിഞ്ഞതെന്ന് ആ പോരാട്ടങ്ങളിലൊന്നിൽ സജീവപങ്കാളിയായിരുന്ന ഇവർ പറയുമ്പോൾ നാം ചൂളിപ്പോകുന്നു, സർവ്വകലാശാലകൾ സ്ഥാപിച്ചു ഗാന്ധിമാർഗ്ഗം പഠിക്കുകയും അതു പരിശീലിച്ചു വൻ പ്രക്ഷോഭങ്ങൾ നയിക്കുകയും ചെയ്യുന്ന ലോകത്തെ പരിഷ്കൃതസമൂഹങ്ങൾക്കു മുന്നിൽ—ഗാന്ധിജിയുടെ രക്തസാക്ഷിദിനത്തെ ഹിംസയുടെ ശൗര്യദിനമാക്കി പുനരാവിഷ്കരിച്ചു ഹിംസയെ പുനരാനയിക്കുന്ന ഒരു ഭരണത്തിലെ പ്രജയെന്ന്.

അഹിംസാസമരസങ്കേതങ്ങളായി ഗവേഷകരും പോരാളികളും വ്യവഹരിക്കുന്ന ഒട്ടേറെ പദങ്ങളുണ്ട്, കംപൽഷൻ, പെഴ്സുവേഷൻ, കൺവേർഷൻ, കൊയേർഷൻ, പബ്ലിക് ഒപ്പിനിയൻ, സിവിൽ ഡിസൊബീഡിയൻസ് എന്നിങ്ങനെ.

ഈഷൽഭേദങ്ങൾ മാത്രമുള്ള ഇവയിൽ പലതിനും മലയാളത്തിലുള്ള പദങ്ങൾ ഇവയെ കൃത്യമായി വിവേചിക്കാൻ പര്യാപ്തമല്ല. അർത്ഥങ്ങൾ പരസ്പരം കടന്നു കയറിപ്പോയിട്ടുണ്ട്. അതിനാൽ, ഇവയോരോന്നിനേയും നിർവ്വചിച്ചുവച്ചുകൊണ്ടേ ഈ വിഷയം ചർച്ചചെയ്യാനാവൂ. ഗഹനവും സങ്കീർണ്ണവുമായ ആ ദൗത്യം പിന്നത്തേക്കു മാറ്റിവച്ചും അവയുടെ സാങ്കേതികവിശകലനത്തിലേക്കു പോകാതെയും നമുക്കു കാര്യങ്ങൾ തത്ക്കാലം ചർച്ച ചെയ്യാം.

## വൈക്കം സത്യഗ്രഹത്തിലെ 'കൺവേർഷൻ'

ഇവയിൽ 'കൺവേർഷൻ' എന്ന മനഃപരിവർത്തനം സമരക്കാരുടെ സഹനത്തിലൂടെ പ്രതിയോഗിയിൽ സൃഷ്ടിക്കാനാകുമെന്ന ഗാന്ധിജിയുടെ താത്വികനിലപാട് പിൽക്കാലസമരങ്ങളിൽ പ്രായോഗികവിജയം നേടിയതായി കാണാതിരിക്കുകയും അഹിംസാസമരങ്ങൾ ആസൂത്രണം ചെയ്യുന്നതിൽ ഈ സാദ്ധ്യത ഇപ്പോഴും പലരും പരിഗണിച്ചു സമരങ്ങൾ കുഴപ്പത്തിലേക്കു പോകുകയും ചെയ്യുന്ന സാഹചര്യത്തിൽ, ആ നിലപാടിന്റെ സാധുത വൈക്കം സത്യാഗ്രഹാനുഭവത്തിന്റെ വിശകലനത്തിലൂടെ പരിശോധിക്കുക എന്നതായിരുന്നു മേരിയുടെ അക്കാദമികമായ ആവശ്യം. ഗാന്ധിജിക്കുമാത്രം, അതും അത്യപൂർവ്വമായി, സാദ്ധ്യമായിട്ടുള്ള ഈ നേട്ടത്തിന്റെ ഉദാഹരണങ്ങളിൽ ഒന്നായാണ് വൈക്കം സത്യഗ്രഹത്തെ ബാഹ്യലോകം അറിഞ്ഞിട്ടുള്ളത്. വൈക്കത്തെ സത്യഗ്രഹികളുടെ സഹനം കണ്ട് അന്നത്തെ ജാതിക്കോമരങ്ങളായിരുന്ന നമ്പൂതിരിസമൂഹത്തിന്റെ മനസ്സലിഞ്ഞെന്നും അങ്ങനെയാണ് വൈക്കത്തെ ക്ഷേത്രനിരത്തുകൾ അവർണ്ണർക്കായി തുറന്നതെന്നുമുള്ള പാഠമാണ് ഇതുസംബന്ധിച്ച അടിസ്ഥാനരചനകളിലെല്ലാം കാണുന്നത് എന്നത് ഈ രംഗത്തുള്ള അക്കാദമികവിദഗ്ധരെ ഏറെക്കാലമായി ആശയക്കുഴപ്പത്തിൽ ആക്കിയിരുന്നു. “We cannot any longer resist the prayers that have been made


മേരി ഇ. കിങ്ങും ലേഖകനും.

to us, and we are ready to receive the untouchables" എന്ന പ്രഖ്യാപനത്തോടെ പാതകൾ തുറന്നു എന്നാണ് പുറംനാട്ടുകളിൽ ലഭ്യമായ ഗ്രന്ഥങ്ങളിലെല്ലാം ഉള്ളത്.

ഒന്നരപ്പതിറ്റാണ്ടിലെ ഗഹനമായ ഗവേഷണം പക്ഷേ, ഈ പ്രസ്താവത്തിന്റെ ഒരു ആധാരരേഖയും വെളിപ്പെടുത്തിയില്ല! എന്നു മാത്രമല്ല, അത്തരമൊരു മനഃപരിവർത്തനം സംഭവിച്ചിട്ടില്ല എന്നതിന്റെ വ്യക്തമായ തെളിവുകൾ ലഭിക്കുകയും ചെയ്തു. വാസ്തവത്തിൽ ആ സമരം പ്രഖ്യാപിതലക്ഷ്യം കാണാതെ അവസാനിപ്പിക്കുകയായിരുന്നു എന്നാണു വ്യക്തമായത്. ആരാധനാസ്വാതന്ത്ര്യത്തിനും അയിത്തോച്ചാടനത്തിനുമായി നടത്തിയ സമരം ക്ഷേത്രത്തിനുമുന്നിലെ പൊതുവഴിയിലെയും ക്ഷേത്രത്തിലെയും പ്രവേശനം നിഷേധിച്ചുകൊണ്ടും മൂന്നുവശത്തെ വഴികൾ മാത്രം തുറന്നുകൊണ്ടും അവസാനിപ്പിക്കേണ്ടിവന്നു. ആ അർത്ഥത്തിൽ സമരം പരാജയമായിരുന്നെന്നു പഠനം സമർത്ഥിക്കുന്നു. പൊതുസമൂഹം ഏറ്റെടുക്കേണ്ടിയിരുന്ന സമരത്തെ ഹിന്ദുമതത്തിലെ മാത്രം സമരമാക്കി പരിമിതപ്പെടുത്താനും അന്യമതസ്ഥരെ അതിൽനിന്നു മാറ്റിനിർത്താനും ഗാന്ധിജി ശ്രമിച്ചത് സമരതന്ത്രത്തിലെ പിഴവായിരുന്നെന്നും ഇവർ വിലയിരുത്തുന്നു.

നമ്മളെപ്പോലെ ഫ്യൂഡലിസത്തിന്റെ ബാക്കിയായ വ്യക്ത്യാരാധനയൊന്നും ഇല്ലാത്ത ഭാരതീയേതരർക്ക് ഇത് അക്കാദമികതാത്പര്യമുള്ള കണ്ടെത്തലുകൾ മാത്രമാകുമ്പോൾ, ഗാന്ധിജിയുടെ ആദർശങ്ങളെ തിരിഞ്ഞുപോലും നോക്കാത്ത നമ്മൾക്കു കപടമായ ധർമ്മരോഷമൊന്നും തോന്നേണ്ട കാര്യമില്ലെങ്കിലും ഗാന്ധിഭക്തർക്ക് ഒരു മുതലെടുപ്പുവിവാദത്തിനു സ്കോപ്പുള്ളതാണീ പഠനം; ഗാന്ധിഘാതകർക്ക് അദ്ദേഹത്തിന്റെ മഹത്വം കുറച്ചുകാണിക്കാനുള്ള മറ്റൊരു വൈക്കോൽത്തുരുമ്പും. എന്നാൽ, ഈ പഠനം വൈക്കം സത്യഗ്രഹത്തിന്റെയോ ഗാന്ധിജിയുടെയോ പ്രസക്തി തെല്ലും കുറയ്ക്കുകയല്ലെന്നും മറിച്ച് അവയുടെ ലോകമാകെയുള്ള പുനർവായനയ്ക്കും ഗാന്ധിയൻ സമരങ്ങളുടെ ശാസ്ത്രീയമായ ആസൂത്രണാത്തിനും ഉപാധിയാകുകയാണെന്നും മേരി കിങ് ചൂണ്ടിക്കാട്ടുന്നു.

ഗാന്ധിജി നയിച്ച ഏക പൗരാവകാശസമരവും ഗാന്ധിയൻ സമരരീതിയുടെ ആദ്യപരീക്ഷണവുമായിരുന്നു വൈക്കത്തേതെന്ന് അവർ ഓർമ്മിപ്പിക്കുന്നു. അദ്ദേഹത്തിന്റെ പങ്കാളിത്തം ഇല്ലായിരുന്നെങ്കിൽ ആ സമരം ഇന്നത്തെപ്പോലെ ആഗോളശ്രദ്ധനേടിയ സമരമാകുമായിരുന്നില്ലെന്നും അവർ സാക്ഷ്യപ്പെടുത്തുന്നു. സർവ്വോപരി, ഗാന്ധിജി ഏറ്റവുമധികം എഴുതുകയും ചിന്തിക്കുകയും ചെയ്ത അയിത്തം എന്ന പ്രശ്നത്തിലേക്ക് അദ്ദേഹത്തെ വലിച്ചിട്ടത് വൈക്കം സത്യഗ്രഹവും റ്റി.കെ. മാധവനും ആണെന്നും ഇതെല്ലാം വൈക്കം സത്യഗ്രഹത്തിന്റെ എക്കാലത്തെയും പ്രസക്തിയാണെന്നും ഗാന്ധിജിയുടെ യഥാർത്ഥ പിന്തുടർച്ചക്കാരിയായ മേരി കരുതുന്നു.

## വൈക്കം സത്യഗ്രഹം എന്ന പാഠപുസ്തകം

വൈക്കം സത്യഗ്രഹത്തെപ്പറ്റി മേരി രചിച്ച ഗ്രന്ഥം ലോകമാകെ ഇതിനകം ചർച്ചയായിക്കഴിഞ്ഞു; വൈക്കം സത്യഗ്രഹവും. ഓക്സ്ഫെഡ് യൂനിവേഴ്സിറ്റി പ്രസ് പ്രസിദ്ധീകരിച്ച ഈ പുസ്തകത്തിന്റെ പേര് *'ഗാന്ധിയൻ നോൺവയലന്റ് സ്ട്രഗ്ൾ ആൻഡ് അൺടച്ചബിലിറ്റി ഇൻ സൗത്ത് ഇൻഡ്യ: ദ് 1924 – 25 വൈക്കം സത്യഗ്രഹ ആൻഡ്*



വൈക്കം സത്യാഗ്രഹം സംബന്ധിച്ച മേരി ഇ. കിങ്ങിന്റെ പുസ്തകത്തിന്റെ പ്രകാശനം തിരുവനന്തപുരത്തു നടന്നപ്പോൾ.

*ദ് മെക്കാനിസം ഓഫ് ചെയ്ഞ്ച്* എന്നാണ്. അക്കാലത്ത് ഉണ്ടായിരുന്നതും പിന്നീട്ട നിന്നുപോയതുമായ പത്രങ്ങളുടെയും ആനുകാലികങ്ങളുടെയും പ്രതികൾവരെ തേടിപ്പിടിച്ചും കൊളോണിയൽക്കാലത്തെ ഔദ്യോഗികരേഖകളും തിരുവിതാംകൂർ കൊട്ടാരത്തിലേതടക്കമുള്ള പുരാരേഖകളും പരിശോധിച്ചും സമരസ്മരണകളുള്ള അവശേഷിക്കുന്ന ആളുകളുമായും നിരവധി ചരിത്രപണ്ഡിതരുമായുമെല്ലാം സംസാരിച്ചുമാണ് സമരത്തിന്റെ വസ്തുനിഷ്ഠമായ നാൾവഴി അവർ പുനഃസൃഷ്ടിച്ചത്. അക്കാലത്തെ ബ്രാഹ്മണമേധാവിത്വത്തിന്റെയും അവർണ്ണരുടെയും സാമൂഹികാവസ്ഥയുടെയുമൊക്കെ സുസൂക്ഷ്മമായ വിശകലനം നമുക്ക് അറിയാതിരുന്ന പല വിവരങ്ങളും മാനങ്ങളും വെളിപ്പെടുത്തുന്നു. ഗാന്ധിജിയെത്തന്നെ പുതിയ സാഹചര്യത്തിൽ പുനർവായിക്കാൻ വേണ്ട കരുക്കളും ഇതിൽ നിരവധിയാണ്. അറുന്നൂറ്റിനാലുദിവസത്തെ വൈക്കം സത്യഗ്രഹം അവസാനിപ്പിച്ചതിന്റെ തൊണ്ണൂറാം വാർഷികം 2015 നവംബർ 23-നു ആചരിക്കപ്പെട്ട വേളയിലാണ് ഈ പുസ്തകം പുറത്തിറങ്ങിയത് എന്ന പ്രാധാന്യവുമുണ്ട്.

ഇൻഡ്യയിൽവച്ച് തന്റെ പുസ്തകത്തിന്റെ പ്രകാശനം നടത്തണമെന്ന ആഗ്രഹം നിറവേറ്റാൻ സെപ്റ്റംബർ മദ്ധ്യത്തിൽ ഇവർ വീണ്ടും ഇവിടേക്കു വന്നു. കേരളത്തിൽ വൈക്കത്തും തിരുവനന്തപുരത്തും പ്രകാശനച്ചടങ്ങുകളിൽ പങ്കുകൊണ്ടു. കൊല്ലത്ത് പ്രൊഫ: ശ്രീനിവാസൻസ്മാരക പ്രഭാഷണവും ചെയ്തു. പുസ്തകപ്രകാശനത്തിനായി തിരുവനന്തപുരത്തെത്തിയപ്പോഴാണ് ഗാന്ധിജിയ്ക്ക് ആഗോളതലത്തിൽ വർദ്ധിച്ചുവരുന്ന പ്രസക്തിയുടെ വിസ്മയിപ്പിക്കുന്ന വിവരങ്ങൾ പങ്കുവയ്ക്കാൻ അവസരമുണ്ടായത്. കഥയടുക്കോടെ കാര്യങ്ങളറിയാൻ വൈക്കത്തുനിന്നുതന്നെ സംഭാഷണം തുടങ്ങി.

*മനോജ് കെ. പുതിയവിള:* എന്തുകൊണ്ടാണ് വൈക്കം സത്യഗ്രഹം തെരഞ്ഞെടുത്തത്?

*പ്രൊഫ: മേരി എലിസബെത് കിങ്:* ഞാൻ വൈക്കം തെരഞ്ഞെടുക്കുക ആയിരുന്നില്ല, വൈക്കം എന്നെ തെരഞ്ഞെടുക്കുകയായിരുന്നു. വൈക്കം സത്യഗ്രഹത്തെപ്പറ്റി എഴുതിയിട്ടുള്ള ഡോ: ജീൻ ഷാർപ് (Gene Sharp) 15 കൊല്ലം മുമ്പ് എന്നോടു പറഞ്ഞു, നിലവിലുള്ള രചനകളിലൊന്നും വൈക്കം സത്യാഗ്രഹത്തെപ്പറ്റി പറയുന്ന എല്ലാ കാര്യങ്ങളും ശരിയാകാൻ ഇടയില്ല; അവിടെ പോയി അതേപ്പറ്റി സമഗ്രമായി പഠിക്കേണ്ടതുണ്ട് എന്ന്. ഞാൻ അത് ഏറ്റെടുത്തു. സത്യഗ്രഹത്തെപ്പറ്റി മറ്റുള്ളവർ എഴുതിയ (സെക്കൻഡറി) പുസ്തകങ്ങൾ പരിശോധിച്ചു. പ്രശ്നത്തിലെ സങ്കീർണ്ണത കൂടുതൽ ബോദ്ധ്യപ്പെട്ടു. 'തൊട്ടുകൂടാത്തവരും തീണ്ടിക്കൂടാത്തവരും കണ്ണിൽപ്പെടാൻകൂടി പാടില്ലാത്തവരു'മായ ജനതയുടെ മഹാദുരിതം, അവഗണിക്കലിന്റെയും വിവേചനത്തിന്റെയും ചൂഷണത്തിന്റെയും സങ്കീർണ്ണവും സുഘടിതവുമായ അവസ്ഥ, എന്നെ അത്ഭുതപ്പെടുത്തി. വിവേചനം എന്നെ സംബന്ധിച്ച് അപരിചിതമല്ല. കുട്ടിക്കാലത്ത് ജന്മനാടായ വിർജീനിയയിൽ റോഡിലൂടെ വരുന്ന ആഫ്രിക്കൻ വംശജർ വെളുത്തവർഗ്ഗമായ എന്റെ അച്ഛനെ കാണുമ്പോൾ പിന്നാക്കം മാറി റോഡിൽനിന്ന് ഇറങ്ങിനിൽക്കുന്നതു ഞാൻ കണ്ടിട്ടുണ്ട്. അവഹേളനയുടെ പല രൂപങ്ങൾ. പക്ഷേ, കേരളത്തിലേതു വ്യത്യസ്തമായിരുന്നു. വ്യവസ്ഥപ്പെടുത്തിയ വിവേചനം!

ഞങ്ങൾക്കു ലഭ്യമായിരുന്ന വിവരങ്ങൾ പരിശോധിച്ചപ്പോൾ ഞാൻ കണ്ടത് എഴുതപ്പെട്ടവയെല്ലാം സത്യഗ്രഹം വിജയമായിരുന്നു എന്ന ഊതിപ്പെരുപ്പിച്ച, മഹത്വവത്ക്കരിച്ച, റിപ്പോർട്ടുകളാണെന്നാണ്. സമരക്കാരുടെ സഹനം കണ്ടു മനസലിഞ്ഞ ബ്രാഹ്മണർ റോഡു തുറന്നുകൊടുക്കുകയായിരുന്നു എന്നു പ്രസ്താവിക്കുന്ന ഒരൊറ്റ ഉദ്ധരണി അരഡസൻ പാശ്ചാത്യപണ്ഡിതരുടെ പുസ്തകങ്ങളിൽ കണ്ടു. എന്നാൽ ആ ഉദ്ധരണിയുടെ ആധികാരികത തെളിയിക്കുന്ന ഒരു രേഖയും എവിടെയും കണ്ടെത്താനായില്ല! കിഴക്കൻലോകത്തുവന്ന് ആഴത്തിൽ പഠിച്ചപ്പോൾ മനസിലായി അതൊരു ഒത്തുതീർപ്പായിരുന്നു എന്ന്. പ്രശ്നപരിഹാരം (resolution of conflict) ആയിരുന്നില്ല, പ്രശ്നം ഒതുക്കൽ (management of conflict) മാത്രമായിരുന്നു. ആഴത്തിലുള്ള പരിവർത്തനം ഉണ്ടായില്ല. സംഗതി വളരെ കുഴക്കുന്നതും നിഗൂഢവുമായി തോന്നി.

കേരളീയരും മറ്റ് ഇൻഡ്യക്കാരും പാശ്ചാത്യരുമായ പണ്ഡിതരുടേതായി ഓക്സ്ഫഡിലെ ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ടിലുള്ള അതിവിപുലമായ ശേഖരമത്രയും പരിശോധിച്ചു. അവിടെ സ്ഥലം പോരാഞ്ഞിട്ട് ഒരു വെയർഹൗസിൽ സൂക്ഷിച്ചിരിക്കുകയാണു പുസ്തകങ്ങൾ. അത്രയ്ക്കുണ്ടത്! അവ പരിശോധിച്ചപ്പോൾ ഡോ: ഷാർപ് പറഞ്ഞതിൽ കാര്യമുണ്ടെന്നു മനസിലായി.

ഓക്സ്ഫഡിലെ എന്റെ ഇൻസ്റ്റിറ്റ്യൂട്ട് (Rothermere American Institute) ഇൻഡ്യയിൽ വന്നു പഠിക്കാൻ ഒരു ഗ്രാന്റ് തന്നു. പഠനം ഏകപക്ഷീയമാകരുതെന്ന കരുതലോടെ ദില്ലിക്കു പറന്നു. തിരുവനന്തപുരത്തെ സംസ്ഥാന ആർക്കൈവിലെ രേഖകൾ ഡോ: ഷാർപ്പിന്റെ നിരീക്ഷണം ശരിയാണെന്നു കൂടുതൽ ബോദ്ധ്യപ്പെടുത്തി; വിശദീകരിക്കപ്പെടാത്ത പലതും ഉണ്ടെന്നും. ഗാന്ധി വൈക്കം സത്യഗ്രഹത്തെ ഒരു സാമൂഹികപ്രശ്നമായി കാണാതെ ഹി

ന്ദുമതത്തിലെ ആഭ്യന്തരപ്രശ്നമായി കണ്ടതു സമരത്തിന്റെ സാദ്ധ്യതകളിലും പരിസമാപ്തിയിലും സൃഷ്ടിച്ച പരിമിതികളും ശ്രദ്ധയിൽപ്പെട്ടു. വിട്ടുപോകലുകൾ കണ്ടെത്തിയും അതിഭാവുകാഖ്യാനങ്ങൾ വസ്തുതകളുടെ അടിസ്ഥാനത്തിൽ തിരുത്തിയും വൈക്കം സത്യഗ്രഹത്തിന്റെ പരമാവധി സമ്പൂർണ്ണമായ ഒരു നാൾവഴി സൃഷ്ടിക്കേണ്ടതിന്റെ അനിവാര്യതയാണ് ഈ പഠനം എന്റെ ഉത്തരവാദിത്തമാക്കി മാറ്റിയത്.

## ഭാവിസമരങ്ങൾക്കു കൺതെളിയാൻ

*മനോജ്:* വൈക്കം സത്യഗ്രഹത്തെപ്പറ്റിയുള്ള മേരിയുടെ ഈ പഠനവും കണ്ടെത്തലുകളും ഇപ്പോൾ നടക്കുന്നതും നടക്കാൻ പോകുന്നതുമായ സമരങ്ങളെ എങ്ങനെയാണു സ്വാധീനിക്കാൻ, സഹായിക്കാൻ പോകുന്നത്?

*മേ. കി.:* ഞാൻ നേരത്തേ സൂചിപ്പിച്ച, ഗാന്ധി ദക്ഷിണാഫ്രിക്കയിൽ ആയിരിക്കെ 1905-ൽ നേടിയ ഉൾക്കാഴ്ച, "എത്ര കരുത്തുറ്റ ഭരണാധികാരിക്കും പ്രജകളുടെ സഹകരണമില്ലാതെ ഭരിക്കാനാവില്ല"—അതൊരു അടിസ്ഥാനപരമായ കണ്ടെത്തലാണ്. നിങ്ങളുടെ കാര്യംതന്നെ ആദ്യം എടുക്കാം. ഇൻഡ്യക്കാരെ സംബന്ധിച്ചിടത്തോളം ആഴത്തിൽ പതിഞ്ഞ ഈ ബോധം പൊടിതട്ടിയെടുക്കുന്നത് നീതിക്കും മനുഷ്യാവകാശങ്ങൾക്കും ലിംഗസമത്വത്തിനും പരിസ്ഥിതിക്കും ഒക്കെവേണ്ടി തുടരുന്ന പോരാട്ടങ്ങൾക്ക് ഏറെ ഗുണം ചെയ്യും. എന്നിട്ടും ഇൻഡ്യൻ ബുദ്ധിജീവികൾ ഈ ദർശനത്തിൽ ദൂരവ്യാപകഫലങ്ങളുള്ള എന്തെങ്കിലും സംഭാവന ഇന്നത്തെ ലോകത്തിനുവേണ്ടി നല്കുന്നതായി കാണുന്നില്ല!

അഹിംസാസമരങ്ങളിലൂടെ ചരിത്രനേട്ടങ്ങൾ ഉണ്ടാക്കിയ സമൂഹങ്ങൾ ആ പ്രക്ഷോഭങ്ങൾ രേഖപ്പെടുത്തിവയ്ക്കുന്നതിൽ സ്വാഭാവികമായും പരാജയപ്പെട്ടു. അങ്ങനെ ഈ ലോകദർശനം ആഴത്തിൽ കുഴിച്ചുമൂടപ്പെട്ടു. അതിനുമേൽ അക്രമത്തിന്റെ സായുധശക്തികൾക്കും സായുധപോരാട്ടങ്ങൾക്കും സമൂഹം ഇല്ലാത്ത പ്രാധാന്യം കല്പിക്കുകയും അതാണ് ഏറ്റവും കരുത്തുറ്റ ശക്തി എന്നു ധരിക്കുകയും ചെയ്തു. സ്വാതന്ത്ര്യത്തിനും മറ്റനവധി ആവശ്യങ്ങൾക്കുമായി നടന്ന എണ്ണമറ്റ അഹിംസാസമരങ്ങളൊക്കെ ഏറെ നിശ്ചയദാർഢ്യമുള്ളവ ആയിരുന്നിട്ടും നാം കുറച്ചുകണ്ടു, മറന്നു, അവഗണിച്ചു, അല്ലെങ്കിൽ ചുരണ്ടിമായ്ക്കപ്പെട്ടു.

എന്റെ അഭിപ്രായത്തിൽ ഗാന്ധിയാണ് ഇരുപതാം നൂറ്റാണ്ടിലെ ഏറ്റവും മഹാനായ നേതാവ്; ലോകം മുഴുവൻ ഉറ്റുനോക്കിയ ആദ്യത്തെ പാശ്ചാത്യേതരവ്യക്തിയും. ഗാന്ധി സ്വാംശീകരിക്കാനും വ്യവസ്ഥപ്പെടുത്താനും കാര്യമായി പ്രയത്നിച്ച സമൂഹശക്തി ഉപയോഗിച്ചുള്ള അഹിംസാപ്രസ്ഥാനങ്ങൾ ഇന്ന് എല്ലാ ഭൂഖണ്ഡത്തിലും നമുക്കുണ്ട്. ഉദ്യോഗസ്ഥരും പടയാളികളും നിസ്സഹകരിച്ചാൽ സായുധ, സുരക്ഷാ സംവിധാനങ്ങളും സേനകളും പോലും പ്രവർത്തിക്കാതാകും.

*മനോജ്:* എന്തുകൊണ്ടാകാം ഗാന്ധിയൻ സമരസമീപനത്തിന് ഇത്തരമൊരു വിപര്യയം സംഭവിച്ചത്?

*മേ. കി:* പറയാം. ഉപ്പുസത്യഗ്രഹത്തിന്റെ വിവരണപാഠം മിത്താക്കി മാറ്റാനാണ് ഇൻഡ്യാചരിത്രം പ്രലോഭിതമായത്. അതേസമയം, മറ്റൊരു ചിന്താധാരക്കാർ യുദ്ധസന്നാഹങ്ങൾക്കായുള്ള അന്വേഷണങ്ങൾക്കു പിന്നാലെയുള്ള പരക്കംപാച്ചിലിൽ അതിനെ തള്ളിക്കളയുകയും തരംതാഴ്ത്തുകയും ചെയ്യുന്നു. ഇന്നത്തെ ഇൻഡ്യ എന്ന രാഷ്ട്രം (nation state) സൈനികശക്തിക്കു പണം ചെലവഴിക്കുന്നത് എനിക്കറിയാം. സൈനികശക്തിക്കു ഭീമമായി ചെലവാക്കുന്ന ഒരു രാജ്യത്തെ പൗരി എന്ന നിലയിൽ എനിക്ക് ജനങ്ങളുടെ കാഴ്ചപ്പാടുകളെ തകർക്കാനുള്ള അതിന്റെ സ്വാധീനശക്തിയും അറിയാം. ഇന്നത്തെ ഇൻഡ്യ സൈനികശക്തി വിപുലീകരിക്കുന്നതിനെ ന്യായീകരിക്കാൻ താല്പര്യപ്പെടുകയും അതേസമയം ഗാന്ധിയെ ബ്രിട്ടിഷുകാരോടുള്ള പോരാട്ടത്തിലെ ആദർശവാദിയായി ചിത്രീകരിക്കുകയും ചെയ്യുകയാണ്. സ്വാതന്ത്ര്യസമരത്തിൽ അഹിംസാത്മകപ്രതിരോധം പ്രയോഗിച്ചിരുന്നു എന്നതു മറന്നിട്ടില്ലെങ്കിലും അതിനെ സാമ്രാജ്യത്വവിരുദ്ധസമരത്തിനു മാത്രമുള്ള ഏർപ്പാടായാണു മിക്കവാറും കാണുന്നത്.

ഇൻഡ്യാചരിത്രത്തിൽ സാമൂഹികശക്തിയ്ക്കുള്ള പ്രാധാന്യത്തിന്റെ ചരിത്രം യു.എസിലെന്നപോലെ അവഗണിക്കപ്പെട്ടുകൂടു; അതു പലപ്പോഴും എഴുതപ്പെട്ടിട്ടുണ്ടെന്നിരിക്കിലും. ഉപ്പുസത്യഗ്രഹം ഒഴികെയുള്ള സമരങ്ങളൊന്നും ആഴത്തിൽ വിശകലനം ചെയ്തിട്ടുമില്ല. അഹിംസാസമരത്തിന്റെ സങ്കേതങ്ങൾ സംബന്ധിച്ച പഠനത്തിൽ ഇൻഡ്യൻ പണ്ഡിതർ പേരെടുത്തിട്ടില്ല. ഗാന്ധിയും ഒപ്പമുണ്ടായിരുന്നവരും അഹിംസാസമരരൂപങ്ങൾ പ്രായോഗികമായി പ്രയോഗിച്ചവരാണ്. എന്നിട്ടും ഈ തലം കേവലം അദ്ദേഹത്തിന്റെ ആദർശത്തിന്റെ ഭാഗം മാത്രമായും ഇന്നു പ്രസക്തമല്ലാത്ത ഒന്നായും തരംതാഴ്ത്തപ്പെടുന്നു. ഉപ്പുസത്യഗ്രഹം ഒഴികെയുള്ള സമരങ്ങളെ വിശകലനം ചെയ്യുന്നതിനു ഗൗരവതരമായ ബുദ്ധിമുട്ടുകൾ തടസമായി എന്നതാണു കാര്യം. വൈക്കം സത്യഗ്രഹം തന്നെ ഉദാഹരണം. യഥാർത്ഥത്തിൽ സംഭവിച്ചതിന്റെ തെറ്റായ വ്യാഖ്യാനമാണു ഞങ്ങൾക്കെല്ലാം കിട്ടിയത്. അതു തിരുത്തുന്നതിനാണ് എന്റെ പുസ്തകം. ഗാന്ധിയുടെ പ്രവർത്തനങ്ങളുടെ വിവിധവശങ്ങൾ ആഗോളതലത്തിൽ ഒരു നൂറ്റാണ്ടോളം വികലമായാണു മന

ഇടത്തുനിന്ന്: വൈക്കം സത്യാഗ്രഹം സംബന്ധിച്ച പുസ്തകത്തിന്റെ പ്രകാശനവേദിയിൽ തോമസ് ജേക്കബ്, എം എ. ബേബി, പ്രഭാവർമ്മ എന്നിവർക്കൊപ്പം മേരി ഇ. കിങ്; എം. എ. ബേബിയും മേരി ഇ. കിങ്ങും പുസ്തകപ്രകാശനവേദിയിൽ.





സിലാക്കപ്പെട്ടത് എന്നർത്ഥം. അഹിംസാസമരം എങ്ങനെ പ്രവർത്തിക്കുന്നു എന്നതുസംബന്ധിച്ച ആഗോളധാരണ അതുകാരണം വളച്ചൊടിക്കപ്പെട്ടു. ദൗർഭാഗ്യവശാൽ അതിന്റെ സിദ്ധാന്തവും പ്രയോഗവും വികലമായി ആവിഷ്കരിക്കപ്പെടാൻ ഇത് ഇടയാക്കി. പല മേഖലയിലും അഹിംസാസമരം അത് അർഹിക്കുന്ന ഗൗരവത്തിൽ പരിഗണിക്കപ്പെടാതെയും പോയി.

എന്റെ പുസ്തകത്തിൽ പരിശോധിക്കപ്പെടുന്ന നാൾവഴിയുടെ ഭാഗങ്ങൾ വിസ്മൃതിയിൽ ആണ്ടുപോയവയാണ്. ഗാന്ധിയുടെ നിർദ്ദേശപ്രകാരം സംഘടിപ്പിക്കപ്പെട്ട സവർണ്ണജാഥ, ബ്രാഹ്മണരും നായന്മാരും അടങ്ങുന്ന സവർണ്ണർ മഴനനഞ്ഞ് വൈക്കത്തുനിന്നു തിരുവനന്തപുരത്തേക്ക 124 മൈൽ നടന്നത്, 1924 നവംബർ 12-ന് അവർ തിരുവിതാംകൂർ മഹാറാണിക്ക നല്കിയ 25,000 പേർ ഒപ്പിട്ട ഭീമഹർജി - ഇത് 20-ാം നൂറ്റാണ്ടിലെ അഹിംസാസമരപ്പട്ടികയിലെ യശഃസ്തംഭമല്ലേ?

## ഗാന്ധിജിക്കു പറ്റിയ പിഴവ്


*മനോജ്:* പിന്നെ എവിടെയാണു ഗാന്ധിജിക്കു തെറ്റിയത്?

*മേ. കി.:* ഗാന്ധി ആഗ്രഹിച്ച ഹൃദയങ്ങളുടെയും മനസുകളുടെയും പരിവർത്തനം വൈക്കത്തു സംഭവിച്ചില്ല. ചോദ്യം ചെയ്യപ്പെടാവുന്ന ഒരു 'പ്രശ്നം തീർക്കൽ' ഗാന്ധിയും ബ്രിട്ടിഷുകാരനായ പൊലീസ് കമ്മിഷണറുംകൂടി തട്ടിക്കൂട്ടുകയായിരുന്നു. പക്ഷെ, അതു ദളിതരെ 604 ദിവസത്തിനു മുമ്പത്തെ അതേ അവസ്ഥയിൽ അവശേഷിപ്പിച്ചു! ഗാന്ധിയുടെ നേതൃത്വത്തിന്റെ അന്നത്തെ പരിമിതി പ്രതിഫലിക്കുന്ന ഇത് 'മനഃപരിവർത്തനം', 'സ്വയം സഹനം' തുടങ്ങിയവ സംബന്ധിച്ച ചില തെറ്റായ തത്വങ്ങളുടെ അടിസ്ഥാനത്തിൽ സംഭവിച്ചതാണ്. അദ്ദേഹം ആഗ്രഹിച്ചിരിക്കാവുന്ന മനഃപരിവർത്തനത്തിൽനിന്നു വളരെ അകലെ നില്ക്കുന്ന, സംശയാസ്പദമായ ധാരണയുടെ അടിസ്ഥാനത്തിലുള്ള ഒരു തീർക്കലായിരുന്നു അത്. പ്രശ്നം തീർക്കലല്ല, പ്രശ്നം മാനേജ് ചെയ്യൽ. സത്യഗ്രഹം കഴിഞ്ഞു 12 കൊല്ലത്തിനുശേഷം എല്ലാ ക്ഷേത്രങ്ങളും ക്ഷേത്രപാതകളും എല്ലാവർക്കുമായി രാജവിളംബരത്തിലൂടെ തുറന്നുകൊടുക്കുന്നതു വരെ സമരം പരാജയമായിരുന്നെന്നു വസ്തുനിഷ്ഠമായും പറയാൻ കഴിയും, സുദീർഘവും പരോക്ഷവുമായ അർത്ഥത്തിൽ അതിനെ നോക്കിക്കാണാത്ത ഏതാൾക്കും.

പഠനത്തിനായുള്ള അന്വേഷണം ഇവിടയാണു തുടങ്ങുന്നത്. ഇന്നും നാം പണിക്കുറ്റം തീർത്തുകൊണ്ടിരിക്കുന്ന സമരസങ്കേതങ്ങളുടെ ആദ്യപരീക്ഷണശാല ആയിരുന്നു വൈക്കം. സ്വന്തം തെറ്റുകളെ വിമർശിക്കാൻ ഗാന്ധി ഭയപ്പെട്ടിരുന്നില്ല. നമ്മളും വിമർശിക്കാൻ ഭയക്കരുത്. കാരണം അവിടെയാണു പഠനം.

*മനോജ്:* ഈ കണ്ടെത്തലും വിമർശനപഠനവും മറ്റു സമരങ്ങൾക്ക് എങ്ങനെയാണു പ്രയോജനപ്പെടുക?

*മേ. കി.:* സ്പെഷ്യലിസ്റ്റ് ചരിത്രകാരരുടെ, വേണ്ടത്ര ശ്രദ്ധകിട്ടാതെപോയ, പഠനങ്ങളിൽനിന്നു വ്യത്യസ്തമായി, വിവാദ ഒത്തുതീർപ്പടക്കം സമരത്തിന്റെ ഭാഗമായി



ഇണ്ടംതുരുത്തിമനയിൽ ഗാന്ധിജിക്ക് അയിത്താചരണപ്രകാരം ഒരുക്കിയ സ്വീകരണം: വൈക്കം സത്യാഗ്രഹം സംബന്ധിച്ച മേരി ഇ. കിങ്ങിന്റെ പുസ്തകത്തിന് ആർട്ടിസ്റ്റ് മദനൻ വരച്ച ചിത്രം.

നടന്ന സംഭവങ്ങളുടെ മുഴുവൻ വിവരണം, തെളിവുകളോടെ, അതും പരിശോധിച്ചുബോദ്ധ്യപ്പെടാവുന്ന രേഖകൾ സഹിതം, ഉണ്ടായിരിക്കുന്നു—അതാണീ പുസ്തകത്തിനുള്ള പ്രാധാന്യം. ഈ പുസ്തകം ഗാന്ധിയുടെ പിഴവുകൾ പരിശോധിക്കുകയും ഒപ്പം 1925-ൽ അദ്ദേഹത്തിന്റെ സംസാരം എങ്ങിനെ മാറുന്നു എന്ന് അവലോകനം ചെയ്യുകയും ചെയ്യുന്നുണ്ട്. Compel, compulsion, pressure, public opinion തുടങ്ങിയ പദങ്ങൾ അദ്ദേഹം ഉപയോഗിച്ചുതുടങ്ങിയതായി കാണുന്നത് അപ്പോഴാണ്. സിവിൽ നിയമലംഘനം (civil disobedience) പോലെ പലപദങ്ങളുംതന്നെ ഇംഗ്ലീഷിനു ഗാന്ധിയുടെ സംഭാവനയാണ്.

നിലനിന്നുപോരുന്ന തടസങ്ങളുടെയോ അടിച്ചമർത്തലുകളുടെയോ അവസ്ഥയിൽ സാമൂഹികമാറ്റത്തിന് എങ്ങനെയൊക്കെ സമ്മർദ്ദം ചെലുത്താമെന്ന് അദ്ദേഹം അതിഗഹനമായി ചിന്തിച്ചത് എപ്രകാരമെന്ന് ഗാന്ധിയുടെ വാക്യങ്ങൾ ഇത്തരത്തിൽ വിശകലനം ചെയ്യുന്ന ഒരാൾക്കു മനസിലാകും. പ്രേരിപ്പിക്കലിനെപ്പറ്റി (persuasion) എഴുതിയിട്ടുള്ളത്ര അദ്ദേഹം ബലാൽക്കാരമായോ തടയുകയോ അനുസരിപ്പിക്കുകയോ ഭീഷണി പ്രയോഗിക്കുകയോ (coercion) ചെയ്യുന്ന രീതിയെപ്പറ്റി എഴുതിയിട്ടില്ല. ഇതു തെറ്റിദ്ധാരണ വളർത്തിയിട്ടുണ്ട്. അക്രമരഹിതജനമുന്നേറ്റത്തിൽ അടങ്ങിയിരിക്കുന്ന ശക്തിയെപ്പറ്റി ആഴത്തിൽ അറിയാമായിരുന്ന, ആ ശക്തിയും പ്രയോഗവുമായി വർഷങ്ങളോളം മല്പിടിത്തം നടത്തിയ അദ്ദേഹം അതിന്റെ പരിമിതിയെപ്പറ്റി അധികം ഉത്ക്കണ്ഠപ്പെട്ടില്ല. പ്രേരണയിലും മനഃപരിവർത്തനത്തിലുമുള്ള വർദ്ധിച്ച ഊന്നൽ ചിലപ്പോൾ ഹാനികരമാകാം എന്നതാണു വസ്തുത. പ്ര

തിയോഗിക്കു പരിവർത്തനം സംഭവിക്കാതിരുന്നാൽ അത് അസഹ്യമായ അടിച്ചമർത്തൽ അംഗീകരിക്കുന്നതിലേക്കു നയിക്കാം.

ഗാന്ധിയുടെ സ്വന്തം പഠനപാത പിന്തുടർന്ന് ആ ജ്ഞാനം സ്വാംശീകരിക്കാൻ ശ്രമിക്കുന്നതിലൂടെ അദ്ദേഹത്തിന്റെ ശരിയായ, ഇന്നും തുടരുന്ന, പ്രസക്തിയാണു നാം പ്രത്യക്ഷീകരിക്കുന്നത്. വൈക്കം സത്യഗ്രഹത്തിൽനിന്നു ഗാന്ധിയെ മാറ്റിനിർത്താനും ആവില്ല. അയിത്തത്തിനെതിരെ സമീപനാടുകളിൽ നടന്ന സമാനസമരങ്ങൾ പരാജയപ്പെടുകയും ചരിത്രത്തിൽ ഇടം നേടാതെ പോകുകയും ചെയ്തത് അവയിൽ ഗാന്ധി ഇല്ലാതിരുന്നതുകൊണ്ടാണ്. ഗാന്ധി മറ്റേതു വിഷയത്തെക്കാളും കൂടുതൽ എഴുതിയത് അയിത്തത്തെപ്പറ്റിയാണെന്നു ഞാൻ കരുതുന്നു. ഇൻഡ്യ മുഴുവൻ വൈക്കത്തെപ്പറ്റിയുള്ള വാർത്തകളെ പിന്തുടരുകയായിരുന്നു. ബൃഹത്തായ ഒരു സാമൂഹികസാംസ്കാരിക പ്രശ്നത്തിലേക്കുള്ള ആഴ്ന്നിറങ്ങലായിരുന്നു വൈക്കം സത്യഗ്രഹത്തിന്റെ ഫലം. നമ്മുടെ ലോകം ഇന്നും വിവേചനത്തിന്റെയും മുൻവിധികളുടെയും കൊടിയ ദുരിതങ്ങൾ നേരിടുകയാണ്. അവയ്ക്കെല്ലാം വൈക്കത്തെ കഥയിൽ ഒരുപാടു പാഠങ്ങളുണ്ട്.

## മനഃപരിവർത്തനത്തിന്റെ സാദ്ധ്യത

*മേ. കി.:* ഞാൻ മുന്നോട്ടുവയ്ക്കുന്നത് ഇതാണ്: മനഃപരിവർത്തനത്തെ (conversion) നമുക്ക് തത്വത്തിൽ അംഗീകരിക്കാം, എന്നാൽ അതിനെ ഒരു സാധാരണ പ്രതിഭാസമെന്നു പ്രതീക്ഷിക്കാനാവില്ല. മനസുകളെ മാറ്റാൻ ഗാന്ധിക്കു സാധി



മന്നത്തിന്റെ സവർണ്ണജാഥ: വൈക്കം സത്യാഗ്രഹം സംബന്ധിച്ച മേരി ഇ. കിങ്ങിന്റെ പുസ്തകത്തിന് ആർട്ടിസ്റ്റ് മദനൻ വരച്ച ചിത്രം

ച്ചിട്ടുണ്ട് എന്നത് അപൂർവ്വതയാണ്. കോൽക്കത്തയിലെ വർഗ്ഗീയകലാപഭൂമിയിൽ കലാപത്തിനു പിന്നിലെ വില്ലൻ എന്നു ചൂണ്ടിക്കാട്ടപ്പെട്ട മുസ്ലിമായ ബംഗാൾ പ്രവിശ്യാ പ്രധാനമന്ത്രിയെ ആത്മാർത്ഥമായി പശ്ചാത്തപിപ്പിച്ചതും കലാപത്തിനിരയായ ഒരു വീട്ടിൽ തന്നോടൊപ്പം ഒരാഴ്ച തമസിക്കാൻ ഗാന്ധി പ്രേരിപ്പിച്ചതും അതു കലാപം കെട്ടടങ്ങുന്നതിലേക്കു നയിച്ചതും ഉദാഹരണമാണ്. സ്വാതന്ത്ര്യസമരത്തിലെതന്നെ വഴിത്തിരിവായിരുന്നു അത്.

സാമൂഹികമാറ്റം സാദ്ധ്യമാകുമെന്ന് അദ്ദേഹം പ്രതീക്ഷിക്കുകയും, ഒരുപക്ഷേ, നിർബ്ബന്ധം പിടിക്കുകയും ചെയ്ത രീതിയാണു സ്വയംസഹനത്തിലൂടെ മറ്റുള്ളവരിൽ ഉണ്ടാകുന്ന മനഃപരിവർത്തനം. എന്നാൽ, പൊതുവിൽ പറയുമ്പോൾ, അതു കാലത്തിന്റെ പരീക്ഷണങ്ങളെ അതിജീവിച്ചിട്ടില്ല. സത്യത്തിൽ ഇത് അപകടകരമായ ഒരു നിഗമനം ആയിരിക്കാം. അദ്ദേഹത്തിന്റെ ചിന്തയിലെ അടിസ്ഥാനപരമായ ഒരു പിഴവ്, അഹിംസാസമരം ഒരിക്കലും പരാജയപ്പെടില്ലെന്നും അത് ഏതു കഠിനഹൃദയത്തെയും അലിയിക്കുമെന്നും ഉള്ള അചഞ്ചലവിശ്വാസത്തോടെയുള്ള സഹനം സംബന്ധിച്ച മുൻവിധിയാണ്. ഇതു വിനാശകരവും അത്രതന്നെ അപര്യാപ്തവുമാണ്.

സാമൂഹികശക്തി സംബന്ധിച്ച അതിഭൗതിക ആത്മീയവത്ക്കരണം ചരിത്രം, രാജ്യാന്തരബന്ധങ്ങൾ, രാഷ്ട്രമീമാംസ, രാഷ്ട്രീയസിദ്ധാന്തം, സാമൂഹികശാസ്ത്രം, സാമൂഹിക-ജനമുന്നേറ്റസിദ്ധാന്തം തുടങ്ങിയ മേഖലകൾ അഹിംസാസമരത്തിനു നല്കുന്ന ഗൗരവത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. എന്റെ പ്രതീക്ഷ, ഇൻഡ്യൻ വിദ്യാർത്ഥികളും അദ്ധ്യാപകരും പണ്ഡിതരും പത്രപ്രവർത്തകരും ഗവേഷകരും സാമൂഹികശാസ്ത്രജ്ഞരും ചരിത്രകാരരുമൊക്കെ ഈ പഠനത്തിൽനിന്നു പ്രചോദനം ഉൾക്കൊള്ളുമെന്നും ഒരു രണ്ടാം പരിശോധന ആവശ്യമുള്ള ഗാന്ധിയൻസമരങ്ങൾ സംബന്ധിച്ച തീവ്രവും കരുത്തുറ്റതുമായ പഠനങ്ങൾ ലോകത്തിനാകെ ഗുണം ചെയ്യുമെന്നു തിരിച്ചറിയുമെന്നും ആണ്.

*മനോജ്:* ഇതൊക്കെയാണെങ്കിലും വൈക്കം സത്യഗ്രഹം പരിപൂർണ്ണവിജയം ആകാതെപോയി എന്നാണല്ലോ പുസ്തകത്തിൽ നിരീക്ഷിക്കുന്നത്. ഇനി ചരിത്രം വൈക്കം സത്യഗ്രഹത്തെ അങ്ങനെയാകുമോ വായിക്കുക?

*മേ. കി.:* ഹ്രസ്വകാലാടിസ്ഥാനത്തിൽ പരിശോധിച്ചാൽ, സമരം പരാജയമായിരുന്നെന്നും ഗാന്ധിയുടെ നയങ്ങളും വഴങ്ങാനുള്ള സവർണ്ണരുടെ വിമുഖതയും അതിനു കാരണമായി എന്നും ഒരാൾക്കു പറയാം. എന്നാൽ, ഗാന്ധി മറ്റേതു വിഷയത്തെക്കാളുമേറെ എഴുതിയതും പറഞ്ഞതും തൊട്ടുകൂടായ്മയെപ്പറ്റി ആയിരുന്നു. ഗാന്ധിയെ ആ വിഷയത്തിലേക്കു കൊണ്ടുവന്നത് ഈ സമരമാണ്. ഗാന്ധിയുടെ സാന്നിദ്ധ്യമാണ് ആ സമരത്തിനു സാർവ്വലൗകികമാനം നല്കിയത്. ഇൻഡ്യ മുഴുവൻ വൈക്കത്തുനിന്നുള്ള വാർത്തകളെ പിന്തുടരുകയായിരുന്നു. ഏഷ്യ മുഴുവൻ അതു പടർന്നു. അതിബൃഹത്തായ ഒരു സാമൂഹികസാംസ്കാരികസമസ്യയിലേക്കു ശക്തമായി ആഴ്ന്നിറങ്ങാൻ കഴിഞ്ഞു എന്നതാണ് അതിന്റെ ഫലം. ലോകമാകെയുള്ള അഹിംസാപ്രസ്ഥാനങ്ങൾക്കു ജീവവായുവായിരിക്കുന്ന രാഷ്ട്രീയദർശനത്തിന്റെയും ഉൾക്കാഴ്ചയുടെയും അടിസ്ഥാ





ഇടത്തുനിന്ന്: ഒരു ആഗോളീകരണവിരുദ്ധസമരത്തിലെ അഹിംസാസമരക്കാർ; വാൾ സ്ട്രീറ്റ് സമരത്തിനു പിന്തുണയുമായി എത്തിയ മുതിർന്ന അമേരിക്കൻ കലാകാരർ വില്ലി നെൽസൺ, പീറ്റ് സീഗർ, ആർലോ ഗുത്രി.

നപരമായ ആവിഷ്കാരത്തിന് അദ്ദേഹം നല്കിയ സംഭാവനകളെയും അതിന്റെ സമഗ്രതയെയും നാം കാണണം. പന്ത്രണ്ടുവർഷത്തിനു ശേഷമാണെങ്കിലും ക്ഷേത്രപ്രവേശനവിളംബരത്തിനു പ്രേരണയാകാനും സവർണ്ണരെക്കൂടി ഈ ആവശ്യത്തിനായി അണിനിരത്താനും കഴിഞ്ഞതും നിസ്സാരമല്ല.

## ഗവേഷണത്തിന്റെ രീതിശാസ്ത്രം

*മനോജ്:* ഇന്നത്തെക്കാലത്തു മാദ്ധ്യമങ്ങൾ താന്താങ്ങളുടെ താത്പര്യത്തിനനുസരിച്ച വാർത്തകൾ വളച്ചൊടിക്കുന്നതു വ്യാപകമാണല്ലോ. 'മാതൃഭൂമി'യെ ആണല്ലോ ഈ പഠനത്തിൽ കാര്യമായി ആശ്രയിച്ചിരിക്കുന്നത്. 'മാതൃഭൂമി' വൈക്കം സത്യഗ്രഹത്തിന്റെ ഭാഗമായിരുന്നു. അതിന്റെ മാനേജിങ് എഡിറ്ററായിരുന്ന സത്യഗ്രഹക്കൺവീനർ. അപ്പോൾ, ആ പത്രത്തിലെ റിപ്പോർട്ടുകളെ ഒരു ചരിത്രഗവേഷണത്തിൽ എങ്ങനെയാണ് അടിസ്ഥാനരേഖയായി കണക്കാക്കാൻ കഴിയുക?

*മേ. കി.:* 1924 – 25-ലെ വൈക്കം സത്യഗ്രഹം സംബന്ധിച്ച ദിനസരി ഞാൻ തയ്യാറാക്കിയത് മുഖ്യമായും പ്രാഥമികസ്രോതസുകളായ കത്തുകൾ, മറ്റ് ആശയവിനിമയങ്ങൾ, റിപ്പോർട്ടുകൾ, യോഗതീരുമാനങ്ങൾ, കൈകൊണ്ടെഴുതിയ കുറിപ്പുകൾ തുടങ്ങിയവയുടെ ഒറിജിനലുകൾ ആധാരമാക്കിയാണ്. രണ്ടാമത് ആശ്രയിച്ചത് പത്രപുരാരേഖകളെയും. ഒറിജിനലുകൾ അല്ലാത്തതും ചിലപ്പോഴൊക്കെ വിദഗ്ദ്ധരുടെ ചരിത്രവിശകലനങ്ങൾ അടങ്ങുന്നതുമായ ദ്വിതീയസ്രോതസുകൾ വായിച്ചുമനസിലാക്കുകയാണു പിന്നെ ചെയ്തത്. ഇൻഡ്യയിലെയും വിശിഷ്യാ കേരളത്തിലെയും ചരിത്രകാരർ, പണ്ഡിതർ, മാദ്ധ്യമപ്രവർത്തകർ തുടങ്ങിയവരുമായി നടത്തിയ അഭിമുഖങ്ങളായിരുന്നു നാലാമത്തെ സ്രോതസ്. ഇവയിൽ ഏതെങ്കിലും മൂന്നു വ്യത്യസ്തയിനം സ്രോതസുകളുമായെങ്കിലും ഓരോ സംഭവവും വ്യാഖ്യാനവും പറഞ്ഞുപതിഞ്ഞ വിവരവും പൊരുത്തപ്പെടുന്നു എന്ന് ഉറപ്പാക്കിമാത്രം സ്ഥിരീകരിക്കുക എന്ന രീതിസമ്പ്രദായമാണ് രാഷ്ട്രീയശാസ്ത്രകാരി എന്ന നിലയിൽ ഞാൻ പ്രയോഗിച്ചത്. 'ട്രയാംഗുലേഷൻ' എന്നാണ് ഈ രീതിക്കു പേര്.

സംഭവം കഴിഞ്ഞു നിരവധിവർഷം കഴിഞ്ഞുള്ള പഠനമാകയാൽ എല്ലാ ക്കാര്യത്തിലും ഇവയെല്ലാം പരിശോധിക്കാൻ ലഭ്യമായിരുന്നില്ല. ചരിത്രവ്യാഖ്യാനങ്ങളും പുരാരേഖകളും തമ്മിലുള്ള അന്തരം വെളിവാക്കുന്ന വസ്തുതകൾ പലതും കണ്ടു. സത്യഗ്രഹികൾതന്നെ എഴുതിയ പ്രാഥമികവിവരങ്ങളുടെ അഭാവം എന്നെ നിരാശയാക്കി. ഒരുപക്ഷേ, അവയ്യൊക്കെ പലവിധ വിശദീകരണങ്ങളുണ്ടാകാം. വിട്ടുപോകലിന്റെ ഈ തലം പുസ്തകത്തിൽ ഞാൻ പറഞ്ഞിട്ടുണ്ട്. പക്ഷേ, ഈ പ്രതിഭാസത്തെപ്പറ്റിയുള്ള ഒരു പഠനം എന്റെ പരിഗണനാവിഷയത്തിനു പുറത്തായിരുന്നു.

*'മാതൃഭൂമി'* റിപ്പോർട്ടുകളുടെ മെച്ചം, 604 ദിസത്തെ സമരകാലത്തുടനീളം ആഴ്ചയിൽ മൂന്നു റിപ്പോർട്ടുകൾ വീതം അയയ്ക്കുന്ന ഒരു ലേഖകൻ സ്ഥിരമായി അവിടെ ഉണ്ടായിരുന്നു എന്നതാണ്. ഒരു സംഭവത്തിന്റെ നാൾക്രമം തയ്യാറാക്കുന്നതിൽ ഒരു പത്രത്തിന്റെ റിപ്പോർട്ടിങ്ങിലെ ഇത്തരം സ്ഥൈര്യം അപൂർവ്വമാണ്. ഈ സ്ഥിരത ഒരു വസ്തുതയുടെ സ്ഥിരീകരണത്തിന് ഒരു ഗവേഷകയ്ക്ക് അമൂല്യമാണ്. വർഷങ്ങളെടുത്ത് ഇവയെ സനിഷ്കർഷം പരിശോധിച്ച കോഴിക്കോട് പി.എസ്.എം.ഒ. കോളെജിലെ പ്രൊഫ: വാസു തില്ലേരിയുടെ സംഭാവനകളും ശരിയായ നിഗമനങ്ങളിൽ എത്താൻ എന്നെ സഹായിച്ചു. കൂടാതെ ഇവയുടെ സ്ഥിരീകരണത്തിനു പുരാരേഖകളെയും മറ്റു പത്രങ്ങളെയും ഉപയോഗിക്കുകയും ചെയ്തിട്ടുണ്ട്. ഇവയിലുപരി 'മാതൃഭൂമി' പല ലക്കത്തിലും സത്യഗ്രഹത്തെപ്പറ്റി പത്രാധിപക്കുറിപ്പുകൾ എഴുതുകയും മറ്റു പത്രങ്ങളിൽ വന്ന മുഖപ്രസംഗങ്ങൾ പ്രസിദ്ധീകരിക്കുകയും ചെയ്തിരുന്നു. സത്യഗ്രഹത്തിൽ പങ്കെടുക്കുന്നവരുടെ അഭിപ്രായങ്ങൾ ലേഖകൻ റിപ്പോർട്ടുകളിൽ ചേർത്തതും സംഭവങ്ങളുടെ നാൾവഴി തയ്യാറാക്കാനും സംഭവങ്ങളോടു കൂടുതൽ അടുക്കാനും ഏറെ സഹായകമായി.

ചരിത്രകാരനായ കെ.കെ. കുസുമൻ എന്നോടു പറഞ്ഞതുപോലെ 'പൂർണ്ണവിജയമല്ലാത്ത, ഒത്തുതീർപ്പായ', ഭിന്നാഭിപ്രായം ഉണ്ടാകാവുന്ന അന്ത്യത്തിലേക്കു നീങ്ങുമ്പോൾ 'മാതൃഭൂമി' ലേഖകന്റെ റിപ്പോർട്ടുകളിൽ സംഭവങ്ങളെയും നടപടിക്രമങ്ങളെയും പറ്റി ഒരു ഉറപ്പുകുറവു ദൃശ്യമാണ്. എന്നാൽ, ഞാൻ രേഖപ്പെടുത്തിയ എല്ലാ അന്തർനാടകങ്ങളുടെയും മൊത്തം സന്ദർഭത്തിലേക്കു നോക്കുമ്പോൾ ഈ അവ്യക്തത എനിക്കു മനസിലായി. എന്റെ അറിവിൽപ്പെട്ടിടത്തോളം, എട്ടു പതിറ്റാണ്ടിനുശേഷമാണെങ്കിലും, ഈ സംഭവത്തിലെ ഓരോ വസ്തുതയെയും മൂന്നു സ്രോതസുകളിലെ വിവരങ്ങളുടെ പിന്തുണയോടെ സ്ഥിരീകരിച്ച തയ്യാറാക്കിയ ആദ്യനാൾവഴിവിവരണം ആണിത്. അതുകൊണ്ട്, ചിലപ്പോഴെല്ലാം പരോക്ഷമായ സ്ഥിരീകരണങ്ങൾക്ക് ഉതകിയിട്ടുണ്ടെങ്കിലും എഡിറ്റോറിയലുകൾ ഏറെ താല്പര്യം ഉണ്ടാക്കിയിട്ടില്ല.

ഇംഗ്ലിഷിലും മലയാളത്തിലുമായി ഇരുപതോളം പത്രങ്ങൾ 1905 ആകുമ്പോഴേക്കും തിരുവിതാംകൂറിൽ ഉണ്ടായതിനെപ്പറ്റിയും അവയുടെ മൊത്തം വരിക്കാരെക്കാൾ വിപുലമായ പൊതുസമൂഹത്തിലേക്ക് എത്തിയിരുന്നതിനെപ്പറ്റിയും പ്രൊഫ: ഗോപാലൻകുട്ടി നൽകിയ വിവരണം കാര്യമായ മതിപ്പ് എന്നിൽ ഉണ്ടാക്കിയിരുന്നു. അതിനു കാരണം അന്നത്തെ അസാധാരണ

മായ ഉയർന്ന സാക്ഷരതയും പൊതുക്കാര്യങ്ങളിൽ വളർന്നിരുന്ന താത്പര്യവും ആയിരുന്നുവെന്ന് എനിക്കു മനസിലായി. രാജഭരണപ്രദേശമായ തിരുവിതാംകൂറിലെ പ്രശ്നങ്ങളെ ആനിലയിൽ കണ്ട് ഇടപെടാനും അവിടത്തെ ഒരുപിടി ചെറിയ ദേശീയവാദി, പരിഷ്കരണവാദി പത്രങ്ങൾക്കിടയിൽ ഇടം കണ്ടെത്താനും വൈക്കംസംഗതികളിൽ സൃഷ്ടിപരമായ പങ്കുവഹിക്കാനും 'മാതൃഭൂമി'യെന്ന ബ്രോഡ്ഷീറ്റ് പത്രത്തെ അതിന്റെ പ്രവർത്തകർ ഉപയോഗപ്പെടുത്തിയതിനെപ്പറ്റി ഞാൻ എന്റെ പുസ്തകത്തിൽ സൂചിപ്പിക്കുന്നുണ്ട്. ഭൂവുടമാവർഗ്ഗത്തിന്റെ പത്രങ്ങൾ എതിർചേരിയിൽ ആയിരുന്നു. നാൾവഴി തയ്യാറാക്കാൻ ഉതകുമാറ് മറ്റുള്ളവയെ അപേക്ഷിച്ച് 'മാതൃഭൂമി' പുലർത്തിയ നൈരന്തര്യത്തെ ഞാൻ സ്വാഗതം ചെയ്യുകയും മറ്റു പത്രങ്ങളിൽ പരന്നുകിടക്കുന്ന വിവരങ്ങളിൽ പരതാനുള്ള സൂചനകൾക്ക് അടിസ്ഥാനമായി അതിനെ ആദരിക്കുകയും ചെയ്തിട്ടുണ്ട്.

## ഗാന്ധിയൻ സമരത്തിന്റെ അമേരിക്കൻ 'രാജ'പാത

*മനോജ്:* ഗാന്ധിജിയെയും അനുയായികളെയും കാണാനും അദ്ദേഹത്തിന്റെ സമരരീതി മനസിലാക്കാനുമായി അമേരിക്കയിലെ ആഫ്രിക്കൻ വംശജർ 1920-കൾക്കും 1950-കൾക്കും ഇടയിൽ നിരവധിതവണ ഇവിടെ വന്നുപോയിരുന്നു എന്നതും ഗാന്ധിജിയുടെ സഹനസമരത്തിന്റെ വിജയം അമേരിക്കയിൽ വ്യാപകമായ പ്രചാരം നേടിയിരുന്നു എന്നതും മേരിയുടെ പുസ്തകത്തിൽനിന്നാണ് അറിഞ്ഞത്. ഇവിടെ പലർക്കും അതു കൗതുകകരമായ അറിവാണ്. അമേരിക്കൻ പൗരാവകാശപ്രക്ഷോഭത്തിൽ പങ്കെടുത്തവർക്ക് അക്രമരഹിതസമരമാർഗ്ഗത്തിൽ പ്രത്യേക പരിശീലനം വിദഗ്ധരെ ഉപയോഗിച്ചു നല്കിയിരുന്നു എന്നതും ഇവിടെ പലർക്കും അറിയില്ല. മാർട്ടിൻ ലൂഥർ കിങ് ജൂനിയർ പോലും ഈ പരിശീലനം നേടിയിരുന്നു. അദ്ദേഹത്തെ പരിശീലിപ്പിച്ച അതേ വിദഗ്ധരിൽനിന്നു പരിശീലനം നേടാൻ അവസരം ലഭിച്ച ആളാണു താങ്കളും. എങ്ങനെയാണതു സംഭവിച്ചത്?

*മേ. കി.:* 1920-കളിൽ അയിത്തത്തിനെതിരെ ഇവിടെ നടന്നിരുന്ന സഹനസമരത്തെ പ്രത്യാശയോടെ നോക്കിക്കാണുന്ന ഒരു സമൂഹം ഭൂഗോളത്തിന്റെ മറുപു

ഇടത്തുനിന്ന്: അഹിംസാസമരത്തിന്റെ കലാത്മകമുഖം; വാൾ സ്ട്രീറ്റ് സമരത്തിനു പിന്തുണയുമായി എത്തിയ മുതിർന്ന അമേരിക്കൻ ഗായകൻ പീറ്റ് സീഗറും മറ്റു കലാകാരരും.







റത്ത് ഉണ്ടായിരുന്നു—അമേരിക്കയുടെ തെക്കൻപ്രവിശ്യകളിലെ ആഫ്രിക്കൻ അമേരിക്കക്കാർ. അയിത്തത്തിന്റെ ഇരകൾ എന്നനിലയിൽ തുല്യദുഃഖിതർ. മാർട്ടിൻ ലൂഥർ കിങ് ജൂനിയർ നേതൃത്വത്തിലേക്ക് ഉയരുന്നതിനു മുമ്പുതന്നെ പത്രങ്ങളിലൂടെ ഗാന്ധിയൻ സമരത്തെപ്പറ്റി അറിഞ്ഞ പ്രത്യുത്പന്നമതികൾ പലരും ഇൻഡ്യയിലേക്കു കപ്പൽ കയറി. കലാശാലകളിലെയും സെമിനാരികളിലെയും വകുപ്പുതലവർ, പുരോഹിതർ, മറ്റ് ഉന്നതപദവികളിൽ ഉള്ളവർ ഒക്കെ. അവർ സമരവേദികൾ സന്ദർശിച്ചു, അനുഭവസ്ഥരിൽനിന്നു പലതും പഠിച്ചു, ഇവിടെയുള്ളവരുമായി ആശയശൃംഖല ഉണ്ടാക്കി, വാർത്തകൾ കിട്ടാൻ ഏർപ്പാടുണ്ടാക്കി. മടങ്ങിയെത്തിയവർ അമേരിക്കയിൽ ലേഖനങ്ങൾ എഴുതി, പ്രഭാഷണങ്ങളും ക്ലാസുകളും സംവാദങ്ങളും നടത്തി. അവിടെ കറുത്തവർ നടത്തിയിരുന്ന വിവിധ പത്രങ്ങളിൽ വൈക്കം അടക്കമുള്ള സമരങ്ങളുടെ വാർത്തകൾ പ്രാധാന്യത്തോടെ നിരന്തരം വന്നുകൊണ്ടിരുന്നു. പല ഇൻഡ്യൻനേതാക്കളും അമേരിക്കയിലെത്തി അവിടത്തെ പൗരാവകാശപ്രസ്ഥാനവുമായി ബന്ധം സ്ഥാപിച്ചു.

അക്ഷരാർത്ഥത്തിൽ ഗാന്ധിജിയിൽനിന്നു പഠിച്ചാണ് അമേരിക്കയിലെ വർണ്ണവിവേചനത്തിനെതിരെ തുടങ്ങി പിന്നീടു പുതിയ മേഖലകളിലേക്കു വളർന്ന പൗരാവകാശപ്രസ്ഥാനത്തിനു മാർട്ടിൻ ലൂഥർ കിങ് ജൂനിയർ രൂപം നല്കിയത്. ആഫ്രിക്കനമേരിക്കൻനേതാക്കൾ 1919-മുതൽ രണ്ടാം ലോകമഹായുദ്ധം പൊട്ടിപ്പുറപ്പെടുന്നതുവരെ സ്റ്റീമർക്കപ്പലുകളിൽ ഇൻഡ്യയിലേക്കു വന്നുകൊണ്ടേയിരുന്നു, ഗാന്ധിയിലും ഇൻഡ്യൻ സ്വാതന്ത്ര്യസമരത്തിലുംനിന്ന് അഹിംസാസമരം പഠിക്കാൻ. അവർ തിരികെ വന്നും ഇൻഡ്യയിൽനിന്നു പരിചയസമ്പന്നരെ അമേരിക്കയിൽ കൊണ്ടുവന്നും വിപുലമായ പരിശീലനങ്ങൾ സംഘടിപ്പിച്ചു. ഗാന്ധിയൻസമരത്തെപ്പറ്റി പുസ്തകങ്ങൾ ലഭ്യമായിത്തുടങ്ങിയതോടെ അവ കൈമറിഞ്ഞുകൈമറിഞ്ഞു വായിക്കപ്പെട്ടു. ഇൻഡ്യൻപ്രക്ഷോഭകരുമായി വലിയതോതിലുള്ള ആശയവിനിമയമാണ് അന്നു നടന്നത്.

തെക്കേയമേരിക്കയുടെ ഉള്ളറകളിലെ ജനസമൂഹങ്ങൾ പോലും അഹിംസാസമരത്തിന്റെ ആശയങ്ങളെപ്പറ്റി വിപുലമായ അറിവുള്ളവരായി! ഇന്നും ആ ആശയം പരസ്പരം കൈമാറുന്നു എന്നതാണു സത്യം. ചരിത്രകാരനായ സുദർശൻ കപൂർ ഇതേക്കുറിച്ചു വിശദമായി എഴുതിയിട്ടുണ്ട്. 'റെയ്സിങ് അപ് എ പ്രോഫെറ്റ്' എന്ന പുസ്തകത്തിൽ അദ്ദേഹം വിവരിക്കുന്ന, അമേരിക്കയിലെ കറുത്തവരുടെ നേതാക്കളും ഗാന്ധിയൻപ്രവർത്തകരും തമ്മിൽ നടന്ന വലിയ ആശയവിനിമയമാണ് അക്രമരഹിതസമരം സംബന്ധിച്ച് കറുത്തവർക്കിടയിൽ ഏകാഭിപ്രായം ഊട്ടിയുറപ്പിച്ചത്. ഈ അറിവു കിഴക്കുനിന്നു പടിഞ്ഞാറേക്കു വന്നതിനെപ്പറ്റി 'മഹാത്മ ഗാന്ധി ആൻഡ് മാർട്ടിൻ ലൂഥർ കിങ്' എന്ന ഗ്രന്ഥത്തിൽ ഞാനും എഴുതിയിട്ടുണ്ട്.

1936-ൽ വാർധയിൽ വന്നു ഗാന്ധിയെ കണ്ട ബൻജമിൻ മേയ്സ് പത്തു കൊല്ലത്തിനുശേഷം അറ്റ്ലാന്റയിലെ മോർ ഹൗസ് കോളെജിൽ നടത്തിയ പതിവു ചാപ്പൽപ്രഭാഷണം മാർട്ടിൻ ലൂഥർ കിങ് ജൂനിയർ എന്ന പതിനേഴുകാരന്റെ കണ്ണു തുറപ്പിച്ചു. അങ്ങനെയാണ് ആ 'പ്രവാചകന്റെ ഉദയം' ഉണ്ടായ




ഇടത്തുനിന്ന്: മാർട്ടിൻ ലൂഥർ കിങ് ജൂനിയർ വിഖ്യാതമായ 'ഐ ഹാവ് എ ഡ്രീം' പ്രസംഗം ചെയ്യുന്നു; ഫ്ലിന്റ് സത്യാഗ്രഹം.

ത്. കിങ് തന്നെ പിന്നീട്, 1959-ൽ, ഇൻഡ്യയിലെത്തി ഗാന്ധിയുമായി ബന്ധപ്പെട്ട വിവിധ കേന്ദ്രങ്ങൾ സന്ദർശിക്കുകയുണ്ടായി. ഇവിടെയും (തിരുവനന്തപുരത്തും) വന്നിരുന്നു. ഗാന്ധിയൻ സമരങ്ങളെപ്പറ്റി കൃഷ്ണലാൽ ശ്രീധരണി രചിച്ച '*വാർ വിത്തൗട്ട് വയലൻസ്*' എന്ന ഗ്രന്ഥത്തെ അടിസ്ഥാനമാക്കി കിങ് നടത്തിയ വിമർശനാത്മകപഠനമാണ് ജനകീയപ്രതിരോധത്തിന്റെ സങ്കേതങ്ങൾ സംബന്ധിച്ച ഇൻഡ്യൻപാഠങ്ങൾ അമേരിക്കൻജനതയ്ക്കു ശരിയായി പകർന്നുനല്കിയത്. ഗാന്ധിജിയുടെ പൗരപ്രതിരോധം (civil resistance) അടക്കമുള്ള സമരപരീക്ഷണങ്ങളെ വ്യാപകമായി പ്രയോഗിക്കാൻ പാകത്തിൽ വ്യവസ്ഥപ്പെടുത്തിയത് കിങ് ആണ്.

കിങ്ങിന്റെ മരണശേഷം അദ്ദേഹത്തിന്റെ രചനകൾ ലാറ്റിനമേരിക്കയിലെ അഹിംസാസമരത്തിനു കരുത്തായി. ഇൻഡ്യയിൽനിന്നു വന്ന ആ ആശയം ഭൂഖണ്ഡാന്തരങ്ങളിലേക്കു പിന്നെയും പരന്നു. '*വാർ വിത്തൗട്ട് വയലൻസ്*' ആണ് ഗാന്ധിജിയുടെ രചനകൾക്കൊപ്പം ലാറ്റിനമേരിക്കയടക്കം പലരാജ്യത്തെയും പ്രക്ഷോഭകർക്കു പാഠപുസ്തകം ആയത്. അഹിംസാസമരങ്ങളുടെ സംഘാടനത്തിൽ മിക്കപ്പൊഴും വൈദഗ്ധ്യത്തിന്റെയും അനുഭവത്തിന്റെയും പങ്കിടൽ അടക്കമുള്ള ആഴമുള്ള വേരുകൾ ഉണ്ടാകാറുണ്ട്. ഗാന്ധിജിക്കു പ്രചോദനമായത് അമേരിക്കയിലെ പഴയ 'അബോളിഷനിസ്റ്റ്' പ്രസ്ഥാനമായിരുന്നെന്ന് അമേരിക്കൻ ഗവേഷകയായ ഇറ ചേണസ് (Ira Chernus) 'അമേരിക്കൻ നോൺവയലൻസ്: ദ് ഹിസ്റ്ററി ഓഫ് ആൻ ഐഡിയ' എന്ന ഗ്രന്ഥത്തിൽ പറഞ്ഞിട്ടുണ്ട്. ഇതിൽനിന്നാണ് ഗന്ധിജിയും പലതും പഠിച്ചത്. (കിങ്ങിനു പരിശീലനം നൽകിയ അതേ വിദഗ്ധരിൽനിന്നു തന്നെയാണ് മേരിക്കും പരിശീലനം ലഭിച്ചത്. കിങ്ങിനൊപ്പം പൗരാവകാശപ്രക്ഷോഭത്തിൽ വിദ്യാർത്ഥിവിഭാഗത്തിന്റെ മുന്നണിയിലും മാദ്ധ്യമയേകോപനച്ചുമതലയിലും പ്രവർത്തിച്ച മേരിയുടെ പേരിലും കിങ് ഉണ്ടെങ്കിലും വെളുത്ത വർഗ്ഗക്കാരിയായ ഇവർക്ക് മാർട്ടിൻ ലൂഥർ കുടുംബവുമായി ബന്ധമൊന്നും ഇല്ല.)

*മനോജ്:* ഗാന്ധിയൻ സമരരീതി അമേരിക്കയിൽ എങ്ങനെയാണു പരീക്ഷിച്ചത്?

*മേ. കി.:* അക്കാലത്ത് അവിടങ്ങളിൽ വിവേചനം പലരൂപങ്ങളിലാണു നിലനിന്നത്. വെളുത്തവർ കയറുന്ന ബസിൽ കറുത്തവരെ കയറ്റില്ല. അവർക്കു പ്രത്യേകം ബസാണ്. വെളുത്തവർക്കുള്ള ഭക്ഷണശാലകളിൽ കറുത്തവർക്കു പ്രവേ

ശനമില്ല. പൊതുസ്ഥാപനങ്ങളിൽ ഇരുവിഭാഗത്തിനും പ്രത്യേകം കൗണ്ടറുകളായിരുന്നു. ഇതിനൊക്കെ എതിരെ സമരങ്ങളുണ്ടായി. വൈക്കം സത്യഗ്രഹം കഴിഞ്ഞു മൂന്നു പതിറ്റാണ്ടാകുമ്പോൾ അലബാമയിലെ മൊണ്ട്ഗോമറി പട്ടണത്തിലെ ബസ്സുകളിലെ വിവേചനം അവസാനിപ്പിക്കാൻ 'നിവർത്തനപ്രക്ഷോഭം' ആരംഭിച്ചു. ബസ് ബഹിഷ്കരിക്കൽ സമരം. മാർട്ടിൻ ലൂഥർ കിങ്ങ് ജൂനിയർ ആയിരുന്നു നേതാവ്. കറുത്തവർഗ്ഗക്കാരിൽ 90 ശതമാനം പേരും ബസ്‌യാത്ര ബഹിഷ്കരിച്ചതായി മാദ്ധ്യമങ്ങൾ എഴുതി. അതിലും കൂടുതലായിരുന്നു സമരപങ്കാളിത്തം. അവരോട് അനുഭാവം പ്രകടിപ്പിച്ച് വെളുത്തവരും ബസ് യാത്ര ഉപേക്ഷിക്കാൻ തുടങ്ങി. സമരം 381 ദിവസം നീണ്ടു. ബസുടമകൾക്കു മുട്ടുമടക്കേണ്ടിവന്നു. വിവേചനം പാടില്ലെന്നു പ്രാദേശികക്കോടതി വിധിക്കുകയും സുപ്രീം കോടതി അതു ശരിവയ്ക്കുകയും ചെയ്തു.

അതിവേഗം പടർന്നുപിടിച്ച ഒരു സമരമായിരുന്നു ഭക്ഷണക്കൗണ്ടറിലെ വിവേചനത്തിനെതിരെ വിദ്യാർത്ഥികൾ നടത്തിയത്. വടക്കേകരോലിനയിലെ ഗ്രീൻസ് ബൊറൊയിൽ നാലു കോളെജ് വിദ്യാർത്ഥികൾ 'വെളുത്തവർക്കു മാത്രം' ഉള്ള ഒരു ഭക്ഷണക്കൗണ്ടറിൽ പോയി കൊക്കക്കോള ആവശ്യപ്പെട്ടു. കൊടുത്തില്ല. തരുന്നതുവരെ മാറില്ല എന്നു പറഞ്ഞ് അവർ അവിടെ ഇരിപ്പുറപ്പിച്ചു. കുത്തിയിരിപ്പുസത്യഗ്രഹം എന്നാണു തങ്ങളുടെ സമരത്തിന്റെ പേരെന്നൊന്നും അറിയാതെ തുടങ്ങിയ 'കുത്തിയിരിപ്പുസത്യഗ്രഹം'! 1960 ഫെബ്രുവരി ഒന്നിനാണത്. രണ്ടുമാസത്തിനകം ആ സമരം നാഷ്‌വിൽ, ടെന്നെസി തുടങ്ങി 75-ൽപ്പരം പട്ടണങ്ങളിലേക്കും വർഷാവസാനത്തോടെ നൂറു പട്ടണങ്ങളിലേക്കും പടർന്നു. തെക്കൻസംസ്ഥാനങ്ങളിലെല്ലാം സമരം. എല്ലായിടത്തുംകൂടി 70,000 പേർ കുത്തിയിരിപ്പിൽ! ഇവർക്കൊപ്പം ഇരിക്കാൻ വെളുത്തവരും തയ്യാറായി. അവരുടെ എണ്ണവും കൂടിവന്നു. ഇതിൽ 3,600 കുട്ടികൾ ജയിലിലായി. എങ്കിലും 'വെളുത്തവർക്കുമാത്രം' എന്ന വർണ്ണവിവേചനബോർഡുകൾ വേഗത്തിൽ, എന്നാൽ നിശ്ശബ്ദം, അപ്രത്യക്ഷമാകാൻ തുടങ്ങി.

## അക്രമങ്ങളെ അതിജീവിച്ച സഹനസമരങ്ങൾ

*മനോജ്:* ഇവയെല്ലാം പൂർണ്ണമായും അക്രമരഹിതം ആയിരുന്നോ? തടസ്സപ്പെടുത്തൽശ്രമങ്ങൾ ഒന്നും ഉണ്ടായില്ലേ? വെളുത്തവരുടെ ഭരണകൂടത്തിന്റെ സമീപനം എന്തായിരുന്നു?

*മേ. കി.:* മനോജ്, ബോർഡുകൾ അപ്രത്യക്ഷമായതു 'നിശ്ശബ്ദം' ആണെന്നു ഞാൻ പറഞ്ഞില്ലേ. പ്രഖ്യാപനങ്ങളോ പത്രസമ്മേളനമോ ഒക്കെ ഒഴിവാക്കാൻ തന്ത്രശാലികളായ വർണ്ണവിവേചനക്കാർ ശ്രദ്ധിച്ചു. വെളുത്തവർ മാത്രമടങ്ങുന്ന പൊലീസ് സംവിധാനം 3,600 കുട്ടികളെ തുറുങ്കിലടച്ചത് പ്രശ്നത്തിൽ കടന്നുകയറാനും സമരക്കാരെ പ്രകോപിപ്പിച്ച് അക്രമത്തിനു പ്രേരിപ്പിക്കാനും അറസ്റ്റുകളെ നീതിമത്ക്കരിക്കാനും കൂടുതൽ അറസ്റ്റുകൾ നടത്താനും ഭയം വളർത്താനും നേതാക്കളെ തടവിലാക്കാനും ഒക്കെ ഉദ്ദേശിച്ചായിരുന്നു. എന്നാൽ, സമരം ചെയ്ത 70,000 പേരിൽ ഒരാളെങ്കിലും സമാധാനപാത കൈവിട്ടതായി എവിടെയും കേട്ടില്ല.

മൊണ്ട്ഗോമറി ബസ് ബഹിഷ്കരണം ഒരു സ്ഥലത്തു നിലനിന്ന ഒരു സമ്പ്രദായം ഒരു പ്രത്യേകസമരമാർഗ്ഗത്തിലൂടെ അവസാനിപ്പിക്കുകയായിരുന്നെങ്കിൽ നൂറിടത്ത് ഒരേസമയം വെവ്വേറെ സംഘടിപ്പിക്കപ്പെട്ട വിദ്യാർത്ഥിസമരം ഞങ്ങൾക്ക് എന്താണു പ്രാദേശികബഹുജനമുന്നേറ്റമാകുക എന്ന ദിശാബോധം നല്കി. അങ്ങനെ ഞങ്ങൾക്കൊരു 'പൗരാവകാശപ്രസ്ഥാനം' ഉണ്ടായി. ആ ഏപ്രിലിൽ 'സ്റ്റുഡന്റ് നോൺവയലന്റ് കോർഡിനേറ്റിങ് കമ്മിറ്റി' (SNCC) എന്ന വിദ്യാർത്ഥിക്കൂട്ടായ്മ നിലവിൽവന്നു. അവർ ഏകോപനം മാത്രമേ നടത്തിയുള്ളൂ. പ്രാദേശികസമരങ്ങൾ ഒരു ദേശീയപ്രതിഭാസമായി കണ്ണിചേർന്നു. അങ്ങനെ പ്രസ്ഥാനങ്ങളുടെ ഒരു പ്രസ്ഥാനമായി പൗരാവകാശപ്രസ്ഥാനം ദൃഢപ്പെടുകയായിരുന്നു.

## രണ്ടാം ഫെമിനിസ്റ്റ് തരംഗത്തിന്റെ തീപ്പൊരി

*മനോജ്:* ആ പ്രസ്ഥാനത്തിലൂടെയല്ലേ മേരി പ്രക്ഷോഭരംഗത്തെത്തുന്നത്?

*മേ. കി.:* അതെ. രണ്ടുവർഷത്തിനുശേഷം, 22-ാം വയസിൽ റ്റെലിവിഷൻവാർത്തയിൽ പ്രക്ഷോഭത്തെപ്പറ്റി കണ്ടറിഞ്ഞ ആവേശത്തിൽ ഇറങ്ങിപ്പുറപ്പെടുകയായിരുന്നു. കോളെജ് വിദ്യാർത്ഥിനിയായിരുന്നു അന്നു ഞാൻ. പിന്നീടൊരു തിരിച്ചുപോക്ക് ഉണ്ടായില്ല. അറ്റ്ലാന്റയിൽ എസ്.എൻ.സി.സി. ഭാരവാഹികളെ കണ്ട നിമിഷത്തിൽ എനിക്കു മനസിലായി, ഈ പ്രസ്ഥാനമാണ് എന്റെ ഇടമെന്ന്. ഏതുനിമിഷവും ജീവൻ അപകടത്തിലാകാവുന്ന സാഹചര്യത്തിലായിരുന്നു പ്രവർത്തനം. സഹപ്രവർത്തകർ കൊല്ലപ്പെട്ടിട്ടുണ്ട്. പത്രങ്ങൾ അവ റിപ്പോർട്ടു ചെയ്യുക പോലുമില്ല.

അപ്പോഴും പ്രസ്ഥാനത്തിൽ സ്ത്രീകൾക്കു രണ്ടാംകിടസ്ഥാനമേ ഉണ്ടായിരുന്നുള്ളൂ. സഹപ്രവർത്തകയായിരുന്ന കെയ്സി ഹെയ്ഡനുമായി ഏറെ രാത്രികളിൽ ചർച്ചചെയ്തിട്ടുണ്ട് ഈ വിഷയം. 1964-ൽ എല്ലാ മുഴുവൻസമയ പ്രവർത്തകരോടും ഓരോ പൊസിഷൻ പേപ്പർ എഴുതാൻ നിർദ്ദേശം വന്നപ്പോൾ കെയ്സിയും ഞാനും ചേർന്ന് എഴുതിയത് ഈ പ്രശ്നമാണ്.

ഇടത്തുനിന്ന്: തോക്കു തോല്കുന്ന അഹിംസാസമരം: വിയറ്റ്നാം യുദ്ധമുഖം; അഹിംസാസമരത്തിന്റെ പരീക്ഷണങ്ങൾ.





അതുപക്ഷേ, എങ്ങനെ സ്വീകരിക്കപ്പെടുമെന്ന് ഉത്ക്കണ്ഠ ഉണ്ടായിരുന്നു. അതുകൊണ്ട് പേരുപോലും വച്ചില്ല. എന്നിട്ടും ആ കുറിപ്പ് പരിഹാസവിഷയമായി. ഒരുവർഷം ആയപ്പോഴേക്ക വിഷയം അത്രയ്ക്ക വികാരപരം അല്ലാതായി. ഞങ്ങൾ മറ്റൊരു രേഖ തയ്യാറാക്കി, 1965 നവംബർ 18-ന്. 'സെക്സ് ആൻഡ് കാസ്റ്റ്: എ കൈൻഡ് ഓഫ് മെമ്മോ' (Sex and Caste: A KIND OF MEMO) എന്നായിരുന്നു തലക്കെട്ട്. ധൈര്യമായി പേരുവച്ച് ഒപ്പിട്ടു. വിവിധ സമാധാന, പൗരാവകാശ സംഘടനകളിലെയും വടക്കൻസംസ്ഥാനങ്ങളിലെ വിദ്യാർത്ഥിപ്രസ്ഥാനത്തിലെയും സ്റ്റുഡെന്റ്സ് ഫോർ ഡെമോക്രാറ്റിക് സൊസൈറ്റിയിലെയും 40 സ്ത്രീസംഘാടകർക്ക് അയച്ചു.

ഇക്കുറി അത് എസ്.എൻ.സി.സി.യുടെ മാത്രം പ്രശ്നമായല്ല സമൂഹത്തിന്റെയാകെ പ്രശ്നമായാണ് അവതരിപ്പിക്കപ്പെട്ടത്. വലിയസമൂഹത്തിൽ ജാതിവ്യവസ്ഥപോലെ നിലനില്ക്കുന്ന പൊതുനിയമത്തെപ്പറ്റി, സ്ത്രീ താണജാതിക്കാരിയായി കണക്കാക്കപ്പെടുന്നതിനെപ്പറ്റി, തങ്ങൾക്ക് ഇടമില്ലാത്ത അധികാരഘടനയ്ക്ക പുറത്തും ചുറ്റിലുമായി പ്രവർത്തിക്കാൻ സ്ത്രീയെ നിർബ്ബന്ധിക്കുന്ന ശീലത്തെപ്പറ്റി ഒക്കെയാണു ഞങ്ങൾ പറഞ്ഞത്. പല പുരുഷന്മാരും ഞങ്ങളുടെ ചർച്ചയിൽ പങ്കുകൊള്ളാൻ തയ്യാറായപ്പോൾ പലർക്കും പ്രതിരോധസ്വഭാവത്തിലല്ലാത പ്രതികരിക്കാൻ ആവില്ലായിരുന്നു. ഒരു സമൂഹത്തിൽ തുല്യരായി പ്രവർത്തിക്കുന്നതിൽ സ്ത്രീക്കും പുരുഷനും ഉള്ള പ്രശ്നം മനുഷ്യർ അഭിമുഖീകരിക്കുന്ന ഏറ്റവും അടിസ്ഥാനപ്രശ്നമാണെന്നു ഞങ്ങൾ പ്രഖ്യാപിച്ചു. ഇന്നു സ്വകാര്യബുദ്ധിമുട്ടുകളായി കാണുന്ന അടിസ്ഥാന മാനവികപ്രശ്നങ്ങളെ പൊതുപ്രശ്നങ്ങളായി കാണുന്നതും അധികാരമുള്ളവരുടെ ആവശ്യത്തിനനുസരിച്ചു ജനങ്ങളെ പരുവപ്പെടുത്തുന്നതിനു പകരം മനുഷ്യരുടെ ആവശ്യങ്ങൾ നിറവേറ്റാൻ പാകത്തിൽ സ്ഥാപനങ്ങളെ രൂപപ്പെടുത്തുന്നതുമായ ഒരു സമൂഹം സൃഷ്ടിക്കുന്നതിനെപ്പറ്റിയാണു ഞങ്ങൾ സംസാരിച്ചത്.


വലിയ ആവേശത്തോടെയാണ് അതു പലരും സ്വീകരിച്ചത്. ആധുനികസ്ത്രീപ്രസ്ഥാനത്തിനുള്ള തീപ്പൊരിയായിരുന്നു അത്. ഫെമിനിസത്തിന്റെ രണ്ടാം തരംഗം എന്നു വിളിക്കപ്പെടുന്ന മുന്നേറ്റത്തിനു തിരി കൊളുത്തിയ തീപ്പൊരി.

## വംശീയഭീകരതയും അരുനിന്ന പൊലീസും

*മനോജ്:* സമരങ്ങൾ അടിച്ചമർത്താൻ ഭരണകൂടം എങ്ങനെയൊക്കെയാണു ശ്രമിച്ചത്?

*മേ. കി.:* ഒരിടത്തെയും ഭരണകൂടങ്ങൾ സമരങ്ങളിൽ ഇടപെട്ടില്ല. കാരണം അമേരിക്കയിലെ ഫെഡറൽ ഭരണതത്ത്വം അനുസരിച്ച് അതതു മുനിസിപ്പാലിറ്റികൾക്കേ അതിന് അവകാശമുള്ളൂ. പൊലീസും അതതു പ്രാദേശികഭരണകൂടങ്ങളുടേതാണ്.

*മനോജ്:* ഫാഷിസ്റ്റ് സ്വഭാവമുള്ള സംഘടനകൾ എപ്പോഴും ഉപരിവർഗ്ഗ (ജാതി)ത്തിനൊപ്പം ആണല്ലോ നില്ക്കാറ്. അത്തരം സംഘങ്ങൾ ഈ സമരങ്ങളോട് എന്തു സമീപനമാണ് എടുത്തത്? അടിച്ചമർത്തൽശ്രമങ്ങൾ നടത്തിയോ?



ഇടത്തുനിന്ന്: 1913 മാർച്ച് 3-ന വാഷിങ്ടൻ ഡി.സി.യിൽ നാഷണൽ അമേരിക്കൻ വിമെൻ സഫ്രേജ് അസോസിയേഷൻ പരേഡിൽ ഇനെസ് മിൽഹോളൻഡ് ബൊയ്സെവേയ്ൻ ; ഗാന്ധിജിയുടെ നേതൃത്വത്തിൽ നടന്ന ദണ്ഡി യാത്ര.

*മേ. കി.:* ഫാഷിസം എന്നത് നിർവ്വചനപ്രകാരം ഏകാധിപതിക്കുകീഴിൽ അധികാരം കേന്ദ്രീകരിക്കുന്ന ഭരണകൂടത്തിന്റെ സ്വഭാവമാണ്. അമേരിക്കയെസംബന്ധിച്ച് ആ അവസ്ഥ ഇല്ല. ബ്രിട്ടന്റെ കോളനിവാഴ്ചയിൽനിന്നു സ്വാതന്ത്ര്യത്തിനു ശ്രമിക്കുമ്പോൾമുതലേ അധികാരകേന്ദ്രീകരണത്തിനു വഴിവയ്ക്കാത്ത ഭരണസംവിധാനം വേണം ആവിഷ്കരിക്കാൻ എന്ന നിഷ്കർഷ പുലർത്തിയിരുന്നു. അതുകൊണ്ട് ഏറെ വികേന്ദ്രീകൃതമാണ് അമേരിക്കയിലെ ഭരണം. ഫാഷിസ്റ്റ് ഭരണം അവിടെ അസംഭവ്യമാണ്.

*മനോജ്:* ഭരണകൂടത്തിന്റെ കാര്യമല്ല, അത്തരം സ്വഭാവമുള്ള സംഘടനകളെയാണ് ഉദ്ദേശിച്ചത്.

*മേ. കി.:* പ്രാദേശികതലത്തിലും സംസ്ഥാനത്തും നിക്ഷിപ്തതാത്പര്യക്കാരായ ചില മേലാളർ അധികാരം കയ്യാളുകയും അടക്കിഭരിക്കുകയും ചെയ്യുന്ന ഭരണകൂടങ്ങൾ (oligarchies) ഉണ്ടായിരുന്നു. അവർ ഞങ്ങളെ എതിർത്തിരുന്നു. പ്രഖ്യാപിതവംശീയവാദികളായ അവർ വിഭാഗീയതയെ അരക്കിട്ടുറപ്പിക്കുന്ന വ്യവസ്ഥകൾ ഉണ്ടാക്കുകയും ആരാലും ചോദ്യംചെയ്യപ്പെടാതെ ഭരിക്കുകയും ചെയ്യുന്നവരായിരുന്നു. രഹസ്യധാരണയുടെ അടിസ്ഥാനത്തിൽ വടക്കൻ സംസ്ഥാനങ്ങളുടെ മൗനാനുമതിയും ഇവർക്കുണ്ടായിരുന്നു.

തെക്കൻ ഐക്യനാടുകളിൽ മിസിസിപ്പി ആയിരുന്നു ഏറ്റവും കുഴപ്പം. ഭീകരപ്രവർത്തനവും നിയമം കയ്യിലെടുത്തു പ്രതികാരം ചെയ്യുന്നതുമൊന്നും അവിടെ ശിക്ഷാർഹമായിരുന്നില്ല. പൗരാവകാശപ്രസ്ഥാനകാലത്ത്, 1964 – 65-ൽ അവിടമായിരുന്നു എന്റെ പ്രവർത്തനമേഖല. ഞാൻ പോന്നശേഷം ഒരു പത്രപ്രവർത്തകൻ കണ്ടെത്തിയത് അക്കാലത്ത് അവിടത്തെ നിയമപാലകരിൽ പകുതിയോളംപേരും 'കു ക്ലക്സ് ക്ലാൻ' (Ku Klux Klan) എന്ന ഭീകരസംഘത്തിലെ അംഗങ്ങളോ അതുമായി ബന്ധമുള്ളവരോ ആയിരുന്നെന്നാണ്. കറുത്തവരായാലും വെളുത്തവരായാലും വർണ്ണവിവേചനത്തിന്റെ വ്യവസ്ഥകൾ തെറ്റിക്കാൻ ധൈര്യപ്പെടാത്തവിധം ഭീകരത ഇവർ സൃഷ്ടിച്ചിരുന്നു. പൊതുവിൽത്തന്നെ തെക്കൻദേശങ്ങളിൽ നിയമപാലകർ ഏറിയും കുറഞ്ഞും സമരങ്ങളിൽ കടന്നുകയറാനും തടസങ്ങൾ ഉണ്ടാക്കാനും അക്രമം കാട്ടാനും പ്രകോപിപ്പിക്കാനും ശ്രമിക്കുകയും സമരത്തെ എതിർക്കുന്നവരുടെ

അതിക്രമങ്ങൾക്കും അധിക്ഷേപങ്ങൾക്കും നേരെ കണ്ണടയ്ക്കുകയും ചെയ്തിരുന്നു. പ്രക്ഷോഭങ്ങളിലൂടെ വിവേചനം അവസാനിപ്പിക്കുന്നതുവരെ അതു നിയമവിധേയമായിരുന്നു എന്ന് ഓർക്കണം. അതിന്റെ ആനുകൂല്യവും പ്രതിയോഗികൾക്ക് ഉണ്ടായിരുന്നു.

മിസിസിപ്പിയിൽ എന്റെ മൂന്നു സഹപ്രവർത്തകരെ 1964-ൽ നിയമപാലകർ വധിച്ചിരുന്നു. പൊലീസും ഭീകരരും തമ്മിലുള്ള അവിശുദ്ധകൂട്ടുകെട്ടുകാരണം ദശാബ്ദങ്ങളോളം ഇവരുടെമേൽ കുറ്റം ചുമത്തുകപോലും ഉണ്ടായില്ല. അക്കൊല്ലം കറുത്തവരെ വോട്ടർപ്പട്ടികയിൽ ചേർക്കാൻ നടത്തിയ 'ഫ്രീഡം സമ്മർ' പരിപാടിയുടെ ഒരു പേരുചേർക്കൽ കേന്ദ്രമായിരുന്ന പള്ളിയിൽ ആരോ ബോംബ് സ്ഫോടനം നടത്തി. ഇതറിഞ്ഞു കാര്യം അന്വേഷിച്ച പോയ മൂന്നുപേരെയും അവിടെനിന്നു കാണാതാകുകയായിരുന്നു. ഇതിൽ ദുരൂഹതയുണ്ടെന്നു മരിച്ച യുവാക്കളുടെ കുടുംബങ്ങളെ ബോദ്ധ്യപ്പെടുത്തേണ്ടത് എന്റെ ഉത്തരവാദിത്തമായിരുന്നു.

(ഇപ്പോൾ ഇതു പുസ്തകമാക്കാനായി പുനഃപരിശോധിക്കുമ്പോൾ, ഇതൊക്കെത്തന്നെയാണല്ലോ പിന്നെയും അരനൂറ്റാണ്ടിനിപ്പുറവും 'ജനാധിപത്യയിൻഡ്യ'യിൽ സംഭവിക്കുന്നത് എന്ന് ഓർത്തുപോയി.)

*മനോജ്:* ഇപ്പോഴും കറുത്തവർക്കുനേരെ പൊലീസിന്റെയടക്കം അതിക്രമങ്ങൾ അമേരിക്കയിൽനിന്നു റിപ്പോർട്ട് ചെയ്യപ്പെടുന്നല്ലോ. ഭരണഘടനയും നിയമവും ജനാധിപത്യവുമൊക്കെ ഉണ്ടായിട്ടും എന്തുകൊണ്ടിത്?

*മേ. കി:* നിയമനിർമ്മാണ—പരിപാലന—ഭരണസ്ഥാപനങ്ങൾ താന്താങ്ങളുടെ അധികാരാവകാശങ്ങൾ ഉറപ്പിക്കാനുള്ള മാത്സര്യബന്ധം നിലനിർത്തുന്നു. ഈ മൂന്നു മേഖലയിലും ദേശീയ-സംസ്ഥാന-തദ്ദേശ തലങ്ങളിൽ സമാനമായ കീഴ്-മേൽബന്ധവുമുണ്ട്. അതുകൊണ്ട്, ദേശീയഭരണകൂടത്തിന്റെ ഇടപെടൽ ഉണ്ടാവില്ല എന്ന ആനുകൂല്യം വർണ്ണവിവേചനം സംരക്ഷിക്കാൻ ആഗ്രഹിച്ചവർക്കു ലഭിച്ചു. അതുകൊണ്ട്, ഞങ്ങൾ പൗരാവകാശപ്രസ്ഥാനത്തിലൂടെ ശ്രമിച്ചത് ഈ വിവേചനം അവസാനിപ്പിക്കാൻ ദേശീയതലത്തിൽ ഇച്ഛാശക്തി വളർത്തിയെടുക്കുക എന്നതാണ്. ആ പ്രസ്ഥാനത്തിലൂടെ വംശീയതയുടെ കാര്യത്തിൽ വിപുലവും വിജയകരവുമായ പരിവർത്തനം സൃഷ്ടിക്കാൻ കഴിഞ്ഞു. ഗുണപരമായ പല മാറ്റവും ഉണ്ടായി. ഏറ്റവും കുഴപ്പം പിടിച്ച സ്ഥലമായിരുന്ന മിസിസിപ്പിയാണ് ഇപ്പോൾ ഏറ്റവുമധികം കറുത്തവരെ ജനപ്രതിനിധികളായി തെരഞ്ഞെടുക്കുന്നത്.

വംശീയത മാറാരോഗംപോലെ ആണെന്ന് കഴിഞ്ഞ ദിവസം ഡോ: എം. ശ്രീനിവാസൻ സ്മാരകപ്രഭാഷണത്തിൽ ഞാൻ പറഞ്ഞിരുന്നു. അത് ഒറ്റ ഇടപെടലിലൂടെ തുടച്ചുമാറ്റാനാവില്ല. ഒരു കോടതിവിധിയോ നിയമനിർമ്മാണമോ മതിയാവില്ല. ലക്ഷ്യം പൂർത്തിയാകുന്നതുവരെ നിരന്തരം ആത്മാർത്ഥമായി പ്രയത്നിക്കുകയും വംശീയത അവസാനിപ്പിക്കുമെന്ന നിശ്ചയദാർഢ്യം ഓരോദിവസവും ഓരോ മണിക്കൂറിലും നിലനിർത്തുകയും വേണം. എന്റെ അഭിപ്രായത്തിൽ, അടിമത്തകാലം തൊട്ടേ വംശീയതയും അക്രമവും തമ്മിൽ

നിലനില്ക്കുന്ന ബന്ധത്തിന്റെ വേരറക്കുന്നതിനുള്ള ഇച്ഛാശക്തിയിലോ ഉദ്ദേശ്യത്തിലോ പ്രവർത്തനത്തിലോ അമേരിക്കയ്ക്ക് ഇപ്പോഴും മതിയായ ഊന്നലില്ല.

*മനോജ്:* സമാധാനപൂർണ്ണമായ സഹനസമരങ്ങളുടെ വലിയ പൈതൃകമുള്ള അമേരിക്കയുടെ പില്ക്കാലമനസ് യുദ്ധാഭിമുഖ്യമുള്ളതായി മാറാൻ കാരണം?

*മേ. കി:* ചരിത്രം പഠിപ്പിക്കലിലെ പിഴവുതന്നെ. സ്വാതന്ത്ര്യസമരത്തിലെ ഒരു ഘട്ടം മാത്രമാണ് 1776-ൽ തുടങ്ങിയ സ്വാതന്ത്ര്യ'യുദ്ധം' (War of Independence). അതു മാത്രമാണ് ആകെയുണ്ടായ അക്രമസമരം. പക്ഷേ, കടവും മുരടിപ്പും ദുരിതവും സംഭാവനചെയ്ത ഈ യുദ്ധം കൂടാതെയും സ്വാതന്ത്ര്യം നേടാമായിരുന്നു. അതിന് ഒരു കൊല്ലം മുമ്പുതന്നെ അമേരിക്കയിലെ 13 കോളനികളിൽ മൂന്നിൽരണ്ടും—ഒമ്പതെണ്ണം—അഹിംസാത്മകനിസ്സഹകരണത്തിലൂടെ സ്വാതന്ത്ര്യം നേടിക്കഴിഞ്ഞിരുന്നു എന്നതാണു വസ്തുത. ഇതേപ്പറ്റി യൂറോപ്പിലെയും അമേരിക്കയിലെയും ഒരുകൂട്ടം രാഷ്ട്രീയശാസ്ത്രജ്ഞർ 1986-ൽ നടത്തിയ പഠനം, 'കോളനികളെല്ലാംതന്നെ രാജ്ഞിയുടെ ഉത്തരവുകളിൽനിന്നു സ്വതന്ത്രമായി പ്രവർത്തിക്കാനും ബ്രിട്ടിഷ് സ്ഥാപനങ്ങളിൽനിന്നു വേറിട്ടു സ്വയം സൃഷ്ടിച്ച സ്ഥാപനങ്ങളിലൂടെ സേവനങ്ങൾ പ്രദാനം ചെയ്യാനും സജ്ജമായിരുന്നു' എന്നു വ്യക്തമാക്കിയിട്ടുണ്ട്.

എന്നാൽ ഇതിനുപകരം അമേരിക്കൻകുട്ടികളെ പഠിപ്പിക്കുന്നത് സ്വാതന്ത്ര്യ'യുദ്ധ'ത്തെപ്പറ്റിയാണ്. ബോസ്റ്റൺ റ്റീപ്പാർട്ടിയും വാർത്താപത്രങ്ങളുടെ സ്റ്റാമ്പ് ആക്റ്റ് പ്രതിഷേധവുമൊക്കെ കൂട്ടത്തിൽ പഠിപ്പിക്കുന്നുണ്ടെന്നു മാത്രം. പക്ഷേ, സായുധവീര്യത്താൽ ഉദാത്തീകൃതമായ ഈ ചരിത്രബോധനരീതി ചോദ്യം ചെയ്യപ്പെടാതെ പോകുന്നു. എന്റെ അഭിപ്രായത്തിൽ എട്ടു വർഷം നീണ്ട ഈ സ്വാതന്ത്ര്യയുദ്ധമാണ് ആഗോളസായുധമേധാവിത്വത്തിനുള്ള അമേരിക്കയുടെ ത്വരയ്ക്കു കാരണം. അക്രമസമരങ്ങളെയും യുദ്ധങ്ങളെയും യുദ്ധത്തിൽ മരിക്കുന്ന സൈനികരെയും ഉദാത്തീകരിച്ചു ചരിത്രം പഠിപ്പിക്കുന്നതും മാദ്ധ്യമങ്ങൾ എഴുതുന്നതുമൊക്കെ ഓരോ സമൂഹത്തിന്റെയും അഹിംസാമനസിനെ ക്രമേണ അക്രമോത്സുകമാക്കുകയും സിവിൽ സമൂഹമെന്ന നിലയിലുള്ള നിലനില്പ് അപകടത്തിലാക്കുകയും ചെയ്യും.

ഇടത്തുനിന്ന്: പൂവിന്റെയും പുഞ്ചിരിയുടെയും പ്രതിരോധം; മേരി ഇ. കിങ് മാർട്ടിൻ ലൂഥർ കിങ് സ്മാരകപ്രഭാഷണം നടത്തുന്നു.





അമേരിക്കയിലെ 500-ൽപ്പരം തദ്ദേശീയവിഭാഗങ്ങളിൽ പാരമ്പര്യമായി ത്തന്നെ അഹിംസാത്മകത നിലനിന്നിരുന്നതായി ചരിത്രം പറയുന്നു. ഇവ മിക്കതും ഇന്നും തുടരുകയോ വീണ്ടെടുക്കപ്പെടുകയോ ചെയ്യുന്നു. ആധുനിക കാലത്തും തദ്ദേശീയജനതയാണ് സമാധാനപ്രസ്ഥാനങ്ങളുടെ വക്താക്കൾ. ഇവയ്ക്കെല്ലാത്തിനും സുവ്യക്തമായ ബൗദ്ധികാടിത്തറയും ഉണ്ടായിരുന്നു. മഹാത്മാ ഗാന്ധിക്കുശേഷം അത് ഗാന്ധിയൻ ചിന്തകളിൽ അധിഷ്ഠിതമായി മാറി.

## സമരത്തിന്റെ രീതിശാസ്ത്രം

*മനോജ്:* ഗാന്ധിയൻ സമരരീതി ചരിത്രത്തിന്റെ ഒരു സന്ധിയിൽ വിജയകരമായി പ്രയോഗിക്കപ്പെട്ടു എന്നല്ലാതെ അതിന്റെ പ്രസക്തി സാർവ്വകാലികമാണോ? ഭരണകൂടങ്ങളുടെ സ്വഭാവവും അടിച്ചമർത്തലുപാധികളും മാറി. ജനാധിപത്യം എന്ന സങ്കല്പം കോർപ്പറേറ്റാധിപത്യത്തിനു വഴിമാറി. സാമൂഹിക ബന്ധങ്ങൾ മാറി. ഈ പുതിയ സാഹചര്യങ്ങളിൽ ഗാന്ധിയൻസമരമുറകൾ എങ്ങനെയാണു പ്രായോഗികമാകുന്നത്?

*മേ. കി.:* സാമൂഹികസാഹചര്യങ്ങളാണ് സംഘർഷത്തിനു കാരണമാകുന്നതെങ്കിലും ആ സംഘർഷം പരിഹരിക്കാനുള്ള പ്രക്ഷോഭം വിജയിക്കുന്നത് ആ കാരണങ്ങളുടെ സവിശേഷതകൊണ്ടല്ല, സമൂഹത്തിലെ ബലതന്ത്രങ്ങളും അവയുടെ അടിസ്ഥാനത്തിൽ ആവിഷ്കരിക്കുന്ന സമരതന്ത്രങ്ങളും സമീപന രീതികളും കൊണ്ടാണ്. ഇത്തരം സാമൂഹികബലങ്ങൾ വാസ്തവത്തിൽ ഇന്നു മുമ്പത്തെക്കാൾ വികസിച്ചിട്ടാണുള്ളത്. പൊതുവിൽ പറഞ്ഞാൽ, ഒരു വലിയ ജനമുന്നേറ്റ അഹിംസാപ്രസ്ഥാനത്തിന്റെ വിജയത്തിൽ ഭൗതികസാഹചര്യങ്ങളുടെ കാഠിന്യമോ കഷ്ടപ്പാടുകളോ ഭരണകൂടരീതികളോ അല്ല, മുന്നൊരുക്കങ്ങളാണു താരതമ്യേന കൂടുതൽ പ്രധാനം. ഇതു വിശദീകരിക്കുമ്പോൾ ഉത്തരം കൂടുതൽ വ്യക്തമാകും.

അറബ്ജനത 2011-ൽ കൈക്കുമ്പിളിൽ ചരിത്രത്തെ കോരിയെടുക്കുമ്പോൾ എന്താണു സംഭവിക്കുന്നത് എന്നതിനെപ്പറ്റി മിക്ക വിദഗ്ദ്ധർക്കും സൂചനപോലും ഉണ്ടായിരുന്നില്ല. ദാരിദ്ര്യം, അഴിമതി, വിലക്കയറ്റം, മനുഷ്യാവകാശധ്വംസനം, അവഹേളനം, തൊഴിലില്ലായ്മ, രാഷ്ട്രീയപങ്കാളിത്തം ഇല്ലായ്മ, അടിച്ചമർത്തൽ, പീഡനം തുടങ്ങിയ ഭൗതികകാര്യങ്ങളാണു കാരണമായി റിപ്പോർട്ടുചെയ്യപ്പെട്ടത്. കൊടിയ ദുരിതങ്ങൾ ഉണ്ടെന്നതു തീർച്ച. പക്ഷേ, അവ മാത്രം മതിയാവില്ല ഇത്തരമൊരു ഉണർവ്വ് വിശദീകരിക്കാൻ.

രാഷ്ട്രീയചിന്തയുടെ ചരിത്രത്തിൽ അഹിംസാസമരങ്ങളെ അടിവരയിടുന്ന ഒരു അടിസ്ഥാനകാര്യം, ഏത് അടിച്ചമർത്തൽഭരണകൂടത്തിനും സംവിധാനത്തിനും അടിച്ചമർത്തപ്പെടുന്നവരുടെ ചില പിന്തുണകൾ ആവശ്യമാണ് എന്നതാണ്. ഇതു സിദ്ധാന്തത്തിൽ അതീവ ലളിതവത്ക്കൃതവും പ്രയോഗത്തിൽ സങ്കീർണ്ണവുമാണെങ്കിലും ഇതാണ് നിസ്സഹകരണരീതികളുടെ കാതൽ—ജനശക്തിയുടെ സ്വയംപ്രകടീകരണരീതി.

എന്റെ പുസ്തകത്തിൽ പറയുന്നതുപോലെയും കേരളത്തിലെ പ്രസംഗങ്ങളിൽ പറഞ്ഞതുപോലെയും, 1905-ഓടെ ഗാന്ധി ഇന്നത്തെ അഹിംസാത്മക



മേരി ഇ. കിങ് അമേരിക്കൻ പ്രസിഡന്റ് ജിമ്മി കാർട്ടറുടെ സത്യപ്രതിജ്ഞാച്ചടങ്ങിൽ.

സാമൂഹികപ്രസ്ഥാനങ്ങളെ ചലിപ്പിക്കുന്ന ശക്തമായ ഈ ഉൾക്കാഴ്ച സ്വാംശീകരിക്കുകയുണ്ടായി: "എത്ര കരുത്തനായാലും പ്രജകളുടെ സഹകരണമില്ലാതെ ഭരിക്കാനാവില്ല"—1905-ൽ "റഷ്യ ആൻഡ് ഇൻഡ്യ" എന്ന ലേഖനത്തിലാണ് അദ്ദേഹം ഇതെഴുതിയത്.

നിരവധി വർഷങ്ങളിലെ പഠനങ്ങളിലൂടെ ഞാൻ മനസിലാക്കിയിട്ടുള്ളത്, ഒരു അഹിംസാപ്രസ്ഥാനം ഉരുവം കൊള്ളുന്നതിൽ ഭൗതികഘടകങ്ങൾ, മുൻസാഹചര്യങ്ങൾ, കഷ്ടപ്പാടുകളുടെ കാഠിന്യം, രാഷ്ട്രീയസംസ്കാരം എന്നിവയെക്കാൾ പ്രധാനം മറ്റുചില ബലങ്ങളാണെന്നാണ്. പ്രധാനപ്പെട്ടവ രണ്ടാണ്. സമരം സുസ്ഥിരമായി തുടരാനുള്ള പൗരസമൂഹത്തിന്റെ ശേഷിയാണ് ഒന്ന്. മറ്റൊരുതരത്തിൽ പറഞ്ഞാൽ, സ്വതന്ത്രനേതൃത്വങ്ങളോടുകൂടിയ, വ്യാപകവും പടരുന്നതുമായ ശക്തികേന്ദ്രങ്ങൾ. പ്രാഥമികപ്രതിസന്ധിക്കു ശേഷവും പ്രതിരോധം തുടരാനുള്ള പ്രസ്ഥാനത്തിന്റെ കഴിവിനെ ഇതു ശക്തിപ്പെടുത്തുകയും പിൻവാങ്ങലുകൾ വേണ്ടിവന്നാലും പൂർവ്വാധികം ശക്തമായി മടങ്ങിയെത്താനുള്ള ശേഷി പകരുകയും ചെയ്യും. രണ്ടാമത്തെ പ്രധാനഘടകം, മറ്റു പ്രസ്ഥാനങ്ങളിൽനിന്നു പാഠങ്ങളുടെയും അറിവുകളുടെയും നിരന്തരപങ്കിടലും ബുദ്ധിജീവികളായ മുതിർന്ന പ്രവർത്തകരിൽനിന്നു ചരിത്രപരമായ ഉൾക്കാഴ്ചകൾ ആർജ്ജിക്കലുമാണ്. രാഷ്ട്രീയചിന്തയ്ക്ക് തന്ത്രാവിഷ്കരണത്തെ സ്വാധീനിക്കാനാവും. ഇവരണ്ടും ഒറ്റയ്ക്കും കൂട്ടായും ഉള്ള മനുഷ്യപ്രയത്നം ഉൾപ്പെട്ടതാണ്. പുതിയകാലത്ത് ഇവ മുമ്പത്തെക്കാൾ മെച്ചപ്പെട്ട നിലയിലാണ്.

*മനോജ്:* സമഗ്രാധിപത്യത്തോടു പൊരുതാനും ഗാന്ധിയൻ സമരരീതി മതിയാകുമോ?

*മേ. കി.:* സൈദ്ധാന്തികമായി പറഞ്ഞാൽ കഴിയണം. പക്ഷേ, അതിന്റെ ഫലപ്രാപ്തി ഒട്ടേറെ ഘടകങ്ങളെ ആശ്രയിച്ചിരിക്കും; സമാനമായ സാംസ്കാരികസാഹ

ചര്യത്തിൽ മുമ്പ് എന്താണു പ്രവർത്തിച്ചത്, തയ്യാറെടുപ്പ്, ആസൂത്രണം, വിഭവശേഷി, ആ സമൂഹത്തിന്റെ ചരിത്രം, അസംതൃപ്തിയുടെയും ഭഗ്നപ്രതീക്ഷയുടെയും തോത്, പിന്തുണ കിട്ടാവുന്ന വിഭാഗങ്ങൾ, തുടങ്ങി പലതിനെയും.

കിഴക്കൻയൂറോപ്പിന്റെ ഉദാഹരണങ്ങൾ നോക്കാം. സോവ്യറ്റ് യൂണിയനിലെ വിദൂരപ്രവിശ്യകളിലെ ജനങ്ങൾ സമഗ്രാധിപത്യത്തിനെതിരെ 1980-കളിൽ അഹിംസാസമരം തെരഞ്ഞെടുത്തതിലെ യുക്തി നന്നേ പ്രായോഗികമായിരുന്നു. കിഴക്കൻജർമ്മനിയിലും ഹംഗറിയിലും ചെക്കോസ്ലോവാക്യയിലുമൊക്കെ 50-കളിലും 60-കളിലുമായി ഉണ്ടായതുപോലുള്ള രക്തച്ചൊരിച്ചിൽ ഒഴിവാക്കാൻ അവർ ആഗ്രഹിച്ചു. ഭരണകൂടത്തിന്റെ നിരീക്ഷണസംവിധാനങ്ങൾക്കുകീഴെ ആയിരക്കണക്കിനു ചെറുകമ്മിറ്റികളായി അവിടങ്ങളിലെ ബുദ്ധിജീവികളായ ആക്റ്റിവിസ്റ്റുകൾ—അക്കാദമികവിദഗ്ധർ, അദ്ധ്യാപകർ, പോളൻഡിലെ റോമൻ കത്തോലിക്കാ പുരോഹിതർ, കിഴക്കൻജർമ്മനിയിലെ പ്രൊട്ടസ്റ്റന്റ് പാസ്റ്റർമാർ ഒക്കെ—പ്രവർത്തിച്ചു. പ്രകടനങ്ങൾ, പണിമുടക്കങ്ങൾ, രഹസ്യസംഘടനകൾ, രഹസ്യപാഠശാലകളായ ഫ്ലൈയിങ് യൂണിവേഴ്സിറ്റികൾ, അനധികൃതപ്രസിദ്ധീകരണങ്ങൾ, ജയിലിലായവരുടെ കുടുംബങ്ങളെ സഹായിക്കൽ, അനാഥസംരക്ഷണം തുടങ്ങിയ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുകയായിരുന്നു രീതി.

കിഴക്കൻജർമ്മനിയിലെ കാര്യം *ന്യൂയോർക് ടൈംസു*മായിച്ചേർന്നു 2009-ൽ പ്രസിദ്ധീകരിച്ച ഗ്രന്ഥത്തിൽ ഞാൻ പറഞ്ഞിട്ടുണ്ട്. 89-ലെ ശരത്ക്കാലം മുതൽ 90 വരെ തുടർച്ചയായ 13 തിങ്കളാഴ്ചകളിൽ ലൈപ്സിഷിലെ (Leipzig) നിക്കോളാസ് പള്ളിയിലും മറ്റനവധി പള്ളികളിലുംനിന്നു ജനങ്ങൾ തെരുവിലേക്ക് ഒഴുകുമായിരുന്നു; പലപോഴും ഒരുലക്ഷംപേർ വരെ. പാസ്റ്റേഴ്സ് മൂവ്മെന്റ് എന്നു വിളിക്കപ്പെട്ട ഇതിനു നേതാവില്ലായിരുന്നു. ഒറ്റ നേതൃത്വം: പള്ളിയിലെ വൈകുന്നേരത്തെ തിങ്കളാഴ്ചക്കൂട്ടം. ആർക്കും ചേരാം. കുറെ ആയപ്പോഴേക്ക് പൊലീസുകാരും അധികാരികളുമൊക്കെ ഈ മെഴുകുതിരിപ്രകടനങ്ങളിൽ പങ്കുകൊള്ളാൻ തുടങ്ങി. മൊത്തം 50 ലക്ഷംപേർ പങ്കെടുത്തു എന്നാണ് ഒടുവിലത്തെ കണക്ക്. 1989 അവസാനമായപ്പോഴേക്കും അധികൃതർ ജനഹിതത്തിനു വഴങ്ങുകയും ബെർലിൻ മതിൽ തുറക്കാൻ തീരുമാനിക്കുകയും ആയിരുന്നു. ആദ്യപ്രകടനം 1982-ൽ ആയിരുന്നു. 90-ലെ വസന്തത്തിൽ ഇരുജർമ്മനിയും വീണ്ടും ഒന്നായി.

കിഴക്കേയൂറോപ്പിലെ ഈ അഹിംസാത്മകപരിവർത്തനം കാഴ്ചപ്പാടിൽ പ്രായോഗികം ആയിരുന്നു എന്നതിനൊപ്പം, അവരുടെ ഗൂഢസാഹിത്യങ്ങൾ വെളിപ്പെടുത്തുന്നത്, സമിസ്ദാറ്റുകളിലൂടെയും (samizdat-സ്വയംപ്രസാധനത്തിനുള്ള റഷ്യൻ പദം) എഴുത്തുകളിലൂടെയും കിഴക്കേയൂറോപ്യൻ മതപണ്ഡിതർ, ചരിത്രകാരർ, തത്വചിന്തകർ, നാടകകൃത്തുക്കൾ, പത്രാധിപർമാർ എന്നിവരെ പങ്കാളികളാക്കിയും മൂല്യാധിഷ്ഠിതഫലങ്ങൾക്കുടി നേടാൻ ആഗ്രഹിച്ചിരുന്നു എന്നാണ്. റ്റാങ്കുകളും ഫയറിങ് സ്ക്വാഡുകളുമൊക്കെ ഇറങ്ങിയ റൊമേനിയയെ മാറ്റിനിർത്തിയാൽ, കിഴക്കേയൂറോപ്പിലെ രാഷ്ട്രീയ-സാമ്പത്തികപരിവർത്തനം സാദ്ധ്യമായത് പരിപൂർണ്ണമായും അക്രമത്തിന്റെ സ്പർശമില്ലാതെ

യാണ്. 1990-കളിൽ കിഴക്കൻ ബ്ലോക്ക് മുഴുവൻ അക്രമരഹിതദേശീയവിപ്ലവത്തിലൂടെ ജനാധിപത്യത്തിലേക്കു പരിവർത്തിതമായി.

*മനോജ്:* ഇസ്ലാമിക് സ്റ്റേറ്റിന്റെയും മറ്റും കാട്ടാളരീതികളോട് ഗാന്ധിയൻ സമരരീതി പ്രായോഗികമാണോ?

*മേ. കി.:* ആവില്ലെന്നു വാദിച്ച് റബ്ബി എ. ജെയിംസ് റൂഡിൻ എഴുതിയ ലേഖനത്തെ ഖണ്ഡിച്ച് ഞാൻ ലേഖനം എഴുതിയിട്ടുണ്ട്. (http://maryking.info/?p=1158) അവിടെപ്പോലും അഹിംസാസമരം പ്രായോഗികമാണെന്നു താത്വികമായി ഞാൻ അതിൽ സമർത്ഥിക്കുന്നുണ്ട്.

## ഫലപ്രാപ്തിയും സ്ഥായിത്വവും

*മനോജ്:* വംശീയവിവേചനം കുർദുകളും ഷിയാകളും തമ്മിൽ നടക്കുന്നതുപോലെയും സെർബിയയിൽ സംഭവിക്കുന്നതുപോലെയും ശ്രീലങ്കയിൽ നടന്നതുപോലെയുമൊക്കെ രക്തരൂഷിതമായ പോരാട്ടങ്ങളിലൂടെയാണല്ലോ പലപ്പോഴും പരിഹാരം തേടാൻ ശ്രമിക്കുന്നത്. ഇത്തരം സംഘർഷങ്ങളെത്തുടർന്ന് സിറിയയിലും മ്യാൻമറിലും നിന്നെന്നപോലെ സാധാരണജനങ്ങൾ അഭയാർത്ഥികളായി ഒഴുകുകയാണ്. ഇങ്ങനെ പോരാടുന്ന സമൂഹങ്ങളിൽ എങ്ങനെയാണ് അഹിംസാമാർഗ്ഗം പ്രായോഗികമാകുന്നത്?

*മേ. കി.:* അക്രമരഹിതസമരങ്ങൾ ഗറില്ലായുദ്ധത്തെയും സായുധപോരാട്ടത്തെയുംകാൾ ഇരട്ടി ഫലം ചെയ്യുമെന്നതിനു നിരവധി തെളിവുകൾ രാഷ്ട്രീയശാസ്ത്രജ്ഞരായ എറികാ ചെനോവെത്തും (Erica Chenoweth) മരിയ സ്റ്റെഫാനും (Maria J. Stephan) നമുക്കു തരുന്നു. അവർ 1900-നും 2006-നും ഇടയിൽ നടന്ന 323 അക്രമ-അഹിംസാസമരങ്ങൾ പരിശോധിച്ചതിൽ, പ്രഖ്യാപിതലക്ഷ്യം നേട

ഇടത്തു നിന്ന്: മേരി ഇ. കിങ് – ഒരു പഴയ ചിത്രം; വൈക്കം സത്യാഗ്രഹം സംബന്ധിച്ച ഗവേഷണത്തിനിടെ മേരി ഇ. കിങ്ങും പ്രൊഫ: വാസു തില്ലേരിയും.





ന്നതിൽ അഹിംസാപ്രതിരോധങ്ങളാണ് ഇരട്ടിയിലേറെ വിജയിച്ചത് എന്നു കണ്ടു. സമരം ചെയ്യുന്ന സമൂഹത്തിലെ 3.5 ശതമാനം പേർ സജീവമായി പങ്കെടുത്ത സമരങ്ങളുടെ വിജയം നാലിരട്ടിയാണെന്നും സ്ഥാപിക്കപ്പെട്ടിരിക്കുന്നു! മാത്രമല്ല, അഹിംസാസമരങ്ങളിൽ ജീവൻ ബലിനല്കേണ്ടിവന്നത് നന്നേ തുച്ഛം, അർത്ഥവത്തായ ജനാധിപത്യത്തിലേക്കു വികസിക്കാനുള്ള സാദ്ധ്യത വളരെയേറെ, ആഭ്യന്തരയുദ്ധത്തിലേക്കു വഴുതാനുള്ള സാദ്ധ്യത വിരളം. 'സിവിൽ റെസിസ്റ്റൻസ് വർക്സ്: ദ് സ്ട്രാറ്റജിക് ലോജിക് ഓഫ് നോൺ വയലന്റ് കോൺഫ്ലിക്റ്റ്' എന്ന ഗ്രന്ഥത്തിൽ ഇവർ നല്കുന്ന കണക്കുകൾ പറയുന്നത് അഹിംസാസമരങ്ങളുടെ വിജയശതമാനം 53-ഉം അക്രമസമരങ്ങളുടേത് 26-ഉം ആണെന്നാണ്. ഇതിൽത്തന്നെ സ്ത്രീപങ്കാളിത്തത്തെപ്പറ്റിയും പ്രത്യേകം വിശകലനം നടന്നിട്ടുണ്ട്. അക്രമേതരസമരങ്ങളിലാണു സ്ത്രീകൾ പങ്കെടുക്കാൻ താല്പര്യപ്പെടുന്നത് എന്നും അത്തരം സമരങ്ങളിലെ സ്ത്രീകളുടെ പങ്കാളിത്തം വർദ്ധിച്ചതോതിലും കൂടുതൽ സജീവവും അർത്ഥപൂർണ്ണവും ആണെന്നും പഠനം കാട്ടിത്തരുന്നു. അവിടെ നേതൃത്വത്തിലേക്ക് ഉയരാനും സ്ത്രീകൾക്ക് അവസരം കൂടുതലാണ്.

*മനോജ്:* അതെ, അടുത്തകാലത്തെ സമരങ്ങളിൽ പലതിലും സ്ത്രീകളുടെ വൻമുന്നേറ്റംതന്നെയാണല്ലോ കാണാൻകഴിഞ്ഞത്.

*മേ. കി.:* സ്ത്രീപ്രസ്ഥാനങ്ങൾ പുതിയ കാര്യമല്ല. ചരിത്രത്തിൽ അവ ശരിയായി രേഖപ്പെടുത്തപ്പെട്ടിട്ടില്ല. അതുകൊണ്ടു വിവരങ്ങൾ ലഭ്യമല്ല എന്നുമാത്രം. ഏറെപ്പണ്ടുമുതലേ ലോകത്തിന്റെ പല കോണിലും ഉണ്ടായ സമാധാനപരമായ സാമൂഹികമാറ്റങ്ങളിൽ സ്ത്രീ മുഖ്യഘടകം ആയിരുന്നു. ന്യൂസിലൻഡ് ആണ് സ്ത്രീ ആദ്യമായി വോട്ടവകാശം നേടിയ രാജ്യം. 1893-ലാണത്. ദശാബ്ദങ്ങൾ നീണ്ട സംഘാടനത്തിലൂടെയാണതു നേടിയത്. ചൈന, ഇറാൻ, വൈകിയാണെങ്കിലും അമേരിക്ക, ഇംഗ്ലൻഡ് എന്നിവിടങ്ങളിലൊക്കെ ഇത് ആവർത്തിച്ചു. ജപ്പാനിൽ സ്ത്രീയ്ക്ക് 1946-വരെ വോട്ടവകാശം ഇല്ലായിരുന്നപ്പോഴാണിതെന്ന് ഓർക്കണം. വോട്ടിനായുള്ള ഈ പ്രസ്ഥാനമായിരുന്നു ആധുനികകാലത്തെ ഏറ്റവും ശ്രദ്ധേയമായ പരിവർത്തനപ്രസ്ഥാനമെന്ന് പ്രമുഖ രാജ്യാന്തരകാര്യവിദഗ്ദ്ധൻ ഫ്രെഡ് ഹാല്ലിഡേ പറഞ്ഞിട്ടുണ്ട്. മാനവചരിത്രത്തിലെതന്നെ ഏറ്റവും ബൃഹത്തായതെന്നു ഞാൻ പറയും. രാഷ്ട്രീയമാറ്റങ്ങൾ കൊണ്ടുവരാൻ ഇന്നത്തെക്കാൾ എത്ര എളുപ്പമായിരുന്നു അന്ന് എന്നതിലേക്കുകൂടി ഇതു വെളിച്ചം വീശുന്നു.

നമ്മൾ ഒരു അത്ഭുതമരുന്നിനെപ്പറ്റിയല്ല സംസാരിക്കുന്നത്. സത്യത്തിൽ അഹിംസാസമരങ്ങളെ മഹത്ത്വവത്ക്കരിച്ചും പെരുപ്പിച്ചുകാണിച്ചും അവതരിപ്പിക്കുന്നത് കുറച്ചൊന്നുമല്ല ദോഷം ചെയ്തിട്ടുള്ളത്. എന്റെ വൈക്കംപുസ്തകത്തിന്റെ പ്രധാനവിഷയംതന്നെ ഇതാണ്. അഹിംസാസമരത്തിനുള്ള തന്ത്രം വികസിപ്പിക്കുന്നത് സായുധതന്ത്രം ഉണ്ടാക്കുന്നതിനെക്കാൾ വളരെ സങ്കീർണ്ണമാണ്. വളരെ ശ്രദ്ധ വേണ്ടതാണ്. സാമ്പ്രദായികരാഷ്ട്രീയസ്ഥാപനങ്ങൾ പരാജയപ്പെടുകയോ പങ്കിലമാകുകയോ ഉത്തരവാദിത്തം ഏല്ക്കാൻ വിമുഖമാകുകയോ ചെയ്യുന്ന സാഹചര്യങ്ങളെയാണു തിരുത്തുന്ന



ഇടത്തുനിന്ന്: ഗാന്ധിജയന്തിദിനം ലോക അഹിംസാദിനമാണ്; ആഗോളസമരമുഖത്തെ ഗാന്ധിമുഖം.

തെന്നും അതിനുള്ള സങ്കേതമാണു നാം വികസിപ്പിക്കുന്നതെന്നും പ്രത്യേകം ഓർക്കണം.

## സമീപകാലത്തെ ഗാന്ധിസമരങ്ങൾ

*മനോജ്:* ലോകത്തു സമീപകാലത്തുണ്ടായതും ഇപ്പോൾ നടക്കുന്നതുമായ പ്രധാന അഹിംസാത്മകപ്രക്ഷോഭങ്ങൾ ഏതൊക്കെയാണ്? ഇവയിൽ ഇതിന്റെ സങ്കേതങ്ങൾ പ്രയോഗിച്ചത് ഏതു രീതിയിലൊക്കെയാണ്?


*മേ. കി.:* ഫിലിപ്പീൻസിലെ ഏകാധിപതിയായിരുന്ന ഫെർഡിനന്റ് മാർക്കോസിനെ താഴെയിറക്കിയ, നിരവധി ജനങ്ങൾ പങ്കെടുത്ത, 1986-ലെ പ്രക്ഷോഭം അതിലെ അഹിംസാരീതികൾകൊണ്ടുതന്നെ *പീപ്പിൾ പവർ* (ജനശക്തി) എന്നു പേർ നേടിയിരുന്നു. പണിമുടക്കങ്ങളും കുറ്റൻ പ്രകടനങ്ങളും സത്യഗ്രഹം പോലെയുള്ള കയ്യേറിയിരിക്കലുകളും (occupy) ജാഗ്രതാപ്രസ്ഥാനവും അടക്കമുള്ള അക്രമരഹിത ഉപരോധങ്ങൾ സ്ഥായിയായി ഉപയോഗിച്ച ചില ആനുകാലികപ്രക്ഷോഭങ്ങൾ ഇവയാണ്: ലാറ്റിനമേരിക്കയിൽ ചിലിയിലെയും ബൊളീവിയയിലെയും ഭരണകൂടങ്ങളെ മാറ്റിയത്; ഏഷ്യയിൽ കിഴക്കൻ തിമൂർ 1995-ൽ 25 വർഷത്തെ അധിനിവേശത്തിൽനിന്നു മോചനം നേടിയത്, നേപ്പാളിൽ ഭരണഘടനാവകാശങ്ങൾ സ്ഥാപിതമായത്, മംഗോളിയയിലെ കമ്മ്യൂണിസ്റ്റുകുത്തകഭരണം അവസാനിച്ചത്; ആഫ്രിക്കയിൽ മെഡഗാസ്കറിലും ബെനിനിലും ഏകാധിപത്യങ്ങൾ അവസാനിച്ചത്; മാലി, ഇൻഡോനേഷ്യ, മാലിദ്വീപ് എന്നീ മുസ്ലിം രാജ്യങ്ങളിലേതടക്കം ഒരുഡസൻ രാജ്യങ്ങളിലെ അടിച്ചമർത്തൽ ഭരണകൂടങ്ങളുടെ പതനം; ലെബനനിൽ 2005-ൽ സിറിയനാധിപത്യത്തിന് അന്ത്യം കുറിച്ചത്.

ഈ സമരങ്ങൾ ചില രാജ്യങ്ങളിൽ മോശം രീതിയിലാണ നടന്നിട്ടുള്ളത്. എന്നാലും ഇസ്ലാമികപുനരുജ്ജീവനവാദികളുടെ പങ്കാളിത്തത്തോടെ നടന്നവയടക്കം എല്ലാംതന്നെ ഇപ്പോൾ ജനാധിപത്യത്തിലേക്കുള്ള പരിവർത്തനത്തിലാണ്. ഇപ്പോൾ ജനാധിപത്യത്തിലേക്കു പുരോഗമിക്കുന്ന ടുണീഷ്യയിലെ അറബ് ഉയിർപ്പ് വിജയമായിരുന്നെങ്കിലും ഈജിപ്റ്റിൽ അതു തടയപ്പെട്ടു.

2011-ലെ അറബ് വിപ്ലവത്തിലെ പ്രധാന ആവശ്യങ്ങളിലൊന്ന് ഒരു ഏകാധിപതിയുടെ മകൻ രാജ്യാധികാരത്തിന്റെ അനന്തരാവകാശിയാകുന്നത് അവസാനിപ്പിക്കുക എന്നതാണ്. അറബ് ലോകത്തും മറ്റിടങ്ങളിലും ഗോത്രവർഗ്ഗങ്ങളുടെയും പിതൃദായസമൂഹങ്ങളുടെയും രീതിയാണത്. നരവംശശാസ്ത്രജ്ഞൻ ജോൺ ബോർണിമാൻ (John Borneman) *'ഈഡിപ്പൽ റൂട്ട്സ് ഓഫ് റിവോൾട്ട് ഇൻ മിഡിൽ ഈസ്റ്റ്'* എന്ന ലേഖനത്തിൽ പറയുന്നത്, "അച്ഛന്റെ അധികാരം കാലശേഷം തനിക്കാണെന്ന മകന്റെ അവകാശവാദത്തിന്റെ പരസ്യമായ നിഷേധം, ഗോത്രഭരണാധികാരികൾക്കിടയിൽ രാഷ്ട്രീയസമഗ്രാധിപത്യത്തിനു നിദാനമായി നിന്നിരുന്ന പിന്തുടർച്ചയുടെ സവിശേഷമായ അറബ് മാതൃകയ്ക്ക് നിശ്ചയമായും അന്ത്യം കുറിച്ചിരിക്കുകയാണ്" എന്നാണ്.

ഇടത്തുനിന്ന്: അമേരിക്കയിലെ ഒക്കുപ്പൈ സമരങ്ങളിലെ മുഖ്യപ്രതീകങ്ങളിലൊന്ന് ഗാന്ധിയായിരുന്നു; പുസ്തകത്തിന്റെ മുഖത്താൾ.



ടുണീഷ്യ മുതൽ ഈജിപ്റ്റ് വരെയും ലിബിയയിലും യെമനിലും സിറിയയിലും (ഇവയെല്ലാമൊന്നും വിജയമായിരുന്നില്ല) ഈ പ്രസ്ഥാനങ്ങളെല്ലാം ആവശ്യപ്പെട്ടത് അധികാരത്തിലെ ഈ പിതൃ-പുത്രബന്ധം അവസാനിപ്പിക്കലാണ്. ലിബിയയിൽ തുടങ്ങിയത് അഹിംസാരീതിയിൽ ആണെങ്കിലും അതിനെ ആ ഗണത്തിൽ പെടുത്താനാവില്ല. എന്നാലും ഒക്ടോബർ 19-ന് മുവമ്മർ ഗദ്ദാഫിക്കും മൂന്നുമക്കൾക്കും ഉണ്ടായ രക്തപങ്കിലമായ അന്ത്യവും വെളിവാക്കുന്നത് ഈ അധികാരദായക്രമം തകർത്തതിന്റെ കേന്ദ്രപ്രാധാന്യമാണ്.

ടുണീഷ്യയിൽ തുടങ്ങിയ അഹിംസാസമരം അറബ് ലോകത്തു മാത്രമല്ല, അക്കൊല്ലം മാർച്ചിൽ വിസ്കോൺസിനിലേക്കും മേയിൽ മാഡ്രിഡിലേക്കും സെപ്റ്റംബറിൽ വോൾ സ്ട്രീറ്റിലേക്കും പടർന്നു ലോകമാകെ വ്യാപിക്കുകയായിരുന്നു.

ഇരുപതാം നൂറ്റാണ്ടിന്റെ ഒടുവിൽ കിഴക്കേയൂറോപ്പിൽ ഉണ്ടായ ഭരണമാറ്റങ്ങൾ ഞാൻ നേരത്തേ സൂചിപ്പിച്ചല്ലോ. പോളണ്ട്, ഹംഗറി, ജർമ്മനി, ചെക്കോസ്ലോവാക്യ, സോവ്യറ്റ് യൂണിയന്റെ തകർച്ചയ്ക്കുശേഷമുള്ള കമ്മ്യൂണിസ്റ്റനന്തര സെർബിയ, ജോർജ്ജിയ, യുക്രെയിൻ, ബാൾട്ടിക് രാജ്യങ്ങൾ ഒക്കെയുണ്ടു കൂട്ടത്തിൽ.

*മനോജ്:* അറബ് മുന്നേറ്റങ്ങൾക്കു പിന്നിലും ഈ പരിശീലനവും ആശയവിനിമയവും ഒക്കെ ഉണ്ടെന്നാണോ?


*മേ. കി.:* തീർച്ചയായും. അവിടെയുണ്ടായത് വിശാലമായ ജനാധിപത്യവത്ക്കരണത്തിന്റെ നാന്ദിയാണെന്നാണു ഞാൻ കരുതുന്നത്. അച്ഛനുശേഷം മകൻ എന്ന ഗോത്രരീതിയാണ് അവിടെ ചോദ്യംചെയ്യപ്പെട്ടത്. തഹ്രീർ ചത്വരത്തിലെ വിപ്ലവത്തിനുമുമ്പ് ഈജിപ്റ്റിൽ അതിവിപുലമായ പഠനവും തയ്യാറെടുപ്പുകളും നടക്കുന്നുണ്ടായിരുന്നു. പത്തുപതിനഞ്ചുകൊല്ലം മുമ്പുമുതലേ ശില്പശാലകൾ നടത്തിവരികയായിരുന്നു. വനിതാബ്ലോഗർമാർ അവിടെ നടക്കുന്ന മർദ്ദനങ്ങളും പീഡനങ്ങളും നിരീക്ഷിക്കുകയും പുറത്തുനിന്നുള്ള വാർത്തകൾ ജനങ്ങളുമായി പങ്കുവയ്ക്കുകയും ചെയ്യുന്നുണ്ടായിരുന്നു. ഒരു വനിതാബ്ലോഗർ

ആഗോളസമരമുഖത്തെ ഗാന്ധിമുഖം.








ആഗോളസമരമുഖത്തെ ഗാന്ധിമുഖം.

മാർട്ടിൻ ലൂഥറിനെപ്പറ്റിയുള്ള ചിത്രകഥ അറബിയിൽ പരിഭാഷപ്പെടുത്തുകയും കെയ്റോ മുഴവൻ വിതരണം ചെയ്യുകയും ചെയ്തു.

തൊഴിലാളിസംഘടനകളും വളരെ സജീവമായിരുന്നു. ചരിത്രകാരൻ ജോയൽ ബെയ്നിൻ (Joel Beinin) എഴുതിയിട്ടുള്ളത് 1998-നും 2010-നും ഇടയിൽ നടന്ന 3500 – 4000 പണിമുടക്കങ്ങളിലും സത്യഗ്രഹങ്ങളിലും പ്രകടനങ്ങളിലും 30 ലക്ഷം തൊഴിലാളികൾ പങ്കെടുത്തുവെന്നാണ്. ജനങ്ങളെ സമരങ്ങളിൽ അണിനിരത്താൻ കഴിയുന്നത് അത്ര ശക്തമായ ബോധവത്ക്കരണം നടത്തിയതുകൊണ്ടാണ്. ആണ്ടിൽ 600 സംഘടിതതൊഴിലാളിപ്രക്ഷോഭങ്ങൾവീതം 2007-ലും 08-ലും നടന്നിട്ടുണ്ട്. തഹ്രീർ ചത്വരത്തിൽ ജനം ഒഴുകിക്കൂടിയതിനു തൊട്ടുമുമ്പുള്ള കൊല്ലങ്ങളിൽ ഇവ നിത്യസംഭവങ്ങൾ ആയി.

സാധാരണജനങ്ങൾക്ക് എന്തെല്ലാം ചെയ്യാൻ കഴിയും എന്നതുസംബന്ധിച്ച ആശയങ്ങൾ മുപ്പതുകാരനായ വായേൽ ഗോനിം എന്ന ഗൂഗിൾ ഉദ്യോഗസ്ഥൻ ഫേസ്ബുക്ക് പേജും ഗൂഗിൾ സാങ്കേതികവിദ്യയും ഉപയോഗിച്ച് പങ്കുവച്ചു. 'ഏപ്രിൽ 6 യൂത്ത് മൂവ്മെന്റ്' എന്ന പേരിൽ 2008-ൽ ബൃഹത്തായ പണിമുടക്കത്തിനായി രൂപംകൊണ്ട സംഘടന, സെർബിയയിൽ മിലെസൊവിച്ചിന്റെ അധികാരം അവസാനിപ്പിക്കുന്നതിലേക്കു നയിച്ച 'ഓട്ട്പോർ' (Otpor!) പ്രസ്ഥാനത്തിന്റെ സമരരീതി പഠിക്കാൻ 2009-ൽ ഒരു പ്രതിനിധിയെ ബെൽഗ്രേഡിലേക്ക് അയയ്ക്കുകയുണ്ടായി. അയാൾ കെയ്റോയിൽ തിരിച്ചെത്തിയത് പഠനസാമഗ്രികളും സിനിമകളും അഹിംസാസമരങ്ങൾ സംബന്ധിച്ച മറ്റു പാഠങ്ങളും ശില്പശാലകൾക്കുള്ള സാമഗ്രികളും ഒക്കെയായാണ്.

## സമരപരിശീലനത്തിന്റെ വൈപുല്യം

*മനോജ്:* അഹിംസാസമരമാർഗ്ഗങ്ങളുടെ പ്രചാരണവും പരിശീലനവും അത്ര വിപുലമായ മേഖലയാണോ?

*മേ. കി.:* ഈ രംഗത്തെ പ്രമുഖനായ ജീൻ ഷാർപ് 1973-ൽ എഴുതിയ മൂന്നു വാല്യമുള്ള 'ദ് പൊളിറ്റിക്സ് ഓഫ് നോൺവയലന്റ് ആക്ഷൻ' എന്ന പുസ്തകം 40-ൽപ്പരം ഭാഷകളിലേക്കു വിവർത്തനം ചെയ്യപ്പെട്ടിരിക്കുന്നു! ഒരുഡസൻ പണ്ഡിതരുടെയെങ്കിലും രചനകൾ ഇത്തരത്തിൽ എടുത്തുപറയാനുണ്ട്. ഈ മേഖലയിൽ മികവുറ്റ 200 പണ്ഡിത ആക്റ്റിവിസ്റ്റുകളെങ്കിലും ഇന്നു സജീവമായി പ്രവർത്തിക്കുന്നു. ഇന്റർനാഷണൽ സെന്റർ ഫോർ നോൺവയലന്റ് കോൺഫ്ലിക്റ്റ് കുറഞ്ഞ കാലത്തിനിടെ 139 രാജ്യങ്ങളിലായി 400 സെമിനാറുകൾ സംഘടിപ്പിച്ചു. ഇവർ നിർമ്മിച്ച 'ബ്രിങ്ങിങ് ഡൗൺ എ ഡിക്റ്റേറ്റർ' പോലുള്ള മൂന്നു പ്രമുഖ സിനിമകൾ 20 ഭാഷകളിലേക്കു പകർത്തപ്പെടുകയും രണ്ടു കോടി ജനങ്ങൾക്കിടയിൽ പ്രദർശിപ്പിക്കുകയും ചെയ്തിട്ടുണ്ട്. സ്വാർത്ത്മോർ കോളെജിലെ വിപുലമായ വിരസഞ്ചയവും ജോർജ്ജ് ലെയ്ക്കീസ് ട്രെയിനിങ് ഫോർ ചെയ്ഞ്ജ് നടത്തുന്ന വിവരവിനിമയവും വിസ്മയകരമാണ്. ഇതെല്ലാം തുടരുകയാണ്. ഇവയ്ക്കു പുറമെയാണ് ലോകമാകെ നടക്കുന്ന എണ്ണമറ്റ സെമിനാറുകളും പരിശീലനങ്ങളും പുസ്തകപ്രചാരണവുമൊക്കെ.

നേരത്തേ സൂചിപ്പിച്ച സെർബിയയിലെ ഓട്ട്പോർ പ്രസ്ഥാനം അവരുടെ പ്രക്ഷോഭത്തിനുശേഷം അതിനു നേതൃത്വം നല്കിയ പ്രമുഖരെയും തെക്കേ യാഫ്രിക്ക, ഫിലിപ്പീൻസ്, ലെബനോൻ, ജോർജിയ, യുക്രെയിൻ എന്നിവിടങ്ങളിലെ പൗരപ്രതിരോധപ്രവർത്തകരെയും ഉൾപ്പെടുത്തി ആക്റ്റിവിസ്റ്റുകളുടെ ഒരു ശൃംഖല രൂപപ്പെടുത്തി ശക്തമായി പ്രവർത്തിച്ചുവരുന്നു. പിന്നെ, മതിയാവോളം വിവരങ്ങളും സാമഗ്രികളും ഇന്റർനെറ്റിലും ലഭ്യമാണ്.

ആർക്കെതിരെയാണു സമരം ചെയ്യുന്നത്, ആ സ്ഥാപനത്തിന്റെ സ്വഭാവവിശേഷങ്ങൾ, സമരത്തിൽ പങ്കെടുക്കേണ്ടവരുടെ സാമൂഹികവും സാമ്പത്തികവും രാഷ്ട്രീയവും ഒക്കെയായ പശ്ചാത്തലം, അതതു സമൂഹത്തിൽ നിലനില്ക്കുന്ന വിശ്വാസങ്ങൾ, ചിന്താഗതികൾ, മനോഭാവങ്ങൾ, അവരെയെല്ലാം സമരത്തിനു സജ്ജരാക്കാൻ ചെയ്യേണ്ട പ്രവർത്തനങ്ങൾ, എന്നുതുടങ്ങി

ആഗോളസമരമുഖത്തെ ഗാന്ധിമുഖം.






ഒരായിരം ഘടകങ്ങൾ പരിശോധിച്ചിട്ടാണ് ഇവരെല്ലാം സമരങ്ങൾ ആസൂത്രണം ചെയ്യുന്നത്. അല്ലാതെ മുമ്പൊരിക്കൽ ഏതോ ആവശ്യത്തിന് ഏതോ സംവിധാനത്തിനെതിരെ ഏതോവിഭാഗം ജനങ്ങൾ പ്രയോഗിച്ച സമരമുറകൾ അതേ ചിട്ടയിൽ പിന്തുടരുകയല്ല.

*മനോജ്:* എന്താണിതിന്റെ രസതന്ത്രം? ഭാവിസാദ്ധ്യതകൾ?

*മേ. കി.:* ഇന്ന് ഭൂരാഷ്ട്രതന്ത്രത്തെ വിശകലനം ചെയ്യാൻ, സ്വന്തം ഭാഗധേയം പിടിക്കാനോ തിരിച്ചുപിടിക്കാനോ ആഗ്രഹിക്കുന്ന ജനങ്ങൾക്കിടയിലെ വിജ്ഞാനവ്യാപനം കണക്കിലെടുക്കാതെ ആവില്ല.

അഴിമതി കാരണം മാലിന്യനിർമ്മാർജ്ജനം അവതാളത്തിലായ ലെബനനിലെ (2015 – 16) 'യൂ സ്റ്റിങ്ക്' റെവല്യൂഷൻ (You Stink Revolution), സാർവ്വത്രികവോട്ടവകാശത്തിനും മനുഷ്യാവകാശങ്ങൾക്കുമായി ഹോങ്കോങ്ങിൽ നടക്കുന്ന 'അംബർല പ്രസ്ഥാനം' എന്നുതുടങ്ങി ഇന്ന് എവിടെയും എണ്ണാവുന്നതിലേറെ അക്രമരഹിതപ്രസ്ഥാനങ്ങളും പ്രചാരണങ്ങളും നടന്നുകൊണ്ടിരിക്കുകയാണ്. എല്ലാറ്റിന്റെയും തൽസ്ഥിതി വിവരിക്കുക പ്രയാസമാണ്.

## വേണ്ടതു സമാധാനപാലനമല്ല, സ്ഥാപനം

*മനോജ്:* ഭരിക്കുന്നവരും ഭരിക്കപ്പെടുന്നവരും തമ്മിലല്ലാത്ത സംഘർഷങ്ങളും ഇന്നു ഗൗരവമുള്ള വിഷയമാണല്ലോ. 'സമാധാനത്തിനുവേണ്ടിയുള്ള യുദ്ധം' എന്ന ആശയത്തെ മേരി എങ്ങനെ കാണുന്നു? ആ ലേബലിൽ മനുഷ്യരെയും പൊതുസംവിധാനങ്ങളെയും നഗരങ്ങളെയും സംസ്കാരങ്ങളെയും മുച്ചൂടും നശിപ്പിക്കുന്നത് ഇന്ന് ആചാരമായിട്ടുണ്ട്. ശാന്തിസേനകൾ തങ്ങൾക്കു വാണിജ്യപരവും തന്ത്രപരവുമായ താത്പര്യങ്ങളുള്ള മേഖലകളിൽ പ്രച്ഛന്നവേഷരായ അധിനിവേശക്കാരായി മാറുന്നു. നശീകരണംതന്നെ പുനർനിർമ്മാണമെന്ന പേരിൽ നിർമ്മാണക്കമ്പനികൾക്കു ബിസിനസിനുള്ള മുന്നുപാധിയാണ്. ഈ 'സമാധാനമുൻകൈക'ളുടെ യഥാർത്ഥരാഷ്ട്രീയം എന്താണ്? എന്തുകൊണ്ട് ഐക്യരാഷ്ട്രസഭ ഇതിനെയൊക്കെ പിൻതാങ്ങാൻ നിർബ്ബന്ധിതരാകുന്നു?

*മേ. കി.:* മനോജ് ഒരുപാടു ചോദ്യങ്ങൾ ചോദിക്കുകയാണ്. നോക്കൂ, മനുഷ്യർക്കു മാത്രമേ യുദ്ധമുള്ളൂ. മറ്റു ജീവികൾ ഇരയ്ക്കോ ഇണയ്ക്കോ മേല്ക്കോയ്ക്കോ വേണ്ടി ഏറ്റുമുട്ടിയേക്കാം. പക്ഷെ, യുദ്ധം ചെയ്യാറില്ല.

യുദ്ധം ചെയ്യാൻ സമാധാനത്തിന്റെ പേരു പറയുന്നതു പുതിയകാര്യമല്ല. ഒരുപക്ഷേ, എല്ലാ യുദ്ധവും സമാധാനത്തിന്റെ പേരു പറഞ്ഞാണു നടത്തിയിട്ടുള്ളതെന്നുപോലും പറയാൻ ഞാൻ ധൈര്യപ്പെടും.

വ്യക്തിപരമായ അഭിപ്രായത്തിൽ ഐക്യരാഷ്ട്രസഭ കാലംപോകെ സമാധാനവും സംഘർഷവും സംബന്ധിച്ച പഠനത്തിന്റെ ഇരുപതാം നൂറ്റാണ്ടിലെ വളർച്ചയുമായി ബന്ധപ്പെട്ട താരതമ്യേന ലളിതമായ മേഖലകളിലേക്കു വലിച്ചിടപ്പെടുകയായിരുന്നു. സമാധാന-സംഘർഷപഠനം ഏറെ മുന്നോട്ടുപോയി. പക്ഷെ, യു.എന്നിന്റെ ഇടപെടൽ അനായാസം ലഭ്യമായതോ 'എന്തെങ്കിലും ചെയ്യണം' എന്ന ആഗ്രഹത്തെ ചുറ്റിപ്പറ്റിയുള്ളതോ ആയ



ഗാന്ധിപ്രതിമയ്ക്കു കീഴെ വൈക്കം സത്യാഗ്രഹപുസ്തകവുമായി മേരി എം. എ. ബേബിയോടൊപ്പം.

കാര്യങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നു. നേട്ടകോട്ടങ്ങളുടെ പഠനത്തെ ആധാരമാക്കിയല്ല നയപരമായ തീരുമാനങ്ങൾ എടുക്കുന്നത്. കുറവുകൾ ആഴത്തിൽ പരിഗണിക്കപ്പെടാറുമില്ല. സമാധാനപാലനത്തിനു (peace keeping) കാര്യമായ വിജ്ഞാനം ആവശ്യമില്ല. അതു വെറും ഇടപെടലും ഏറ്റവും സൗകര്യ

പ്രദമായതുമാണ്. അതിന്റെ പ്രത്യാഘാതമാണ് അത്തരം ഇടപെടലുകൾ മനുഷ്യന്റെ ഏറ്റവും മോശം ദൗർബ്ബല്യങ്ങളാൽ ദുരിതപൂർണ്ണമാകുന്നതു നാം കാണുന്നത്; വിശേഷിച്ചും, സമാധാനസേന കാര്യമായ വേതനം നല്കാത്തതും വേതനംതന്നെ ഇല്ലാത്തതുമായ രാജ്യങ്ങളിൽനിന്നു കൊണ്ടുവന്നവരാകുമ്പോൾ.

എന്നാൽ, സമാധാനം നിർമ്മിക്കൽ (peace building) കൂടുതൽ സങ്കീർണ്ണവും ഉയർന്ന വാഗ്ദാനം നല്കുന്നതുമാണ്. ഇത് മുൻ യു.എൻ. സെക്രട്ടറി ജനറൽ ബുട്രോസ് ബുട്രോസ് ഘാലിയുടെ കാഴ്ചപ്പാടിൽ 1978-ൽ നമീബിയയിൽ തുടക്കം കുറിച്ചതാണ്. ഇതു സമാധാനപാലനംപോലെ ക്വിക് ഫിക്സ് പരിപാടിയല്ല; വലിയ, ദീർഘകാല സാദ്ധ്യതയുള്ളതാണ്. ആഭ്യന്തരയുദ്ധം മുതൽ പ്രശ്നപരിഹാരം വരെ നീളുന്ന ഒരു പാലത്തോട് ഇതിനെ ഉപമിക്കാം. ഇതു കേൾക്കുമ്പോൾ നിങ്ങളുടെ വായനക്കാർ ചോദിക്കും സംഘർഷങ്ങൾ എന്നെങ്കിലും പരിഹരിക്കപ്പെടുന്നുണ്ടോ എന്ന്. അതു ശരിയുമാണ്. സംഘർഷങ്ങൾ പൊതുവിൽ ലഘൂകരിക്കപ്പെടുകയാണ്, മാനേജ് ചെയ്യപ്പെടുകയാണ്; പൂർണ്ണമായി പരിഹരിക്കപ്പെടുകയല്ല. എന്നാൽ, സംഘർഷങ്ങൾ എതെങ്കിലും തരത്തിൽ പരിഹരിക്കാനാകും എന്ന ആശയവാദപരമായ സങ്കല്പമാണു ഗാന്ധി പുലർത്തിയിരുന്നത്.

ദുരിതത്തിലായ ഒരു രാജ്യത്തിന് എന്തൊക്കെ ആവശ്യമുണ്ട് എന്നതാണു സമാധാനനിർമ്മാണത്തിനായി ചോദിക്കേണ്ടത്. വികസനസഹായം, മനുഷ്യാവകാശം, കാർഷികാശയങ്ങൾ, വ്യാപാരപിന്തുണ തുടങ്ങി ഒരു വലിയ പട്ടികയിൽ വരുന്ന കാര്യങ്ങളെല്ലാം ഉറപ്പാക്കി വൈവിദ്ധ്യമാർന്നതും സമഗ്രവും വിപുലവുമായ ഇടപെടലുകൾ നടത്തുകയും അതു സുസ്ഥിരമായി നിലനിർത്തുകയും വേണം. ഈ തിരിച്ചറിവിലാണ് സമാധാനത്തിനായുള്ള മനുഷ്യന്റെ അടങ്ങാത്ത അഭിനിവേശത്തിന്റെ സാക്ഷാത്ക്കാരം കുടികൊള്ളുന്നത്. ബാഹ്യമായ പരിഹാരങ്ങൾ അടിച്ചേല്പിക്കുന്നത് താത്ക്കാലികാശ്വാസമേ നല്കൂ. കക്ഷികൾ സ്വയം ആവിഷ്ക്കരിച്ചു നടപ്പാക്കുന്ന ദീർഘകാലപരിപാടികളാണു വേണ്ടത്. സംഘർഷങ്ങൾ വീണ്ടും ആഭ്യന്തരയുദ്ധങ്ങളിലേക്കു വഴുതിപ്പോകാതിരിക്കാൻ അക്രമരഹിതസമരമാർഗ്ഗങ്ങൾ ആ സമൂഹങ്ങളെ പഠിപ്പിക്കേണ്ടതും സുപ്രധാനമാണ്.

*മനോജ്:* ഈ നിലയിലേക്കുള്ള മാറ്റം, സമാധാനപൂർണ്ണമായ ലോകം ഇതൊക്കെ എത്രമാത്രം സാദ്ധ്യമാണ്?

*മേ. കി.:* വലിയയളവ്. ഏതായാലും രാഷ്ട്രീയ, സാമ്പത്തിക, സാമൂഹിക സംഘർഷങ്ങൾ എന്നെങ്കിലും ഇല്ലാതാകുമോ എന്നത് അങ്ങേയറ്റം സംശയമുള്ള കാര്യമാണ്. എന്നാൽ വൈരുദ്ധ്യങ്ങൾക്കിടയിൽ മനുഷ്യർ എങ്ങനെ പരസ്പരം ഇടപെടുന്നു എന്നതിൽ മാറ്റമുണ്ടാകാം. പക്ഷേ, ആ ഇടപെടൽ സാദ്ധ്യമാണ്. അതാണു ഭാവിയിലും അഹിംസാത്മക സംഘർഷലഘൂകരണത്തിന്റെ പ്രായോഗികതയ്ക്കുള്ള അടിസ്ഥാനസാദ്ധ്യത.

ഇക്കാര്യത്തിൽ മേരി പുലർത്തുന്ന ശുഭാപ്തിവിശ്വാസം കേവലം വിശ്വാസപരമല്ല,

അനുഭവങ്ങളുടെയും വിപുലമായ പഠനത്തിന്റെയും അടിസ്ഥാനത്തിലുള്ളതാണ്. വരുംകാലങ്ങൾ സാമൂഹികമാറ്റങ്ങൾക്കായുള്ള പൗരപ്രതിരോധപ്രസ്ഥാനങ്ങളുടേതായിരിക്കും എന്ന പ്രതീക്ഷാദായകമായ സൂചനയാണു മേരി നല്കുന്നത്. ഇവയ്ക്കു ശരിയായ രാഷ്ട്രീയദിശാബോധം ഉണ്ടായിരിക്കുക എന്നതു പ്രധാനമാണ്. അത്തരം കാഴ്ചപ്പാടുള്ള പ്രസ്ഥാനങ്ങൾ ഈ ശൃംഖലകളിൽ കണ്ണിചേർന്നു ശക്തമായ ഇടപെടൽ നടത്തേണ്ടതിന്റെ അനിവാര്യതയാണ് ഇത് ഓർമ്മിപ്പിക്കുന്നത്; ഒപ്പം ഈ അക്കാദമികമേഖലയോടു പുറംതിരിഞ്ഞു നില്ക്കുന്ന ഇൻഡ്യയിലെ പ്രസ്ഥാനങ്ങൾ ഈ ശൃംഖലയിൽനിന്നു സമരങ്ങളുടെ സംഘാടനശാസ്ത്രവും അതിലെ പുതിയ അറിവുകളും മുന്നേറ്റങ്ങളും പകർന്നെടുക്കേണ്ടതിന്റെ ആവശ്യകതയും. ഗാന്ധിസമരങ്ങളാണു നാളെയുടെ മാർഗ്ഗമെന്ന് ഉറക്കെ പറയുമ്പോൾത്തന്നെ, ഗാന്ധിജിയുടെ മനഃപരിവർത്തനസിദ്ധാന്തത്തിലെ അപ്രായോഗികതയെപ്പറ്റിയുള്ള പുതിയ ബോദ്ധ്യവും ഉണ്ടാകണം. ഇക്കാര്യം പഠനത്തിലൂടെ സ്ഥാപിക്കാൻ ഇത്രയേറെ അദ്ധ്വാനിച്ച ഇവരുടെ ആവശ്യബോധം ഈ വിഷയത്തിന് ആഗോളതലത്തിൽ കൈവന്നുകൊണ്ടിരിക്കുന്ന വലിയ പ്രാധാന്യത്തിന്റെ സാക്ഷ്യമായി നാം കാണണം. ആ പ്രാധാന്യം കാണാൻ അവർക്കു കഴിയുന്നതും നമ്മുടെ നാട്ടിലെ സാധാരണ സംഘർഷങ്ങളിൽപ്പോലും നാം ഗാന്ധിജിയുടെ സാദ്ധ്യത കാണാതെപോകുന്നതും ഗാന്ധിജിയെ അവർ പഠിച്ചതിന്റെയും നാം പഠിക്കാതിരിക്കുന്നതിന്റെയും പ്രശ്നം മാത്രമാണ്. പക്ഷെ, ആ പഠനം നാമെല്ലാം ആഗ്രഹിക്കുന്ന സാമൂഹികമാറ്റത്തിന് എത്ര അനിവാര്യമാണ് എന്നതാണു മേരി എലിസബെത്ത് കിങ് നമ്മെ ബോദ്ധ്യപ്പെടുത്തുന്നത്.

മൂലരൂപം പ്രസിദ്ധീകരിച്ചത്:

1. 'വൈക്കത്തുനിന്നു പുറപ്പെട്ട് ലോകമാകെ പടർന്ന അഹിംസ', മാതൃഭൂമി ആഴ്ചപ്പതിപ്പ്, 2015 ഒക്ടോബർ 11-17.
2. 'സമരം ചെയ്യാനും പഠിക്കേണ്ടതുണ്ട്', സ്ത്രീശബ്ദം മാസിക, 2015 നവംബർ.
3. 'അമേരിക്കയുടെ ശാന്തമുഖം', സമകാലികജനപഥം, 2015 ഒക്ടോബർ.

Please write to ⟨info@sayahna.org⟩to file bugs/problem reports, feature requests and to get involved.Sayahna Foundation • JWRA 34, Jagathy • Trivandrum 695014 • INDIA